Reg. No. C. 101, M. 2293 ഒററപ്രതിക്കു 2ണ.

ST. MARY'S C.G.H. SCHOOL
ERNAKULAM.

# സത്യദീപം

"ഞാൻ ലോകത്തിൻെറ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 25 | 1127 തുലാം 28—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു്—എറണാകുളം 1951 നവംബർ 14 | ലക്കം 13

# നമ്മുടെ ഗ്രന്ഥാലയപ്രവർത്തനം

## അവിടെയും ഒററതിരിക്കാൻ ശ്രമമോ?

(എം. പി. മാത്യു)


ഒരു ദിവസം ഞാൻ യാദൃച്ഛികമായി എൻെറ കുട്ടികളുടെ വായനമുറിയിലേക്കു് എന്തോ ആവശ്യത്തിനു കടന്നുചെന്നു. കുട്ടികളെല്ലാം സ്കൂളിൽ പോയിരിക്കയാണു്. മേശപ്പുറത്തു് അങ്ങിങ്ങായി അടുങ്ങിയും നിരന്നും കിടന്നിരുന്ന പുസ്തകങ്ങളും നോട്ടുബുക്കുകളും ഞാൻ ഓരോന്നായി എടുത്തുനോക്കി. ഒരു വലിയ നോട്ടുബുക്കിൻെറ അടിയിൽ ഒളിച്ചിരിക്കുന്നു, മനോഹരമായ പുറംചട്ടയിട്ട ഒരു പുസ്തകം. അതു ഞാൻ കൈയിലെടുത്തു നോക്കി. "........"നല്ലൊരു പേരു്, അഞ്ചാറു ഖണ്ഡകഥകളുടെ ഒരു സമാഹാരം. ഞങ്ങളുടെ നാട്ടിലെ പബ്ളിക്കു ലൈബ്രറിയുടെ മുദ്ര പലസ്ഥലത്തും കാണുന്നുണ്ടു്. ഞാൻ പുസ്തകം തുറന്നു് കഥകളുടെ തലക്കെട്ടുകൾ വായിച്ചു; പുറങ്ങൾ ഓരോന്നായി മറിച്ചുനോക്കി. ഒരിടത്തു വായിച്ചു നിർത്തിയ അടയാളമിരിക്കുന്നു. ആ കഥയുടെ പേരു് "........ൾ." കുറേയങ്ങു വായിച്ചു; അപ്പപ്പോ! ഖണ്ഡകഥ വായിക്കണമെങ്കിൽ അതുതന്നെവായിക്കണം. ആറാം ഫാറത്തിൽ പഠിക്കുന്ന മേരിക്കുട്ടി വായിച്ചു നിർത്തിയിരിക്കയാണു്.

ഇനി മററുള്ളവരുടെ പുസ്തകങ്ങൾക്കിടയിലും ഇമ്മാതിരി വല്ലതും കാണുമോ എന്നൊരു സംശയം. ഒന്നു നോക്കിക്കളയാമെന്നുവച്ചു. ലില്ലിക്കുട്ടിയുടെ പാഠ്യപുസ്തകങ്ങളുടെ ഇടയിലുമുണ്ടൊന്നു്. അതും ഒരു വിഹഗവീക്ഷണം നടത്തി. ആദ്യത്തേതിനേയും വെല്ലുന്ന ഒരു കഥാമഞ്ജരി. അയ്യോ, ലോകം എത്ര പുരോഗമിച്ചുപോയി!

ഔസേപ്പച്ചൻെറ പുസ്തകക്കൂട്ടവുമൊന്നു മറിച്ചുനോക്കി. ഒരു ഗദ്യകവിതയാണവിടെ. ഗദ്യകവിതകളോടു് എനിക്കു പണ്ടേ ഒരു ഭ്രമമാണു്. ഒന്നാറച്ചിരുന്നു വായനതുടങ്ങി. എന്തൊരു കവിതയപ്പാ! തന്തയോ തള്ളയോ, ഭാര്യയോ മക്കളോ ഉള്ള ഒരു മനുഷ്യനാണോ അതെഴുതിയതെന്നു ഞാൻ ശങ്കിച്ചുപോയി.

അങ്ങനെ ഓരോന്നു ചിന്തിച്ചു ഞാൻ അവിടെത്തന്നെ ഇരിക്കെ, കുട്ടികൾ ഉച്ചഭക്ഷണത്തിനായി സ്കൂളിൽനിന്നുവന്നു. തിടുക്കത്തിൽ എല്ലാവരും മുറിയിലേക്കു കയറിക്കഴിഞ്ഞപ്പോഴാണു് ഞാൻ പുസ്തകവും നോക്കി അവിടെയിരിക്കുന്ന കഥ അവർ മനസ്സിലാക്കുക. എല്ലാവരും ഒന്നന്ധാളിച്ചു. ഞാൻ ഒന്നും മിണ്ടിയില്ല. അവരും ഒന്നും മിണ്ടാതെ ആവശ്യപ്പെട്ട പുസ്തകങ്ങളും നോട്ടുബുക്കുകളും മററും തിരഞ്ഞെടുത്തുകൊണ്ടു് ഉണ്ണാൻപോയി.

ഈ പു. സാ. കാരന്മാരുടെ കൈയിലകപ്പെട്ടിരിക്കുന്ന എൻെറ കുഞ്ഞുങ്ങളുടെ, അവരെപ്പോലുള്ള അനേകംകുഞ്ഞുങ്ങളുടെ, ഭാവിയെക്കുറിച്ചുള്ള ചിന്ത എൻെറ ഹൃദയത്തിൽ അങ്ങനെ ഉളുകിമറിഞ്ഞു. ഉണ്ണാൻ നേരംകഴിഞ്ഞിട്ടു തേടിത്തേടിവന്നു്, ഭാര്യ വിളിക്കുമ്പോഴാണു് ഞാൻ ആ ചിന്തയിൽനിന്നുണരുക.



കോടിക്കുളംപള്ളിയിൽ 1951 ഒക്ടോ. 16, 17, 18 നു- കളിൽ മെത്രാപ്പോലീത്താ തിരുമേനിയുടെ ജൂബിലിപ്രമാണിച്ചു പ്രത്യേകം നടത്തപ്പെട്ട നാല്പതുമണിയാരാധനയ്ക്കുവേണ്ടി തയ്യാർചെയ്ത നയനാഭിരാമമായ പൂപ്പന്തലിൻെറ ഫ്റണ്ടു്വ്യൂ.

അന്നു സായാഹ്നസവാരിക്കിറങ്ങിയപ്പോൾ ഞാൻ പബ്ളിക്കു ലൈബ്രറിയിൽ ഒന്നുകയറി. സാധാരണ ആ വഴിക്കെങ്ങും കടക്കാറില്ലാത്ത ഞാൻ അന്നു് അവിടെക്കയറിയതു് പലക്കും ഒരു വിസ്മയകാരണമായിത്തീർന്നു. കാര്യദർശി വളരെ ഉപചാരത്തോടെ സ്വാഗതമരുളി. വലിക്കാൻ ഒരു സിഗററുപോലും അയാൾ വച്ചുനീട്ടി—"സാർ പിന്നെ പതിവില്ലാത്തമാതിരി ഇതിലേ കയറിയതു്? വഴിതെററിപ്പോയിരിക്കും!"

"അങ്ങനെയൊന്നുമില്ല."

"നിങ്ങളൊക്കെ ഇങ്ങോട്ടൊന്നു കടാക്ഷിക്കാൻ ഞങ്ങളൊക്കെ എന്തു കാത്തിരിക്കുന്നു."

"കുട്ടികളൊക്കെ പതിവായി വരികയും പുസ്തകങ്ങളെടുക്കയുമൊക്കെ ചെയ്യാറുണ്ടല്ലോ."

"അതുണ്ടു്. പക്ഷേ, സാറിനെപ്പോലുള്ളവരുടെ പ്രോത്സാഹനവും അഭിപ്രായവുമൊക്കെയല്ലേ ഇങ്ങനെയുള്ള സ്ഥാപനങ്ങളുടെ ജീവൻ. ഇവിടെ പുസ്തകങ്ങളും മററും ആവശ്യംപോലെയൊന്നുമായിട്ടില്ല. ഇതാണു് ഇപ്പോഴുള്ളവയുടെ പട്ടിക"—അയാൾ പുസ്തകങ്ങളുടെ ലിസ്റ്റു് എൻെറ മുമ്പിലേക്കു വച്ചു.

ഞാൻ അതിലൂടെ സാവധാനം കണ്ണോടിച്ചു. പുസ്തകങ്ങളുടെ പേരു്, അവയുടെ കർത്താക്കളുടെ പേരു് ഒക്കെയൊന്നു വായിച്ചുനോക്കി. അവിടത്തെ ഗ്രന്ഥശേഖരവും ആകെപ്പാടെ ഒന്നു പരിശോധിച്ചു. നമ്മുടെ ഗ്രന്ഥാലയപ്രസ്ഥാനത്തെക്കുറിച്ചു കുറച്ചൊന്നു ചിന്തിക്കുവാൻ അന്നത്തെ അനുഭവം എന്നെ പ്രേരിപ്പിച്ചു.

ഗ്രന്ഥാലയങ്ങളുടേയും വായനശാലകളുടേയും ആവശ്യകതയേയൊ, പ്രയോജനത്തേയൊ ചോദ്യംചെയ്യുന്നില്ല ഞാൻ. അവ ഇന്നു് സർവ്വവിദിതമായിത്തീർന്നിട്ടുണ്ടു്. സാമാന്യവിദ്യാഭ്യാസത്തിൻെറ ന്യൂനതകൾ പരിഹരിച്ചു് വിജ്ഞാനം വളർത്തിക്കൊണ്ടുപോവുകമാത്രമല്ല, വിശേഷവിദ്യാഭ്യാസത്തിനുതന്നെയും ഒരു പൂരണമായി നിലകൊള്ളുകകൂടെ ചെയ്യേണ്ടതാണു് ഗ്രന്ഥാലയങ്ങളും വായനശാലകളും. എല്ലാതലമുറകളിലെയും ചിന്തകന്മാരുടെ ആശയങ്ങളും ആദർശങ്ങളും സാധാരണന്മാർക്കു വിതരണം ചെയ്യേണ്ടതവയാണു്; സംസ്കാരവും മാനസോല്ലാസവും പ്രദാനംചെയ്യേണ്ടതും അവയാണു്; ശാസ്ത്രജ്ഞാനവും കലാപരിചയവും നൽകേണ്ടതവയാണു്; ഭാഷാപോഷണവും സാഹിത്യസേവനവും നിർവ്വഹിക്കേണ്ടതും അവതന്നെയാണു്. വിദ്യാലയങ്ങൾക്കും കലാലയങ്ങൾക്കും അതൊക്കെ ആരംഭിച്ചുവയ്ക്കുവാൻ മാത്രമേ കഴിയുന്നുള്ളു.

പക്ഷേ, ഇന്നത്തെ നമ്മുടെ തിരു-കൊച്ചിയിലെ ഗ്രന്ഥാലയങ്ങൾ ഇതൊക്കെ എങ്ങനെ സാധിക്കുന്നുവെന്നാണു് എൻെറ ശങ്ക. ഒന്നും ഒട്ടും സാധിക്കുന്നില്ലെന്നു തീർത്തുപറയുവാൻ എനിക്കുധൈര്യംപോരാ. എന്നാൽ, അവയൊരിക്കലും നിർവ്വഹിക്കേണ്ടതില്ലാത്ത ഒരു കൃത്യം, നിർവ്വഹിച്ചുകൂടാത്ത ഒരു കൃത്യം, അവയുടെ പ്രഖ്യാപിതലക്ഷ്യങ്ങൾക്കു കടകവിരുദ്ധമായ ഒരു കൃത്യം, അവ നിർവ്വഹിച്ചുകൊണ്ടിരിക്കുന്നുണ്ടു്: അനുവാചകലോകത്തെ അധഃപതിപ്പിക്കൽ.

ഇന്നു നമ്മുടെ അംഗീകൃതഗ്രന്ഥാലയങ്ങൾ എല്ലാംതന്നെ പു. സാഹിത്യത്തിൻെറ കേളീരംഗമായിത്തീർന്നിരിക്കുന്നു. പു. സാഹിത്യമെന്നു കേട്ടാൽ തലവേദനയുണ്ടാവുന്ന കൂട്ടത്തിലല്ല ഞാൻ. പക്ഷേ, ഇന്നു നമ്മുടെ ഗ്രന്ഥാലയങ്ങളിൽ വിളയാടുന്ന പു. സാ. ഗ്രന്ഥങ്ങളെല്ലാംതന്നെ കമ്മ്യൂണിസ്റ്റാദർശങ്ങളുടെ അരുമസന്താനങ്ങളാണു്. അതിരുകടന്ന വിപ്ലവാസക്തിയും അക്രമപ്രസക്തിയും അശ്ലീലത്വവുമാണു് അവയിൽ നടമാടുന്നതു്. അവ നിയമേന വായിക്കുന്നവർ മാനസികമായി മാത്രമല്ല, കായികമായിക്കൂടെയും അധഃപതിച്ചുപോകുന്നു.

ഒരുവശത്തു നിയമവും പോലീസ്ശക്തിയുമുപയോഗിച്ചു് കമ്മ്യൂണിസത്തെ അമർത്തുവാൻ നമ്മുടെ ഗവമ്മെൻറു് വെമ്പൽകൊള്ളുന്നു. അക്രമത്തേയും മ്ലേച്ഛതയേയും ഉച്ചാടനംചെയ്യുവാൻ ലക്ഷക്കണക്കിനു പണം ചെലവുചെയ്യുന്നു. എന്നാൽ, മറുവശത്തു് അവയെല്ലാം നട്ടുവളർത്തുവാൻ ധനസഹായം നല്കുകയും. കമ്മ്യൂണിസത്തിൻെറ തത്ത്വസംഹിതയെ ഗവമ്മെൻറു താലോലിക്കുന്നുവെന്നും ആ തത്ത്വങ്ങൾക്കുവേണ്ടി നിലകൊള്ളുന്ന ചിലരെ, അവരുടെ ചില ചെയ്തികൾ, ഗവമ്മെൻറിനു തലവേദനയുളവാക്കുന്നുവെന്ന കാരണത്താൽ വെറുക്കുന്നുവെന്നും മാത്രമേ ഇതിനർത്ഥമുള്ളുവെന്നാണു് എനിക്കു തോന്നുന്നതു്.

ഗ്രന്ഥാലയപ്രസ്ഥാനത്തെ പ്രോത്സാഹിപ്പിക്കുവാൻവേണ്ടി അവയ്ക്കു ധനസഹായം നൽകാമെന്നു തീരുമാനിച്ചതോടെ അവയുടെ പ്രവർത്തനത്തിൽ ഗവമ്മെൻറു് ഇടപെട്ടുതുടങ്ങി. അംഗീകരണത്തിനും സഹായലബ്ധിക്കും വേണ്ട വ്യവസ്ഥകൾ നിർണ്ണയിച്ചു; ആ വ്യവസ്ഥകളുടെ പാലനത്തിൽ ശ്രദ്ധചെലുത്തുവാൻ ചില ഉദ്യോഗസ്ഥന്മാരെയൊക്കെ നിയമിച്ചു. പക്ഷേ, ആ ഉദ്യോഗങ്ങളിൽ കയറിപ്പററിയവരിൽ ഒരു നല്ല പങ്കു് കമ്മ്യൂണിസ്റ്റപ്രേമികളായ പു. സാ. ക്കാരോ, അവരുടെ കിങ്കരന്മാരോ ആയിപ്പോയി. അവരിൽ പലർക്കും ശരിയായ വിദ്യാഭ്യാസംപോലുമില്ല. ഇന്നു് അവരുടെ നിർദ്ദേശങ്ങളും റിപ്പോർട്ടുകളുമാണു് ഗ്രന്ഥാലയങ്ങളുടെ അംഗീകരണാദികളിൽ ഗവമ്മെൻറിനു മാർഗ്ഗനിർദ്ദേശം ചെയ്യുന്നതു്. അവരാകട്ടെ തങ്ങളുടെ വാത്സല്യഭാജനങ്ങൾക്കു് നിർഭയവിഹാരത്തിനു കളമൊരുക്കുന്നതിൽ വ്യാപൃതരായിരിക്കയുമാണു്. അതിൻെറ ഫലം: ഗവമ്മെൻറിൻെറ പണംമുടക്കിക്കൊണ്ടു്, ഗവമ്മെൻററിയാതെയെന്നവണ്ണം, ഗവമ്മെൻറുനയത്തെ പരാജയപ്പെടുത്തുകയും.

ഇന്നത്തെ നമ്മുടെ അംഗീകൃതഗ്രന്ഥാലയങ്ങളിലേതും പരിശോധിച്ചാൽ ഈ വസ്തുത സ്പഷ്ടമാകുന്നതാണു്. ചിഞ്ഞുനാറുന്ന ചില പു. സാ. ഗ്രന്ഥങ്ങളില്ലാത്ത ഗ്രന്ഥാലയങ്ങൾക്കു് അംഗീകരണം ലഭിക്കയില്ലെന്നു വന്നിരിക്കുന്നു. അംഗീകരണം നേടിയിരുന്ന പല ഗ്രന്ഥാലയങ്ങൾക്കും ഈ ഒററക്കാരണത്തിൻപേരിൽ അതു നഷ്ടപ്പെട്ടിരിക്കുന്നു. അംഗീകരണം പോയാലും ആദർശം ബലികഴിക്കയില്ലെന്നു നിഷ്ഠയുള്ളവയെ ശ്വാസംമുട്ടിക്കുവാൻ അവയുടെ പടിക്കൽത്തന്നെ പു. സാ. ഗ്രന്ഥാലയങ്ങൾ പബ്ലിക്കു് ലൈബ്രറികൾ എന്ന പേരിൽ സ്ഥാപിക്കുന്നതിനു് ഗ്രന്ഥാലയസംയോജകന്മാർ വെമ്പൽകൊള്ളുന്നു.

ഇവിടെയാണു് ഇക്കാര്യത്തിലും ക്രിസ്ത്യാനികളെ ഒററപ്പെടുത്തുന്നതിനുള്ള ശ്രമം കാണുന്നതു്. ക്രിസ്ത്യാനികൾ കമ്മ്യൂണിസത്തിൻെറ ബദ്ധശത്രുക്കളാണു്. അതിനെ താലോലിക്കുന്നഗ്രന്ഥങ്ങൾ അവർക്കു നിഷിദ്ധമാണു്. അതുപോലെതന്നെ അശ്ലീലഗ്രന്ഥങ്ങളുടെ കഥയും. ഈ സൗകര്യമുപയോഗിച്ചു് അവരെ ഗ്രന്ഥാലയപ്രവർത്തനത്തിൽനിന്നു പുറംതള്ളുകയാണു് ഇന്നത്തെ നയം. നിഷിദ്ധഗ്രന്ഥങ്ങൾ ശേഖരിക്കാത്തതിനാൽ അവരുടെ ഗ്രന്ഥാലയങ്ങൾക്കു് അംഗീകരണവും ധനസഹായവും ലഭിക്കാതെ പോകുന്നു. അംഗീകരണമുള്ളവയുടെ അംഗങ്ങളാകുവാൻ അവരുടെ ആദർശനിഷ്ഠ അവരെ അനുവദിക്കാതെവരുന്നു. ആദർശമനുസരിച്ചു നടത്തുന്നവയെ ഞെക്കിക്കൊല്ലാൻ ശ്രമം നടക്കുകയുംചെയ്യുന്നു. അങ്ങനെ ഗ്രന്ഥാലയങ്ങളും അവയുടെ ഭരണവുമെല്ലാം കമ്മ്യൂണിസ്റ്റുകിങ്കരന്മാരുടെ കുത്തകയാകണം; അവരുടെ ആശയങ്ങൾ പ്രചരിക്കണം; പ്രതിപക്ഷിയരെ പുറംതള്ളുകയും വേണം.

വിദ്യാഭ്യാസവിഷയത്തിലെന്നതുപോലെ ഇവിടേയും ക്രിസ്ത്യാനികളുടെ ആദർശനിഷ്ഠ അവരുടെ മാർഗ്ഗത്തിൽ ഒരു വിലങ്ങുതടിയായിത്തീർന്നിരിക്കുന്നു. ഇതു് വൃഥാ കണ്ണുമടച്ചതു് ഒഴിഞ്ഞുമാറിപ്പോകുന്ന ഉള്ളവെന്നു് ആരെങ്കിലും കരുതുന്നുണ്ടോ? അവരുടെ ആദർശനിഷ്ഠ ഗവമ്മെൻറിനു മനസ്സിലാകുന്നില്ലെങ്കിൽ, അവരുടെ അവകാശമെങ്കിലും ഗവമ്മെൻറു വകവച്ചുകൊടുക്കയില്ലേ? ഗ്രന്ഥാലയങ്ങളുടെ സ്ഥാപനം, ഭരണം ഉപയോഗം, സഹായലബ്ധി ഇവയ്ക്കൊന്നിനും അവർക്കു് അർഹതയും അവകാശവുമില്ലേ? ഗ്രന്ഥാലയപ്രവർത്തനനിയമങ്ങൾ അവർക്കു് അഹിതമോ, ആപത്തോ വരുത്തിവയ്ക്കാതെ നോക്കാൻ ആർക്കു ഒരു ചുമതലയുമില്ലേ?

കമ്മ്യൂണിസ്റ്റുകളെ തച്ചുകൊന്നു് കമ്മ്യൂണിസവും അതിൽനിന്നു പൊട്ടിപ്പുറപ്പെടുന്ന അക്രമവും അശ്ലീലതയും പ്രതിരോധിക്കാമെന്നു ഗവമ്മെൻറു വ്യാമോഹിക്കുന്നുണ്ടോ? ഗ്രാൻറു നല്കി പ്രോത്സാഹിപ്പിച്ചു് കുറേ കൊലപാതകികളേയും വ്യഭിചാരികളേയും മോഷണവിദഗ്ദ്ധന്മാരേയും, അട്ടിമറിപ്പന്മാരേയും പരിശീലിപ്പിച്ചുയക്കേണ്ട കാര്യമുണ്ടെന്നു് ആരെങ്കിലും ധരിച്ചുവച്ചിട്ടുണ്ടോ? വിഷം വാങ്ങിക്കുടിച്ചിട്ടു് ചികിത്സിക്കാൻ ഡോക്ടരെ അന്വേഷിക്കുന്നതിനോടൊത്ത മൗഢ്യമല്ല, മനോനിയന്ത്രണവും ആത്മദമനവും അഭ്യസിച്ചിട്ടില്ലാത്ത ബാലികാബാലന്മാരുടെ ആരോഗ്യത്തെ അശ്ലീലഗ്രന്ഥങ്ങൾകൊണ്ടു നശിപ്പിച്ചിട്ടു്, ഫുട്ബോളും പാൽപ്പൊടിയുംകൊണ്ടു് അതു സംരക്ഷിക്കാൻ മുതിരുക; അവരുടെ സദാചാരബോധം തകർത്തുകളഞ്ഞിട്ടു്, പോലീസും ലാത്തിയുംകൊണ്ടു് അവർക്കു പൗരബോധം വളർത്തുവാൻ ശ്രമിക്കുക. പുകവലിയുടെ ആരോഗ്യധ്വംസനത്തെക്കുറിച്ചു ദീർഘദീർഘം ഉപന്യസിച്ചു കേട്ടിട്ടുണ്ടു്; വർഗ്ഗീയബുദ്ധിയുടെ കിരാതതാണ്ഡവത്തെക്കുറിച്ചു് വികാരഭരിതമായി പ്രസംഗിച്ചു കേട്ടിട്ടുണ്ടു്. അശ്ലീലഗ്രന്ഥങ്ങളുടെ ആരോഗ്യനശീകരണശക്തിയെക്കുറിച്ചു് ആരും പ്രസംഗിച്ചു കേൾക്കാറില്ല; വിപ്ലവാസക്തിയുടെ അസന്മാർഗ്ഗികതയെ ആരും അപലപിച്ചുകാണാറില്ല.

പൗരജനങ്ങളുടെ നികുതിയിൽനിന്നു ഗ്രന്ഥാലയങ്ങൾക്കു ധനസഹായംചെയ്യുന്ന ഗവമ്മെൻറിനു് ഈ വിഷയത്തിൽ ഒരു കർത്തവ്യവുമില്ലേ? കമ്മ്യൂണിസ്റ്റു് ഗ്രന്ഥങ്ങളേയും അശ്ലീലഗ്രന്ഥങ്ങളേയും തടയുവാൻ ഗവമ്മെൻറിനു കഴിയുന്നില്ലെങ്കിൽ, അവയെ പ്രോത്സാഹിപ്പിക്കാതിരിക്കയെങ്കിലും ചെയ്യുവാൻ പാടില്ലേ? ഗ്രന്ഥാലയങ്ങളിൽ അവ ശേഖരിക്കുവാൻ നിർബന്ധിക്കാതിരിക്കാൻ പാടില്ലേ? അതിൽ യാതൊരു സ്വാതന്ത്ര്യഭഞ്ജനവും ആക്കും ആരോപിക്കുവാൻ വഴിയില്ലല്ലൊ. അവയുണ്ടായിരിക്കണമെന്നു നിർബന്ധിക്കുന്നതല്ലേ സ്വാതന്ത്ര്യഭഞ്ജനം? എൻെറ കുട്ടികൾ വായിക്കുന്നതായി കണ്ട "...ള്", "...മാരോട്" മുതലായ കഥകളിൽനിന്നു് എന്തു വിജ്ഞാനം, എന്തു സംസ്കാരം, എന്തു കലാഭിരുചി, എന്തു ഭാഷാപാണ്ഡിത്യം ആക്കു് ലഭിക്കുവാൻപോകുന്നുവെന്നു ഞാൻ സവിനയം ചോദിച്ചുകൊള്ളട്ടെ. മൃഗീയമായ പ്രതികാരബുദ്ധിയുടെ നഗ്നമായ പ്രകടനംഎന്നതിൽക്കവിഞ്ഞൊന്നും അവയുടെ രചയിതാക്കൾതന്നെ അവകൊണ്ടുദ്ദേശിച്ചിരുന്നതായി തോന്നുന്നില്ല. അങ്ങനെയെങ്കിൽ അവയുടെ മുമ്പിൽ രണ്ടുനേരവും വിളക്കുംവച്ചു് കൈയുംകൂപ്പി നില്ക്കുന്നവരെക്കുറിച്ചു് എന്തു പറയട്ടെ!

ഗ്രന്ഥാലയങ്ങളിൽ ഏതു ഗ്രന്ഥവുമുണ്ടായിരിക്കണം; വേണ്ടവർ വായിച്ചുകൊള്ളട്ടെ, വേണ്ടാത്തവർ വായിക്കേണ്ടാ—എന്നൊരു വാദഗതിയുണ്ടായേക്കാം. ഈ വാദമുൾക്കൊള്ളുന്ന ദുസ്സൂചനകളെല്ലാം കിടക്കട്ടെ, ഒന്നുമാത്രം ചിന്തിക്കാം: ബഹുജനപ്രസ്ഥാനങ്ങളിലെല്ലാം ബഹുജനാഭിരുചിയാണാദരിക്കപ്പെടേണ്ടതു്. ബഹുജനങ്ങളിൽ ആക്കും പ്രയോജകീഭവിക്കേണ്ട പബ്ലിക്കു ലൈബ്രറികളിൽ എല്ലാവർക്കും പ്രയോജകീഭവിക്കാവുന്ന ഗ്രന്ഥങ്ങളാണുണ്ടായിരിക്കേണ്ടതു്. ചിലർക്കു മാത്രം രുചിക്കുന്നവയല്ലാ: അവയിൽ ആക്കും അരോചകമായ, അപകടകരമായ യാതൊരു ഗ്രന്ഥവുമുണ്ടായിരിക്കാൻ പാടില്ല, ഉണ്ടായിരുന്നാൽ, അവ പബ്ലിക്കു ലൈബ്രറിയെന്ന സംജ്ഞ അർഹിക്കുന്നില്ല. ഓരോരുത്തനും അഭിലഷിക്കുന്നതെല്ലാം അതിലുണ്ടായിരിക്കണമെന്നല്ല വാദം; പ്രത്യുത, ഒരുവനും അരോചകമായതൊന്നും ഉണ്ടായിരിക്കരുതെന്നാണു്; എല്ലാവർക്കും സ്വീകാര്യമായവ മാത്രമേ ഉണ്ടായിരിക്കാവൂ എന്നാണു്; അല്ലാത്തവയ്ക്കായി നിർബന്ധിക്കയെങ്കിലുമരുതെന്നാണു്. സ്വകാര്യാഭിരുചികൾക്കു സ്വകാര്യപദ്ധതികളിലൂടെയാണല്ലൊ തൃപ്തി നേടേണ്ടതു്. ചില പ്രത്യേകഗ്രന്ഥങ്ങളോടു വല്ലവർക്കും പ്രത്യേക പ്രതിപത്തിയുണ്ടെങ്കിൽ അക്കാര്യം അവർതന്നെ നോക്കേണ്ടതാണല്ലൊ.

ഞാൻ നിരുപദ്രവങ്ങളെന്നു് അപലപിക്കുന്ന ഗ്രന്ഥങ്ങൾ വൃഥാ നിരുപദ്രവങ്ങൾ മാത്രമാണോ? അവ അപരിഹാര്യമായ — സർവ്വതോമുഖമായ — വിപത്തുകൾ വരുത്തിവയ്ക്കുന്നില്ലേ? "......ള്", "...മാരോട്" ഈ ഖണ്ഡകഥകൾ വായിക്കുന്ന പതിനാറോ, പതിനെട്ടോ വയസ്സായ ഒരു കുട്ടിക്കു്—ആണാവട്ടെ, പെണ്ണാവട്ടെ—അനുഭവപ്പെടുന്ന മാനസികവികാരങ്ങൾ, nervous shock നു നിസ്സാരമാണെന്നു വാദിക്കുവാ[illegible]ടയിൽ ജീവിക്കുന്നവർക്കല്ലാതെ കഴിയുമോ?

ഇനി, ഈ സദാചാരബോധവും സന്മാർഗ്ഗനിഷ്ഠയുമൊക്കെ വല്ലവരുടേയും കുത്തകയാണോ? അതൊന്നും കൂടാതെ അങ്ങനെയങ്ങു വളർന്നുകൊള്ളുവാൻ വല്ലവർക്കും ലൈസൻസു് കിട്ടിയിട്ടുണ്ടോ?— ഏതെങ്കിലും മൗലികാവകാശമോ, സംവൃതാവകാശമോ ആർക്കെങ്കിലുമുണ്ടോ? എല്ലാവർക്കും വേണ്ടതാണെങ്കിൽ പിന്നെന്തിനു് അതൊക്കെ നമ്മുടെ ഗ്രന്ഥാലയങ്ങളിൽ ബലികഴിക്കണം? വല്ലവർക്കും ആ വിഷയങ്ങളിൽ വലിയ നിഷ്ഠയൊന്നുമില്ലെന്നും അതിൻെറ ഫലം അനുഭവിക്കുവാൻ അവർ തയ്യാറാണെന്നും കരുതി, ഉള്ളവരെ അതു വെടിയുവാൻ നിർബന്ധിക്കണമെന്നുണ്ടോ? ആ നിഷ്ഠയുടെ പേരിൽ അവരുടെ അവകാശങ്ങൾ നിഷേധിക്കപ്പെടേണ്ടതുണ്ടോ? നിഷ്ഠാരഹിതരുടെ വിളയാട്ടത്തിനു് അവർ പണമുണ്ടാക്കിക്കൊടുക്കേണ്ടതുണ്ടോ?

ക്രിസ്ത്യാനികൾ, വിശിഷ്യ, കത്തോലിക്കർ സർവ്വത്ര "പിന്തിരിപ്പന്മാരാ"ണെന്നും ഇക്കാര്യത്തിലും അവരുടെ നില ഒട്ടും വ്യത്യസ്തമല്ലെന്നും ചിലർക്കു തോന്നിയേക്കാം. സത്യത്തിനും സഭ്യതയ്ക്കും വേണ്ടി നിലകൊള്ളുന്നതു പിന്തിരിപ്പാണെങ്കിൽ അവർ ആ പേർ സ്വീകരിക്കുകയേ നിവൃത്തിയുള്ളൂ. അവരുടെ ഈ ആദർശനിഷ്ഠയെ ആദരിക്കേണ്ട ചുമതല ഗ്രന്ഥാലയപ്രവർത്തകർക്കുണ്ടോ, എന്നാണു് ഇവിടെ പരിഗണിക്കേണ്ടതു്.

കമ്മ്യൂണിസത്തിൻെറ നേർക്കോ, അശ്ലീലതയുടെനേർക്കോ കത്തോലിക്കർക്കുള്ള "വിരുദ്ധബുദ്ധി"യുടെ യുക്തിയുക്തത സമർത്ഥിക്കുവാൻ ഞാൻ ഇത്തരുണത്തിൽ ഉദ്യമിക്കുന്നില്ല. എന്നാൽ, അവരെ ധർമ്മസങ്കടത്തിലാക്കരുതേ, പ്രതിഷേധത്തിനും അവകാശവാദത്തിനും ആഹ്വാനംചെയ്യരുതേ എന്നു് വേണ്ടപ്പെട്ടവരോടു് അഭ്യർത്ഥിക്കുവാൻ ഈ അവസരം വിനിയോഗിച്ചുകൊള്ളട്ടെ; അവരുടെ നില തികച്ചും യുക്തിയുക്തമെന്നു് അവർക്കു് ഉത്തമബോധ്യമുണ്ടെന്നു് ഉറപ്പുപറഞ്ഞുകൊള്ളട്ടെ; വിശിഷ്യ, അടുത്തകാലത്തു് അവർക്കു് മതപരമാദ്ധ്യക്ഷനിൽനിന്നും ലഭിച്ചിട്ടുള്ള ഖണ്ഡിതശാസനങ്ങൾക്കുശേഷം യാതൊരു വിട്ടുവീഴ്ചയ്ക്കും അവസരമില്ലെന്നു് അവരേയും മററുള്ളവരേയും അനുസ്മരിപ്പിച്ചുകൊള്ളട്ടെ. പുരോഗമനക്കാർ എവിടെവരേയും കൊണ്ടുപോകുമെന്നു് അനുഭവിച്ചറിഞ്ഞതിൻെറശേഷമാണു് അവർ "പിന്തിരിക്കു"വാൻ തുടങ്ങിയതെന്നു് വിനയപൂർവ്വം ഒന്നു് ഓർപ്പിച്ചുകൊള്ളട്ടെ. പലേടത്തും സ്വന്തമായ കെട്ടിടവും വിലപ്പെട്ട ഗ്രന്ഥശേഖരവും സമ്പാദിച്ചു് ദശവത്സരങ്ങളായി നിലനിന്നുപോന്നിരുന്ന അവരുടെ ഗ്രന്ഥാലയങ്ങളുടെ മാററു കാലുന്നിനിന്നുകൊണ്ടാണു് ഈ പു. സാ. ഗ്രന്ഥാലയങ്ങൾ "പബ്ലിക്കു് ലൈബ്രറി" എന്ന ലേബൽ ഉയർത്തിപ്പിടിച്ചു് ഈ വെല്ലുവിളി നടത്തുന്നതെന്ന പരമാർത്ഥവും മറന്നുകളയേണ്ടതല്ല.

നമ്മുടെ ഗ്രന്ഥാലയ പ്രവർത്തനങ്ങളിൽ കടന്നുകൂടിയിട്ടുള്ള ഈ തകരാറുകൾക്കെന്താണൊരു പ്രതിവിധി?

ഗ്രന്ഥാലയങ്ങൾക്കു സർവ്വാദരണീയമായ ഒരു ലക്ഷ്യമാണുള്ളതു്. ആ ലക്ഷ്യം പ്രാപിക്കുന്നതിനു് സർവ്വസ്വീകാര്യമായ ഒരു പ്രവർത്തനപരിപാടി നിശ്ചയിക്കണം. ഗ്രന്ഥാലയങ്ങളുടെ സ്ഥാപനം, അംഗീകരണം, പ്രവർത്തനം, സഹായദാനം ആദിയായവയിൽ ബഹുജനാഭിപ്രായത്തിനു പ്രഥമഗണന നല്കണം. ഒരു രാഷ്ട്രത്തിൻെറ ഭാഗധേയം നിർണ്ണയിക്കുകയെന്ന അതിമഹത്തായ കൃത്യം ബഹുജനാഭിപ്രായത്തിനു വിട്ടുകൊടുക്കുവാൻ മടിക്കാത്ത ഈ ജനകീയയുഗത്തിൽ ഗ്രന്ഥാലയപ്രവർത്തനത്തിൽമാത്രം അതു വിഗണിക്കേണ്ടതില്ലല്ലൊ. നാട്ടിലെ ഗ്രന്ഥാലയ പ്രവർത്തനത്തെ സാമാന്യമായി സ്പർശിക്കുന്ന വിഷയങ്ങളൊഴിച്ചുള്ള കാര്യങ്ങളിലെല്ലാം ഓരോരോ ഗ്രന്ഥാലയത്തിനും സ്വതന്ത്ര പ്രവർത്തനാവകാശമുണ്ടായിരിക്കണം. ഇങ്ങനെ, അംഗീകരണാദികൾക്കും ലക്ഷ്യപ്രാപ്തിക്കും ആവശ്യമുള്ള നിയന്ത്രണാധികാരം കൈവിടാതെയും ഗ്രന്ഥാലയപ്രവർത്തനത്തിൽ ആവശ്യമില്ലാതെ കൈകടത്തി അവയുടെ സ്വാതന്ത്ര്യം നിഹനിക്കുകയോ, അനാവശ്യനിയന്ത്രണം കെട്ടിവയ്ക്കുയോ ചെയ്യാതെയും ഗ്രന്ഥാലയങ്ങളുടെ ബഹുജനസേവനം ഫലപ്രദമായി തുടർന്നുകൊണ്ടുപോകുന്നതിനു പ്രധാനമായി ശ്രദ്ധിക്കേണ്ട ചില വസ്തുതകളുണ്ടു്.

1. ആവശ്യമുള്ളിടത്തോളം ഗ്രന്ഥാലയങ്ങൾ അനുവദിക്കുക, അംഗീകരിക്കുക; അവയ്ക്കു സഹായം നൽകുക. ആവശ്യത്തിൽക്കവിഞ്ഞു മത്സരത്തിനുവേണ്ടിമാത്രം അനുവദിക്കാതെ കരുതുക. ഇതു സാധിക്കുന്നതിനു് ഇത്ര ആളുകളുടെ ഉപയോഗത്തിനു് ഒരു ഗ്രന്ഥശാലയെന്നോ മററോ, പരിഗണനാർഹമായ ഇതരസാഹചര്യങ്ങൾക്കൂടെ പരിഗണിച്ചിട്ടു് നിശ്ചയിക്കുന്നതു നന്നായിരിക്കുമെന്നു തോന്നുന്നു.

2. അംഗീകരണാദികൾക്കു് ബഹുജനാഭിപ്രായമനുസരിച്ചു് സർവ്വസ്വീകാര്യമായ വ്യവസ്ഥകൾ മാത്രം നിർദ്ദേശിക്കുക. അങ്ങനെ നിർദ്ദേശിക്കപ്പെടുന്ന വ്യവസ്ഥകളുടെ പാലനത്തിൽമാത്രമേ ഗ്രന്ഥാലയോദ്യോഗസ്ഥന്മാർക്കു് അധികാരമുണ്ടായിരിക്കാൻ പാടുള്ളൂ. അവർ തികച്ചും ബഹുജനപ്രതിനിധികളായിരിക്കണംതാനും. അവരുടെ സ്വകാര്യാഭിരുചികളൊന്നും ഗ്രന്ഥാലയങ്ങളുടെമേൽ കെട്ടിവയ്ക്കുവാൻ അവർക്കധികാരമോ സൗകര്യമോ ഉണ്ടായിരിക്കാൻ പാടില്ല; ഗ്രന്ഥാലയങ്ങളുടെ ആയുസ്സും വളർച്ചയും അവരുടെ ഇഷ്ടാനിഷ്ടങ്ങളെ ആശ്രയിച്ചു നില്ക്കുവാൻ സന്ദർഭമുണ്ടായിരിക്കാനും പാടില്ല.

3. എവിടെയെങ്കിലും ഗ്രന്ഥാലയങ്ങൾ ആരംഭിക്കയോ, അംഗീകരിക്കയോ ചെയ്യുവാൻ ഉദ്ദേശിക്കുമ്പോൾ, ഗ്രന്ഥാലയസംയോജകന്മാരുടെ അഭിപ്രായംമാത്രം പ്രമാണമാക്കാതെ നാട്ടുകാരുടെ അഭിപ്രായംകൂടെ ആരായുകയും നിലവിലുള്ള ഗ്രന്ഥാലയങ്ങൾക്കു പ്രഥമഗണന നല്കിക്കൊണ്ടു് അവശ്യവ്യവസ്ഥകൾ പാലിക്കുവാൻ അവയ്ക്കു സൗകര്യവും സന്ദർഭവും നൽകുകയും ചെയ്യുക.

4. ഗ്രന്ഥാലയപ്രവർത്തനം പൂർണ്ണമായും ബഹുജനങ്ങൾക്കു വിട്ടുകൊടുത്തുകൊണ്ടു് അവയുടെ ഭരണകാര്യാദികളിൽ ഗവമ്മെൻറു കൈകടത്താതിരിക്കുക. വിശിഷ്യ ഗ്രന്ഥാലയങ്ങളിൽ അവശ്യം ഉണ്ടായിരിക്കേണ്ട ഗ്രന്ഥങ്ങൾ നിർണ്ണയിക്കുന്നതിനുള്ള അവകാശം എപ്പോഴും ജനസാമാന്യത്തിൻെറ പ്രാതിനിധ്യം ശരിക്കു വഹിക്കുന്ന ഒരു പണ്ഡിതസമിതിയെ ഏല്പിക്കുകയും, സമിതി ഓരോ കൊല്ലവും അംഗീകരിച്ചു ശുപാർശചെയ്യുന്ന ഗ്രന്ഥങ്ങളുടെ പേരുവിവരം യഥാകാലം വേണ്ടതുപോലെ പരസ്യപ്പെടുത്തി ബഹുജനാഭിപ്രായം ക്ഷണിക്കുകയും ആക്ഷേപാർഹമായിത്തീരുന്ന ഗ്രന്ഥങ്ങളെ ബഹുജനപ്രതിനിധികളടങ്ങിയ ഒരു പരിശോധകസമിതിയുടെ വിധിക്കു വിട്ടുകൊടുക്കുകയും ചെയ്യണം. ഇതിനുംപുറമെ ഓരോ പ്രാദേശിക ഗ്രന്ഥാലയങ്ങളിലും കൂടുതലായുണ്ടായിരിക്കാവുന്ന ഗ്രന്ഥങ്ങളുടെ കാര്യം അതതു ഗ്രന്ഥാലയങ്ങളുടെ അംഗങ്ങൾ നിശ്ചയിച്ചുകൊള്ളട്ടെ.

ചുരുക്കത്തിൽ, ഗ്രന്ഥാലയപ്രവർത്തനം തികച്ചും ഒരു ജനകീയപ്രസ്ഥാനമായിത്തീരണം; ശരിയായ വിദ്യാഭ്യാസംപോലുമില്ലാത്ത ചില കമ്മ്യൂണിസ്റ്റു് കിങ്കരന്മാരുടെ കുത്തകയായിരിക്കരുതു്.

## സൊഡാലിററിയുടെ മദ്ധ്യസ്ഥ

ചാരിത്രസംരക്ഷണാർത്ഥം പന്ത്രണ്ടാമത്തെ വയസ്സിൽ സ്വജീവൻ ബലിയർപ്പിച്ച വിശുദ്ധ മരിയഗൊരേത്തിയെ മരിയാസഖ്യത്തിൻെറ പ്രധാന മദ്ധ്യസ്ഥയായി പ്രഖ്യാപനം ചെയ്തുകൊണ്ടുള്ള പേപ്പൽ തിരുവെഴുത്തു് വത്തിക്കാൻെറ ഔദ്യോഗികപത്രമായ ആക്ത അപ്പസ്തോലിച്ചെ സേഡിസ് പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു.

## സൗജന്യവിതരണ ഫണ്ടു്

ത്യാഗപ്പെട്ടികൾ (തുടർച്ച)

| | |
|---|---|
| റവ. ഫാദർ ജോസഫ് ചിറമേൽ | 20—0—0 |
| പോത്താനിക്കാട്ടു് | 2—14—6 |
| മുതലക്കോടം | 12—6—5 |
| കോക്കമംഗലം | 5—0—0 |
| ചുണങ്ങംവേലി | 3—0—8 |
| നെടുങ്ങപ്ര | 8—14—0 |
| കൊററമത്തി | 7—8—4 |
| ചൊവ്വര | 4—0—0 |
| കുത്തിയതോട്ടു് (പഴയ) | 2—7—9 |
| ഞാറയ്ക്കൽ | 8—1—11 |

# വിമർശനവീഥി

## റഷ്യയിലെ കൃഷിയുടെ അപജയം

II

റഷ്യയിൽ 2000 ലക്ഷം ജനങ്ങളുണ്ടെന്നു് അവർ പറയുന്നു. ആറുലക്ഷം ടെക്റററുകൾ കൃഷിക്കു് ഉപയോഗിക്കുന്നുണ്ടു്; എന്നിട്ടും 1240 ലക്ഷം ടൺ ഭക്ഷ്യധാന്യങ്ങളല്ലേ ഉല്പാദിപ്പിച്ചുള്ളു. നേരെമറിച്ചു് അമേരിക്കായിൽ 1500 ലക്ഷം ആളുകളാണുള്ളതു്; 30 ലക്ഷം ടെക്റററുകൾ കൃഷിക്കുപയോഗിക്കുന്നു. എങ്കിലും 1360 ലക്ഷം ടൺ ഭക്ഷ്യധാന്യങ്ങൾ അവിടെ ഉല്പാദിപ്പിച്ചു. റഷ്യയിലെ പർവ്വതങ്ങൾ ലോഹസമ്പത്തു് വളരെയുള്ളതാണു്; ഇക്കഴിഞ്ഞ കാലങ്ങളെല്ലാം ആ ഗവമ്മെൻറിൻെറ ശ്രദ്ധ ഇരുമ്പുമുതലായവ ഉല്പാദിപ്പിക്കുന്ന കട്ടിയുള്ള വ്യവസായങ്ങളിലാണു് കേന്ദ്രീകരിച്ചിരുന്നതു്. എന്നിട്ടും അവയുടെ ഉല്പാദനം അമേരിക്കയുടേതിൻെറ മുന്നിൽ ഒന്നു മാത്രമായിരുന്നു. കല്ക്കരിയുടെ ഉല്പാദനം അതിലും വളരെ കുറവായിരുന്നു.

റഷ്യക്കു 80 ലക്ഷം ചതുരശ്രമൈൽ വിസ്തീർണ്ണതയുണ്ടു്. അതായതു് യു. എസ്സ്. എ, ക്യാനഡാ, മെക്സിക്കോ എന്നീ മൂന്നു രാജ്യങ്ങൾ ഒന്നിച്ചുകൂടിയാലുള്ളതിനെക്കാൾ വിസ്തീർണ്ണതയുണ്ടു്. എങ്കിലും അതിൻെറ കാർഷികമണ്ഡലത്തിനു് 10 ലക്ഷം ചതുരശ്രമൈല വിസ്തീർണ്ണതയുള്ളു. അതിൽതന്നെയും 6 ലക്ഷം ചതുരശ്രമൈൽ മാത്രമാണു് ഇപ്പോൾ കൃഷിക്കുപയോഗിക്കുന്നതു്. നേരെമറിച്ചു് യു. എസ്സ്. എ. യുടെ കാർഷികമണ്ഡലം 19 ലക്ഷം ചതുരശ്രമൈൽ വിസ്തീർണ്ണതയുള്ളതാണു്. അതിൽ 6 ലക്ഷത്തി മുപ്പതിനായിരം ചതുരശ്രമൈൽ ഇപ്പോൾ കൃഷിസ്ഥലമായിത്തീർന്നിരിക്കുന്നു. ഈ രണ്ടു രാജ്യങ്ങളിലുംവച്ചു് മണ്ണിൻേറയും കാലാവസ്ഥയുടേയും മററുപാധികളുടേയും താരതമ്യത്തിൽ യു. എസാണു് കൂടുതൽ ഗുണസമ്പന്നമായിരിക്കുന്നതു്. സോവ്യററു് രാജ്യം യു. എസ്സ്. എ. ക്കാൾ മൂന്നിലൊന്നു മടങ്ങുജനങ്ങളെ തീററിപ്പോററുകയുംവേണം. സോവ്യററു് കൃഷിഭൂമികൾ യു. എസ്സ്. എ. യിലേതിനോളം യന്ത്രീകൃതവുമല്ല. റഷ്യയിൽ 4540 സ്റ്റേററു് ഫാമുകൾ (ഗവമ്മെൻറിൻെറ കൃഷിസ്ഥലങ്ങൾ) ഉണ്ടു്. അവയിൽ ചിലതിനു 10,000 ഏക്കറോളം വിസ്തീർണ്ണതയുമുണ്ടു്. ഗവമ്മെൻറു നിയമിക്കുന്ന ഉദ്യോഗസ്ഥന്മാരാണു് ആ ഫാമുകളിലെ കൃഷി നടത്തിക്കുന്നതു്. 246,000 കളക്ററീവു് ഫാമുകൾ (കൂട്ടുകൃഷിസ്ഥലം) ഉണ്ടു്. അവ ഓരോന്നും ശരാശരി 3000 ഏക്കറോളം വിസ്തീർണ്ണതയുള്ളതാണു്. ഇവകൂടാതെ 200 ലക്ഷം ഫാമുകൾ ഏകദേശം ഓരേക്കറോ ഒന്നരയേക്കറോ വിസ്തീർണ്ണതയുള്ളവയാണു്. നേരെമറിച്ചു് യു. എസ്സ്. എ. യിൽ കൃഷി മിക്കവാറും മുഴുവനും വ്യക്തികൾക്കു വിട്ടുകൊടുത്തിരിക്കുകയാണു്. അവരെ പണംകൊണ്ടും സാധനസാമഗ്രികൾകൊണ്ടും സഹായിക്കുവാൻ ഗവമ്മെൻറിൻെറ ഒരു പ്രത്യേകവകുപ്പുമുണ്ടു്. ഇതിനെക്കുറിച്ചും ഇതിൻെറ ഫലമായി കൃഷിക്കുണ്ടായിട്ടുള്ള ഉല്പാദനവർദ്ധനവിനെക്കുറിച്ചും കൃഷിചെയ്യുന്ന വ്യക്തികൾക്കു ലഭിച്ചുകൊണ്ടിരിക്കുന്ന ക്രമപ്രവൃദ്ധമായ വരുമാനത്തെക്കുറിച്ചും ഞങ്ങൾ മുന്നൊരു ലക്കത്തിൽ (ആഗസ്റ്റു് 8-1951) പ്രതിപാദിച്ചിട്ടുള്ളതാണു്. സാർചക്രവത്തിയുടെ കാലത്തും സ്ററാലിൻെറ കീഴിലും സേവനം ചെയ്തിട്ടുള്ള കാർഷികവിദഗ്ദ്ധനായ ഡോക്ടർ നാം ജസ്നി (Dr. Naum Jasny) കണക്കാക്കിയിട്ടുള്ളതു്, കഴിഞ്ഞ യുദ്ധത്തിനുമുമ്പു് ഒരു കൂട്ടുകൃഷി കൃഷകനു് കൂട്ടുകൃഷി സ്ഥലത്തുനിന്നു് ഒരുദിവസം ലഭിക്കുന്ന സമ്പാദ്യം 27 സെൻറു് (ഏകദേശം ഒരു രൂപാ) ആണെന്നാണു്. ഈ കൂട്ടുകൃഷി സമ്പ്രദായം കർഷകരെ ചൂഷണംചെയ്യുവാൻ ഏർപ്പെടുത്തിയിട്ടുള്ള ഏററവും ഫലപ്രദമായ മാർഗ്ഗമാണെന്നു് തെളിയുന്നില്ലേ? 10 ലക്ഷത്തോളം ആളുകളുള്ള സൈന്യത്തെയും ലക്ഷോപലക്ഷം ആളുകളടങ്ങിയ ഉദ്യോഗസ്ഥവൃന്ദത്തെയും ബുദ്ധിജീവികളേയും സംരക്ഷിക്കണമെങ്കിൽ ഇത്തരം ചൂഷണം അത്യന്താപേക്ഷിതമാണു്. ഈ സാഹചര്യങ്ങളിൽ കർഷകനു് കഴിയുന്നേടത്തോളം കക്കുകയും ചതിവുപ്രയോഗിക്കുകയും ചെയ്യാതെ ഗത്യന്തരമുണ്ടോ?

കമ്മ്യൂണിസ്റ്റുപാർട്ടിയുടേയും ഗവമ്മെൻറിൻേറയും പത്രങ്ങൾ റിപ്പോർട്ടുചെയ്ത ഒരു സംഭവം അത്ഭുതമാണു്. യുക്രെയിനിലെ ഒരു ഗ്രാമത്തിലെ സോവ്യററുദ്യോഗസ്ഥനും അദ്ദേഹത്തിൻെറ സിക്രട്ടറിയും അവിടത്തെ കൂട്ടുകൃഷി കർഷകരോടു് ദയവുള്ളവരായി അവരിൽനിന്നു ഗവമ്മെൻറിൻെറ നികുതിഭാഗം മുഴുവനും നിഷ്കർഷമായി പിടിച്ചെടുക്കുവാൻ വൈമുഖ്യം കാണിച്ചു. ആ കൂട്ടുകൃഷിസ്ഥലത്തിൻെറ രാത്രികാവല്ക്കാരൻ ഈ വിവരം മേലധികാരികളെ അറിയിച്ചു. ആ ഉദ്യോഗസ്ഥനും സിക്രട്ടറിയും അവരുടെ മിത്രമായ ഡിസ്ട്രിക്ററു് പ്രോസിക്യൂട്ടറിൻെറ സഹായത്താൽ ഈ കാവല്ക്കാരനെ അടിമവേലക്കാർക്കുള്ള ഒരു ക്യാമ്പിലേക്കു് നാടുകടത്തി. എന്നാൽ കാർഷികകൺട്രോളിൻെറ മേധാവിത്വം വഹിക്കുന്ന മന്ത്രിയുടെ അടുത്തു് ഈ കാവല്ക്കാരനു ശക്തന്മാരായ മിത്രങ്ങളുണ്ടായിരുന്നു. മന്ത്രിയുടെ ആൾക്കാർ ഈ കേസന്വേഷിച്ചു. ഡിസ്ട്രിക്ററു് പ്രോസിക്യൂട്ടർ കുററക്കാരനാണെന്നും കാവല്ക്കാരൻ നിരപരാധിയാണെന്നും അവർ വിധിച്ചു. അതിൻെറ ഫലമായി കാവല്ക്കാരനെ മോചിക്കുകയും പകരം അടിമവേലക്കാരുടെ ക്യാമ്പിലേക്കു് പ്രോസിക്യൂട്ടറെ പറഞ്ഞയക്കുകയുംചെയ്തു. അനന്തരം പ്രോസിക്യൂട്ടരുടെ ഇഷ്ടന്മാരായ ആ ഉദ്യോഗസ്ഥനേയും സിക്രട്ടറിയേയും പിടികൂടി. ഈ സംഭവം റിപ്പോർട്ടുചെയ്ത പത്രങ്ങൾതന്നെ പറയുന്നു, ഇതുപോലെ സോവ്യററു് നിയമത്തിനെതിരായ സംഭവങ്ങൾ രാജ്യമൊട്ടുക്കു നടക്കുന്നുണ്ടെന്നു്.

### സോവ്യററു യൂണിയൻേറയും പാശ്ചാത്യരാജ്യങ്ങളുടേയും ഉല്പാദനങ്ങളുടെ താരതമ്യം

കത്തുകാരൻ സൂചിപ്പിക്കുന്ന റഷ്യയിലെ പുതിയ പഞ്ചവത്സരപദ്ധതിയുടെ കണക്കു് മോസ്കോയിൽനിന്നു് പ്രഖ്യാപിച്ചതിൻെറ സംക്ഷേപമായ റിപ്പോർട്ടു് "ഹിന്ദു" പത്രത്തിൽ കൊടുത്തിരുന്നതിനോടുകൂടി, ജനിവായിൽനിന്നു് തലേമാസത്തിൽ യു. എൻ. ഒ. റിപ്പോർട്ടുചെയ്ത കണക്കും ചേർത്തിരുന്നു. അതിങ്ങനെയാണു്:-

"പാശ്ചാത്യരാജ്യങ്ങൾ 1396¾ ലക്ഷത്തോളം ടൺ അസംസ്കൃത ഉരുക്കു് 1950-ൽ ഉല്പാദിപ്പിച്ചപ്പോൾ, സോവ്യററു യൂണിയനും അവളുടെ പിടിയിലുള്ള ഉരുക്കുല്പാദിപ്പിക്കുന്ന 5 കമ്മ്യൂണിസ്റ്റുരാജ്യങ്ങളുംകൂടി 322½-ൽപ്പരം ടൺ ഉല്പാദിപ്പിച്ചു. യൂറോപ്പിനുവേണ്ടിയുള്ള എക്കണോമിക്കു് കമ്മിഷൻെറ കാർട്ടേർലി ബുള്ളററിൻെറ കണക്കനുസരിച്ചു് സോവ്യററു യൂണിയൻ തനിച്ചുല്പാദിപ്പിച്ചതു് 240 ടൺ മാത്രമാണു്." സോവ്യററു യൂണിയൻെറ ഉല്പാദനം പാശ്ചാത്യരാജ്യങ്ങളിലേതിൽനിന്നു് എത്രയോപടി താഴെയാണെന്നു സ്പഷ്ടമാകുന്നുണ്ടല്ലോ.

യു. എസ്സ്. എ. യുടെ എക്കണോമിക് കോഓപ്പറേഷൻ അഡ്മിനിസ്ട്രേററായിരുന്ന മിസ്റ്റർ പോൾ ഹോഫ്മാൻ (Hoffman) ഇക്കഴിഞ്ഞ ജൂൺമാസത്തിൽ ഇൻറർനാഷണൽ ചെയിമ്പർ ഓഫു് കോമേഴ്സിൻെറ ഒരു യോഗത്തിൽവച്ചു് അമേരിക്കയുടെ ഉല്പാദനശക്തിയെപ്പററി പ്രസ്താവിച്ചതിങ്ങനെയാണു്:-

അമേരിക്കയ്ക്കു് ലോകത്തിലെ പ്രകൃതിസമ്പത്തിൽ 15-ൽ ഒന്നുമാത്രമേയുള്ളു. ലോകത്തിലെ ജനസംഖ്യയിൽ മൂന്നിൽ ഒന്നോ, കരഭൂമിയിൽ മൂന്നിൽ ഒന്നോ അവൾക്കില്ല. എന്നുവരികിലും ലോകത്തിലെ ജീവിതവിഭവങ്ങളിൽ ഏകദേശം മൂന്നിൽ ഒന്നും, ലോകത്തിലെ വ്യവസായവിഭവങ്ങളിൽ ഏകദേശം പകുതിയും അമേരിക്കയിലാണു് ഉല്പാദിപ്പിക്കപ്പെടുന്നതു്. 1939-നും 1949-നും മദ്ധ്യേ യു. എസ്സ്. എ. യിലെ തൊഴിലാളികളിൽ കൊല്ലംതോറും 3000 ഡോളർ വരുമാനമുള്ളവരുടെ സംഖ്യ 30 ശതമാനം വർദ്ധിച്ചു. അതായതു് 1939-ൽ 15 ശതമാനമായിരുന്നതു് 1949-ൽ 26 ശതമാനമായി ഉയർന്നു."

യു. എൻ. ഒ. യുടെ സ്ഥിതിവിവരക്കണക്കു് ആഫിസിൽനിന്നു് പുറപ്പെടുവിച്ച ഒരു പ്രസ്താവനയിലെ വിവരങ്ങളും ശ്രദ്ധേയമാണു്. "റഷ്യയിലെ ദേശീയവരുമാനം ഭാഗിച്ചാൽ ഒരാളുടെ ശരാശരി വീതം കൊല്ലത്തിൽ 308 ഡോളറായിരിക്കും. എന്നാൽ യു. എസ്സ്. എ. യിലെ ദേശീയവരുമാനം വിഭജിച്ചാൽ ഒരാൾക്കു് ശരാശരി ലഭിക്കുന്നതു് 1453 ഡോളറാണു്. ഒരു ഷർട്ടോ, ഒരു റാത്തൽ മാംസമോ വാങ്ങുവാൻ ഒരു അമേരിക്കാക്കാരൻ വേല ചെയ്യേണ്ടിവരുന്നതിൻെറ ഏകദേശം 5 ഇരട്ടി സമയം ഒരു റഷ്യാക്കാരൻ വേലചെയ്യേണ്ടിവരും. തൊഴിലാളിരാഷ്ട്രമെന്നു് ഭാവിക്കുന്ന റഷ്യയിൽ ആനുകൂല്യങ്ങളനുഭവിക്കുന്ന പ്രഭുവർഗ്ഗക്കാരെ ഒഴിച്ചാൽ ഒരു പൗരൻ കഷ്ടിച്ചു പട്ടിണികൂടാതെ കഴിഞ്ഞുകൂടുകയാണു്. തനിക്കു ലഭിക്കുന്ന ജീവിതവിഭവങ്ങളുടേയും സവ്വീസുകളുടേയും കാര്യത്തിൽ ഒരു റഷ്യാക്കാരൻ 1938-ലെ തോതിലാണു് നില്ക്കുന്നതു്. നേരെമറിച്ചു് അമേരിക്കാക്കാർ മുന്നോട്ടുപോയിരിക്കുന്നു."

ഈ വസ്തുതകളും കണക്കുകളും തെളിയിക്കുന്നു, കടുത്ത സേച്ഛാധിപത്യരാജ്യമായ സോവ്യററു റഷ്യയിൽ പൗരന്മാർ അടിമകളായിരിക്കുന്നതിനുംപുറമെ, അവിടത്തെ ദേശീയവരുമാനത്തിൻെറ താരതമ്യേനയുള്ള കുറവുകൊണ്ടു് ആ അടിമകളുടെ ഭൗതികമായ ജീവിതാവശ്യങ്ങൾതന്നെയും പണ്ടുകാലത്തെ അടിമകളുടേതിനേക്കാൾ വളരെ കുറവായിട്ടാണു് നിവത്തിക്കപ്പെടുന്നതെന്നു്. രാഷ്ട്രം പൗരന്മാർക്കുവേണ്ടിയുള്ളതല്ല, പ്രത്യുത പൗരന്മാർ രാഷ്ട്രത്തിനുവേണ്ടിയുള്ളതാണു് എന്ന മാർക്സ്യൻ തത്വസിദ്ധാന്തം സോവ്യററു യൂണിയൻ വിശ്വാസപ്രമാണമായി സ്വീകരിച്ചിരിക്കുകൊണ്ടു് അവരുടെ ദൃഷ്ടിയിൽ പൗരന്മാരുടെ അടിമത്തവും അതോടൊന്നിച്ചുള്ള ജീവിതദുരിതവും സാധൂകരണാർഹമാണു്. മനുഷ്യൻ കേവലം സാമ്പത്തികജീവിമാത്രമാണെന്നു്, പരിഷ്കരിക്കപ്പെട്ട മൃഗം മാത്രമാണെന്നു്, വിശ്വസിക്കുന്ന രാഷ്ട്രത്തിൽ ഇങ്ങനെയെല്ലാം നടക്കുന്നതു് ആശ്ചര്യകരമല്ലതന്നെ!!



അതിരമ്പുഴ സെൻറു് മേരീസ് ഫൊ. പള്ളിയിലെ പരി. വ്യാകുലമാതാവിൻെറ ദർശനസമൂഹം. സ്ഥാപനം 1869. അംഗങ്ങൾ 1782.

## പുതിയ സെനാത്തുസ്

ഉത്തരേൻഡ്യ, പാക്കിസ്ഥാൻ ഈ പ്രദേശങ്ങളിലെ ലീജിയൻ സംഘങ്ങളുടെ നിയന്ത്രണാത്ഥം ബോംബെ "കമ്മിസിയം" ഒരു സെനാത്തുസായി ഉയത്തുവാൻ ഐർലണ്ടു് കൺസിലിയം അനുമതി നൽകിയിരിക്കുന്നു. തൽസംബന്ധമായ ഉൽഘാടനയോഗം ബോംബെ മെത്രാപ്പോലീത്താ മൈററു് റവ. ഡോ. ഗ്രേഷ്യസ് തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടിരിക്കുന്നു.

കുടുംബപംക്തി

## സ്വഭാവം

(ശ്രീ നരിക്കുഴി)

സ്വഭാവം, സ്വഭാവം എന്നു നാം സാധാരണ പറയാറുണ്ടു്; കേൾക്കാറുണ്ടു്. പക്ഷേ, അതെന്താണെന്നു് നിവ്വചിക്കുവാൻ അത്ര എളുപ്പമല്ല. മനസ്സു്, പ്രകൃതി ഇവയുടെ പ്രവൃത്തികളിൽ കാണുന്ന പ്രത്യേകതകളെ കുറിക്കുന്ന ഒരു പദമാണു് സ്വഭാവം എന്നു് ചിലർ അഭിപ്രായപ്പെടുന്നുണ്ടു്. എന്നാൽ, മനുഷ്യൻെറ സാന്മാർഗ്ഗികഗുണങ്ങളെ സൂചിപ്പിക്കുന്ന ഒരു പദമായിട്ടാണു് സ്വഭാവത്തെ ഇവിടെ നാം കണക്കാക്കേണ്ടതു്.

ഈ അത്ഥത്തിൽ സ്വഭാവം എന്തെന്നു നോക്കാം. വ്യവസ്ഥാപിതമായ വിധത്തിൽ ലോകത്തോടുള്ള ബന്ധം പുലത്തിക്കൊണ്ടുപോകുവാൻ മനുഷ്യനെ ശക്തനാക്കുന്ന വിശിഷ്ടഗുണങ്ങളുടെ സമാഹാരമാണു് വ്യക്തിമാഹാത്മ്യം. എങ്കിൽ ഒരു മനുഷ്യൻെറ വ്യക്തിമാഹാത്മ്യത്തെ അവനിൽ പതിച്ചുകാണിക്കുന്ന സാന്മാർഗ്ഗികമുദ്രയാണു് സ്വഭാവം. ഹൃദയവിശാലത, ദൃഢമനസ്കത, പ്രസന്നത ഇവയാണു് ഒരു സൽസ്വഭാവിയിൽ മിന്നിപ്രകാശിക്കുന്ന പ്രധാനഗുണകിരണങ്ങൾ. എന്നാൽ ഇച്ഛാശക്തിയുടെ ആ "ശക്തി"യുണ്ടല്ലോ, അതിനാണു് ഇവയിലെല്ലാം മഹത്തായ സ്ഥാനം.

ഇച്ഛാശക്തിയുടെ കരുത്തിലാണു് സ്വഭാവത്തിൻെറ ഔൽകൃഷ്ട്യം കുടികൊള്ളുന്നതു്. അതിനാൽ, "ആദർശങ്ങളാൽ നയിക്കപ്പെടുന്ന ഒരു ജീവിതമാണു് സ്വഭാവം" എന്നു ന്യായമായി പറയാം. ആകയാൽ യഥേഷ്ടം ചിന്തിച്ചും പ്രവത്തിച്ചും — തോന്നിയവാസം — നടക്കുന്നവനെയല്ല, ബുദ്ധി നിർദ്ദേശിക്കുന്ന അനുഷ്ഠാനവിധികളെ നിഷ്കർഷമായി പാലിച്ചു് സുനിശ്ചിതമായ രീതിയിൽ ജീവിക്കുന്നവനെയാണു് "സൽസ്വഭാവി" എന്ന വിശേഷണംകൊണ്ടു് വിവക്ഷിക്കുന്നതു്. ഒററ വാക്കിൽ, മനുഷ്യൻെറ വിചാരങ്ങളുടേയും പ്രവൃത്തികളുടേയും തനിരൂപം പ്രതിബിംബിച്ചു കാണിക്കുന്ന കണ്ണാടിയാണു് സ്വഭാവം. (തുടരും)

### പോലീസുകാരൻെറ നാമത്തിൽ ദേവാലയം

ഒരു കോൺസ്റ്റബിളായിരുന്ന വാഴ്ത്തപ്പെട്ട നൂനൊ അൽവാരെസ് പെരേരായുടെ നാമത്തിൽ പോർട്ടുഗലിൽ ഒരു പുതിയ ദേവാലയം പണിചെയ്തിരിക്കുന്നു. സിദ്ധനായ ഈ പോലീസുകാരൻ 14-ാം നൂററാണ്ടിൽ സ്പെയിനിനെതിരായുണ്ടായ യുദ്ധത്തിൽ പോർട്ടുഗീസു് സൈന്യത്തിനു നേതൃത്വം നൽകി വിജയം നേടിയശേഷം ഒരു കർമ്മലിത്താ അത്മായസഹോദരനായിത്തീരുകയും ലിസ്ബണിലെ കർമ്മലിത്താശ്രമത്തിൽവച്ചു് ചരമമടയുകയുമാണുണ്ടായതു്. ഇദ്ദേഹത്തിനു പ്രതിഷ്ഠിതമായിരിക്കുന്ന പുതിയ ദേവാലയത്തിൻെറ പണി മിക്കവാറും അവിടത്തെ സൈനികോദ്യോഗസ്ഥന്മാരിൽനിന്നു ലഭിച്ച സംഭാവനകൾകൊണ്ടുതന്നെയാണു് പൂത്തിയായതു്. സിദ്ധനായ ഈ കോൺസ്റ്റബിൾ പോർട്ടുഗലിലെ സൈന്യങ്ങളുടെ മദ്ധ്യസ്ഥനായി ഉയത്തപ്പെട്ടിരിക്കുന്നു.

ഫാത്തിമാബാലസമിതി

# ദൈവത്തിൻെറ കുഞ്ഞാട്

പ്രിയകുട്ടികളേ,

സൻഹെദ്രിൻ സഭാപ്രതിനിധികൾ തിരിച്ചുപോയി. പിറേറദിവസം ഈശോ അതിലെ വന്നു. യോഹന്നാൻ അപ്പോഴും ദൈവരാജ്യത്തെപ്പററി പ്രസംഗിക്കയായിരുന്നു. അദ്ദേഹം പെട്ടെന്നു പ്രസംഗം നിറുത്തി. ഈശോയെ ജനക്കൂട്ടത്തിനു ചൂണ്ടിക്കാണിച്ചുകൊടുത്തു: "ദൈവത്തിൻെറ കുഞ്ഞാടിനെ കണ്ടാലും! ഭൂലോകത്തിൻെറ പാപത്തെ നീക്കുന്നവനെ കണ്ടാലും!"

ജനങ്ങൾ വിസ്മയംകൊണ്ടു് പരവശരായി. ചിലർ ഈശോയെ—"യൗസേപ്പിൻെറ മകനെ"—നേരിട്ടറിയും. ആ ഈശോ ദൈവപുത്രനോ? ഭൂലോകരക്ഷകനോ? യോഹന്നാൻ അവരുടെ ഹൃദയവികാരങ്ങളെ ഗ്രഹിച്ചു. ഇതിനു മുൻപു രണ്ടു പ്രാവശ്യം അദ്ദേഹം ഈശോയെപ്പററി അവരോടു പറയുകയുണ്ടായല്ലോ. എന്നിട്ടും അവർക്കു ബോധപ്പെട്ടില്ല ഈശോ മിശിഹായാണെന്നു്. യോഹന്നാൻ അവരുടെ സംശയം പാടേ നിവാരണംചെയ്തുകൊണ്ടു് തീർത്തുപറഞ്ഞു: "എന്നെക്കാൾ മുമ്പനും എൻെറ മേലാവുമായ ഒരാൾ എൻെറ പിന്നാലെ വരുന്നുവെന്നു് ഞാൻ ആരെപ്പററി പറഞ്ഞുവോ, ആ ആളെ കാണുക. ഞാൻ അവിടുത്തെ അറിഞ്ഞിരുന്നില്ല. എങ്കിലും അങ്ങയെ ഇസ്രായേൽക്കാർക്കു വെളിപ്പെടുത്തിക്കൊടുക്കുന്നതിനായി ജലംകൊണ്ടുള്ള ജ്ഞാനസ്നാനം നല്കുവാൻ ഞാൻ വന്നതാണു്."

മിശിഹാ കുഞ്ഞാടിനെപ്പോലെ പാപപരിഹാരാർത്ഥം ബലിയർപ്പിക്കപ്പെടുമെന്നു് ഇസയാസ്, ജെറേമിയാസ് പ്രവാചകന്മാർ മുൻകൂട്ടി അറിയിച്ചിട്ടുണ്ടു്. ദിവസംപ്രതി കാലത്തും വൈകുന്നേരവും ഒരു വയസ്സുപ്രായമുള്ള ഓരോ ആട്ടിൻകുട്ടിയെ ബലിയർപ്പിച്ചിരുന്ന യൂദന്മാർക്കു യോഹന്നാൻ പറഞ്ഞതിൻെറ അർത്ഥം മനസ്സിലായോ ആവോ?

അവർ ഈശോ കടന്നുപോകുന്നതു് സൂക്ഷിച്ചുകൊണ്ടിരുന്നു. യോഹന്നാൻ വീണ്ടും പറഞ്ഞു: "സ്വർഗ്ഗത്തിൽനിന്നു് പരിശുദ്ധാത്മാവു് ഇറങ്ങിവന്നു് അവിടുത്തെമേൽ വസിക്കുന്നതു ഞാൻ കണ്ടു. ഞാൻ അങ്ങയെ അറിഞ്ഞിരുന്നില്ല. എന്നാൽ വെള്ളംകൊണ്ടു് മാമോദിസാമുക്കാൻ പറഞ്ഞയച്ചവൻ എന്നോടു പറഞ്ഞു: ആത്മാവ് ഇറങ്ങി ആരുടെമേൽ വസിക്കുന്നതു നീ കാണുമോ അവൻതന്നെയാണു് പരിശുദ്ധാത്മാവിനാൽ മാമോദിസാ മുക്കുന്നതു്. ഞാൻ കണ്ടു; ഞാൻ സാക്ഷ്യംവഹിച്ചു, ഇവൻ ദൈവപുത്രനാകുന്നുവെന്നു്."

യോഹന്നാൻെറ ഈ തൃതീയസാക്ഷ്യം വളരെ പ്രാധാന്യമുള്ളതത്രെ. മിശിഹാ അവരുടെകൂടെ വസിക്കുന്ന ഈശോതന്നെയാണെന്നു് സ്പഷ്ടമാക്കപ്പെട്ടു. ഈശോ ദൈവപുത്രനാണു്. യോഹന്നാനു ഈ അറിവു ലഭിച്ചതു് മനുഷ്യരിൽനിന്നല്ല; ദൈവത്തിൽനിന്നുതന്നെയാണു്. അദ്ദേഹം അതു സൂചിപ്പിക്കുന്നുണ്ടല്ലോ. മാമോദിസായ്ക്കു മുൻപു ഈശോയും യോഹന്നാനും പരിചിതന്മാരല്ല. ആത്മാവിൻെറ ആഗമനം തികച്ചും ദൈവികവും ഭാവിയിൽ നടക്കാനുള്ളതും. അതിനാൽ ആന്തരികമായ ദിവ്യവെളിപാടുമുഖേനയാണു് അദ്ദേഹം ആ ദിവ്യരഹസ്യം അറിഞ്ഞതെന്നു സിദ്ധിക്കുന്നു.

മിശിഹായുടെ ആഗമനോദ്ദേശ്യവും യോഹന്നാൻ വിശദമാക്കി—ലോകത്തെ രക്ഷിക്കുകയെന്നതു്. അതു പീഡാനുഭവത്താലും മരണത്താലും. യൂദന്മാരിൽ പലരും പ്രതീക്ഷിച്ചിരുന്നതു് ലൗകികമഹത്വമുള്ള ഒരു രക്ഷകനെയാണു്. ആ ധാരണ തെററാണെന്നു യോഹന്നാൻ സമർത്ഥിച്ചു. കുഞ്ഞാടു്—അതാണല്ലോ ഈശോയുടെ സ്ഥാനപ്പേരായി യോഹന്നാൻ നൽകുന്നതു്. നിർമ്മലമായ ബലിവസ്തുവാണു് ഈശോ. ആ ബലിവഴിയായിട്ടാണു് ഭൂലോകപാപങ്ങൾ നിർമാർജ്ജനം ചെയ്യപ്പെടുന്നതു്. അതിനാൽ ദിവ്യരക്ഷകൻ എന്ന സ്ഥാനമാണു് ഈശോയ്ക്കു പ്രഥമമായും പ്രധാനമായും യോജിക്കുക.

പ്രിയകുട്ടികളേ, ഈശോ നമ്മുടെ രക്ഷകനാണു്. ഇത്രയെല്ലാം യോഹന്നാൻ പറഞ്ഞിട്ടും യൂദന്മാർക്കു മിശിഹായുടെ ദൗത്യത്തെപ്പററി ഒന്നും ബോധ്യംവന്നില്ലെന്നുതോന്നുന്നു. ആരും ആ അവസരത്തിൽ ഈശോയുടെ പുറകെ പോകുന്നതായി നാം കാണുന്നില്ല. അതിൻെറ കാരണം മിശിഹാ പ്രബലനായ ഒരു ലൗകികനേതാവായിരിക്കുമെന്നു വ്യാമോഹിച്ചിരുന്നതാണു്. ആ അപകടം നമുക്കു പാരാതിരിക്കട്ടെ. ലൗകികമഹത്വമോ, സുഖഭോഗമോ അല്ല ഈശോയിൽനിന്നു നാം ആഗ്രഹിക്കേണ്ടതു്. പ്രത്യുത നമ്മുടെ ആത്മാവിൻെറ നിത്യരക്ഷയാണു്. അതിനാൽ ഭക്തിയോടും, ശരണത്തോടും, മനസ്താപത്തോടുംകൂടെ നമുക്കു പ്രാർത്ഥിക്കാം: "ഭൂലോകപാപങ്ങളെ നീക്കുന്ന ദിവ്യചെമ്മരിയാട്ടിൻകുട്ടി! ഞങ്ങളുടെ പാപങ്ങൾ പൊറുക്കണമേ"യെന്നു്.

* * *

"ആഞ്ഞൂസ്ദേയി, എന്താണെന്നു് മനസ്സിലായോ, ഗ്രേസി!"

"ഇല്ലച്ചാ!"..."പോൾ"..."ഇല്ലച്ചാ"

"ഇല്ലച്ചാ" പറയാൻ എളുപ്പമാണു്. പോട്ടെ. കേട്ടോ, പറഞ്ഞുതരാം....... ഏതാണ്ടു് വൃത്താകൃതിയിലുള്ള ഒരു മെഴുകുകട്ടയാണതു്.

"അച്ചാ, അതു എന്തുഭാഷയാ?" "പിററർ! സിററു്. പറയട്ടെ. രണ്ടു ലത്തീൻ വാക്കുകൾ. ദേയി, ദൈവത്തിൻെറ. ആഞ്ഞൂസ്, കുഞ്ഞാടു്. ദൈവത്തിൻെറ

ഞാൻ തലയോലപ്പറമ്പിൽ സത്യദീപത്തിൻെറ ഏജൻസി എടുത്തിരിക്കുന്നതിനാൽ വരിക്കാരായി ചേരുവാൻ ആഗ്രഹിക്കുന്നവർ കളപ്പുരയ്ക്കൽ കെ. എം. ഹമീദ് കുഞ്ഞിനെയോ എന്നെയോ സമീപിക്കുക.

എന്നു്. ഏജൻറു്

കെ. ജെ. തോമസ്സ്

കിണററുകരയിൽ, തലയോലപ്പറമ്പു്

കുഞ്ഞാടു് എന്നർത്ഥം. സുറിയാനിയിൽ എമറേ ദാലാഹായെന്നും. പാട്ടുകുർബാനയിൽ ആഞ്ഞൂസ്ദേയി എന്നോ, എമറേ ദാലാഹാ, എന്നോ പാടുന്നതു് നിങ്ങൾ കേട്ടുകാണും. ഇപ്പോൾ അർത്ഥവും പഠിച്ചില്ലേ?"

"ഉവ്വച്ചാ; എന്നാൽ ദൈവത്തിൻെറ കുഞ്ഞാടു് ഈശോയല്ലേ? ഈശോ മെഴുകുകട്ടയാകുന്നതു് എങ്ങനെ?"

"ശാബാശ്! ധൃതിപിടിക്കാതെ, പറയട്ടെ. ആ മെഴുകുകട്ടയുടെ ഒരുഭാഗത്തു ഒരാടിൻെറ രൂപം മുദ്രിതമായിരിക്കും. ആടിൻെറ കൈയിൽ ഒരു കുരിശും. അതുകൊണ്ടാണു് അതിനു ആ പേരുണ്ടായതു്. മറുവശത്തു് മാർപ്പാപ്പയുടെ മുദ്രയോ, ഒരു വിശുദ്ധൻെറ പ്രതിമയോ കാണാം."

"നാളെ ഞാൻ ഒരാഞ്ഞൂസ്ദേയി ഉണ്ടാക്കും."

"അതു സാദ്ധ്യമല്ല, പീററർ! മെഴുകുകൊണ്ടു് അങ്ങനെ ഉണ്ടാക്കിയാൽമാത്രം പോരാ. മാർപ്പാപ്പതന്നെ അതു വെഞ്ചരിക്കണം. മെത്രാന്മാർക്കുപോലും അതു വെഞ്ചരിക്കാൻ അധികാരമില്ല. മാർപ്പാപ്പതന്നെ തൻെറ സിംഹാസനാരോഹണത്തിൻെറ ആദ്യവർഷത്തിലും, പിന്നെ, ഏഴാമത്തെ ഏഴാമത്തെ വർഷങ്ങളിലും മാത്രമേ വെഞ്ചരിക്കാറുള്ളു."

"ഇതിൻെറ ഉപയോഗമെന്താ?"

"പറയാം, സെലിൻ! നാം അതു് അറിഞ്ഞിരിക്കേണ്ടതാണു്. മെഴുക് ഈശോയുടെ നിർമ്മലമായ മാംസത്തെ കാണിക്കുന്നു. കുരിശു ഈശോയുടെ കുരിശുമരണത്തെ സൂചിപ്പിക്കുന്നു. കുഞ്ഞാടു് ഈശോയെയാണു് അർത്ഥമാക്കുന്നതെന്നു് പറഞ്ഞുവല്ലോ.

"മാർപ്പാപ്പ അതു വെഞ്ചരിക്കുന്നതോടുകൂടെ അതൊരു വിശുദ്ധ വസ്തുവായിത്തീരുന്നു. അഗ്നി, മലവെള്ളം, കൊടുങ്കാററു്, പകർച്ചവ്യാധികൾ, പ്രസവവിഷമങ്ങൾ മുതലായ അപകടങ്ങളിൽനിന്നു് ഈ വിശുദ്ധവസ്തു ഉപയോഗിക്കുന്നവരെ സംരക്ഷിക്കണമെന്നു് ദൈവത്തോടു പ്രാർത്ഥിച്ചുകൊണ്ടാണു് വെഞ്ചരിക്കുന്നതു്. മാത്രമല്ല, ഏതാപൽസമയങ്ങളിൽ നമ്മുടെ അഭയസ്ഥാനം ദൈവത്തിൻെറ കുഞ്ഞാടു് ആണു് എന്നകാര്യവും അനുസ്മരിക്കപ്പെടുന്നു. പണ്ടു് ഈജിപ്തിൽവെച്ചുണ്ടായ ആ സംഭവം നിങ്ങൾ ഓർക്കുന്നില്ലേ? ആട്ടിൻകുട്ടിയുടെ രക്തം തെളിക്കപ്പെട്ടിരുന്ന വീടുകൾ ദൈവശിക്ഷയിൽനിന്നു രക്ഷിക്കപ്പെട്ടതു്. അതുപോലെ ആഞ്ഞൂസ്ദേയി വിശ്വാസത്തോടുകൂടെ നാം കൂടെക്കൊണ്ടുനടക്കുകയും ദൈവപ്രമാണങ്ങൾ അനുസരിച്ചു് ജീവിക്കയും ചെയ്താൻ ഈശോ പ്രത്യേകവിധം നമ്മളെ പരിപാലിക്കും.

"അതെവിടെ കിട്ടും അച്ചാ?"

"ആഗ്നസ്! നിങ്ങൾ അച്ചന്മാരെക്കൊണ്ടു് ചെറിയ അരുളിക്കാ നിറപ്പിച്ചു് കഴുത്തിൽ കെട്ടാറില്ലേ? അതിൽ സാധാരണയായി വിശുദ്ധന്മാരുടെ തിരുശേഷിപ്പു്, അല്ലെങ്കിൽ ആഞ്ഞൂസ്ദേയി ആണു് നിറയ്ക്കുന്നതു്. അതുകൊണ്ടു് അതിനെ ഭക്തിയോടെ ധരിക്കണം. അരുളിക്കാ കേടുവന്നാലും അതിലെ ഉള്ളടക്കം കളയാതെ സൂക്ഷിക്കയും വേണം."

സ്വന്തം കൊച്ചച്ചൻ

# റഷ്യയിൽ
# മതത്തോടുള്ള പോരാട്ടം

(മൊറീസ് മാനിംഗ്)

ഹംഗറിയിലെ കമ്മ്യൂണിസ്റ്റുകൾക്കു് പെട്ടെന്നു് ഗതാഗതസൗകര്യത്തെപ്പററി ഒരു ഭൂതോദയം ഉണ്ടായതുപോലെ തോന്നുന്നു.

കുറെദിവസങ്ങൾക്കുമുമ്പു് ഡാം ജനിക് ഉട്ക എന്ന തെരുവിൻെറ ഒരതിർത്തിയിൽ സ്ഥിതിചെയ്തിരുന്ന മരിയാനം രഗ്നം എന്ന പള്ളി, റോഡിനു വീതികൂട്ടുവാൻവേണ്ടി നശിപ്പിക്കേണ്ടതാണെന്നു് ബുഡാപ്പെസ്റ്റിൽ പ്രഖ്യാപനമുണ്ടായി. ഹംഗറിയിൽ പരക്കെയുള്ള റോമൻകത്തോലിക്കാ വിശ്വാസികളുടെ സംഭാവനയിൽനിന്നും രൂപമെടുത്തതാണു് ഈ പള്ളി എന്ന വസ്തുത കമ്മ്യൂണിസ്റ്റുകാരെ അശേഷം അസഹ്യപ്പെടുത്തിയില്ല.

"മരിയാനം രഗ്നം" പള്ളി നശിപ്പിച്ചുകഴിഞ്ഞപ്പോൾ ഹംഗറിയിലെ കമ്മ്യൂണിസ്റ്റു് ഗവൺമെൻറു് മനസ്സിലാക്കി മററു രണ്ടു റോഡുകൾക്കുകൂടി വിസ്താരം വർദ്ധിപ്പിക്കണമെന്നു്. അതും നിർവ്വഹിച്ചു. ഇതിനു ഇരയായിത്തീർന്ന രണ്ടു പള്ളികളിൽ ഒന്നു് വാസിഉട്ടിലെ ലെഹൽടർദേവാലയവും മറേറതു് കോസത്തുബ്രിഡ്ജിലെ സെൻറു് ആൻസ് പള്ളിയുമാണു്.

എന്നാൽ ഈ റോഡു വലുതാക്കുന്ന കാര്യത്തിൽ ഒന്നിലും കമ്മ്യൂണിസ്റ്റു് ഗവൺമെൻറിനു് ഗതാഗതസൗകര്യം പരിഗണനീയമല്ലായിരുന്നു. കമ്മ്യൂണിസ്റ്റുകാരെ വിഷമിപ്പിക്കുന്ന പ്രശ്നം ഹംഗറിയിലെ ജനങ്ങളുടെ മതവിശ്വാസമാണു്.

സ്റ്റാലിൻ,

ജീവിച്ചിരിക്കുന്ന ദൈവം

കമ്മ്യൂണിസ്റ്റുകാരുടെ സകല പഠനങ്ങളിലും "പീപ്പിൾസ് ഡെമോക്രസിയിൽ" മതത്തിനോ മതവിശ്വാസത്തിനോ യാതൊരു സ്ഥാനവുമില്ല എന്നാണു് കാണിക്കുന്നതു്. ഏകദൈവം സ്റ്റാലിനാണു്. ലോകത്തിൽ നല്ലതു വല്ലതുമുണ്ടെങ്കിൽ അതു കമ്മ്യൂണിസവുമാണു്. ഇതാണു് കമ്മ്യൂണിസ്റ്റുകാരുടെ ആദർശം. അനേകവർഷങ്ങളായി അവർ ഇതുതന്നെയാണു് പറയുന്നതു്. "മതം മനുഷ്യനെ മത്തനാക്കുന്ന കറുപ്പാണു്" എന്നു സോവ്യററു് കമ്മ്യൂണിസത്തിൻെറ പിതാവായ മാർക്സ് പറഞ്ഞപ്പോൾ കമ്മ്യൂണിസ്റ്റു് ആദർശത്തെ അദ്ദേഹം ഒററവാക്കിൽ സമാഹരിക്കയാണു് ചെയ്തതു്. അദ്ദേഹത്തിൻെറ ശിഷ്യൻ ലനിൻ ഈ അർത്ഥം വരുന്ന മറെറാരു വാചകം ഉപയോഗിച്ചു. ലനിൻെറ "സോഷ്യലിസവും മതവും" എന്ന ബുക്കിൽ "മതം ഒരു ആദ്ധ്യാത്മിക ലഹരിസാധനമാണെ"ന്നു് പറയുന്നു. വീണ്ടും "ഗോർക്കിക്കെഴുതിയ കത്തിൽ" ലനിൻ പറയുന്നു, "എല്ലാ മതപരമായ ആശയങ്ങളും, ദൈവത്തെക്കുറിക്കുന്ന ഏതു ആശയങ്ങളും, ആ വിശ്വാസത്തോടു് അനുബന്ധമായ ഏതു ചിന്തയും, പുറത്തു പറയാൻ പാടില്ലാത്തവിധം ഹീനമാണു്" എന്നു്.

ലനിനിൽനിന്നും മാർക്സിൽനിന്നും വ്യത്യസ്തനല്ല സ്റ്റാലിൻ. റഷ്യയിൽ സ്റ്റാലിൻ അനേകം പള്ളികളും മോസ്കുകളും അടച്ചുപൂട്ടി. വിശ്വാസികളേയും വൈദികരേയും അദ്ദേഹം ജയിലിൽ അടച്ചു, കൊന്നൊടുക്കി. സകല മതവിശ്വാസങ്ങളേയും നശിപ്പിക്കുവാൻ സ്റ്റാലിൻ ഉററു ശ്രമിച്ചു. എങ്കിലും റഷ്യൻജനതയുടെ മതവിശ്വാസം പരിപൂർണ്ണമായി പിഴുതെറിയുവാൻ സ്റ്റാലിനു കഴിഞ്ഞിട്ടില്ല.

കമ്മ്യൂണിസ്റ്റു് നിയമസംഹിത

മാർക്സും ലനിനും പറഞ്ഞതും സ്റ്റാലിൻ ചെയ്യുന്നതുമാണു് ഇന്നു ലോകമാസകലമുള്ള കമ്മ്യൂണിസ്റ്റുകളുടെ നിയമസംഹിത. ഹംഗറിയിലെ കമ്മ്യൂണിസ്റ്റു് ഗവൺമെൻറു് മരിയാനം രഗ്നം പള്ളി നശിപ്പിച്ചപ്പോൾ അവിടെ സ്റ്റാലിൻെറ ഒരു പ്രതിമ പണിയുവാൻ തീരുമാനിച്ചു. കമ്മ്യൂണിസ്റ്റു് രാജ്യത്തിൽ ദൈവത്തിൻെറ സ്ഥാനം സ്റ്റാലിൻ കരസ്ഥമാക്കി.

പക്ഷെ പള്ളികൾ നശിപ്പിക്കുന്നതുകൊണ്ടു മാത്രം മതവിശ്വാസം നശിക്കുന്നില്ല. ഈ സത്യം അനേകവർഷങ്ങൾക്കുശേഷം സ്റ്റാലിൻ കണ്ടുപിടിച്ചു. എന്നാൽ ഹംഗറിയിലെ കമ്മ്യൂണിസ്റ്റുകാർ ഈ വസ്തുത ഇനിയും മനസ്സിലാക്കേണ്ടതായിട്ടാണിരിപ്പു്.

——

# വിനോദവീഥി



"പൊന്നു സാറേ, വയററത്തടിക്കല്ലേ! മെഷീനു് കേടുവന്നിരിക്കയാ. അതിൽ കേറല്ലേ."

* * *

ദൂരയാത്രയ്ക്കായി പുറപ്പെട്ട പിതാവു് മകനോടു് പറഞ്ഞു: "ജോണീ! ഞാൻ കുറേ ദിവസം കഴിഞ്ഞേ വരികയുള്ളു. നീ അമ്മച്ചിയുടെ കാര്യമെല്ലാം നോക്കിക്കൊള്ളണം കേട്ടോ."

അന്നു രാത്രി ജോണി പ്രാർത്ഥിക്കുകയാണു്: "കർത്താവേ! അപ്പച്ചനെ കാത്തുസൂക്ഷിക്കണേ. അമ്മച്ചിയെപ്പററി വിഷമിക്കേണ്ട. അമ്മച്ചിയെ ഞാനാണു് നോക്കുന്നതു്."

* * *

വിദ്യാർത്ഥി: "സാർ ഈ ഉത്തരക്കടലാസിൻെറ മാർജിനിൽ എഴുതിയിരിക്കുന്നതു് എന്തെന്നു് ദയവായി പറയാമോ? ഒന്നും തിരിയുന്നില്ലല്ലോ."


പ്രഫസ്സർ: "ഉത്തരമെഴുതുമ്പോൾ അക്ഷരങ്ങളെല്ലാം വ്യക്തമായിരിക്കണമെന്നു്."

* * *

അമേരിക്കയിൽനിന്നും ഒരു കച്ചവടക്കാരൻ പാരിസിലെ തൻെറ ഏജൻറുമായി ഫോൺമാർഗ്ഗം ഇപ്രകാരം സംസാരിച്ചു തുടങ്ങി: "മൂന്നുമിനിട്ടുമാത്രമേയുള്ളു. അതുകൊണ്ടു് ഇങ്ങോട്ടൊന്നും ചോദിക്കരുതു്. വല്ലതും എന്നെ അറിയിക്കാനുണ്ടെങ്കിൽ നാളെ കേബിളയക്കുക." ഈ മുഖവുരയോടെ അദ്ദേഹം ഒററശ്വാസത്തിൽ പറയാനുള്ളതെല്ലാം പറഞ്ഞുതീർത്തു. വാച്ചു നോക്കിയശേഷം തുടർന്നു: "ഇനി 20 സെക്കണ്ടു് ബാക്കിയുണ്ടു്. ഇങ്ങോട്ടു് എന്തെങ്കിലും പറയാനുണ്ടെങ്കിൽ വേഗം പറയാവുന്നതാണു്."

മറുപടി: "അങ്ങു് ഇത്രനേരം പറഞ്ഞിട്ടു് ഒരക്ഷരംപോലും എനിക്കു മനസ്സിലായില്ല."

——




## ആദ്യത്തെ വോട്ട്

ഞങ്ങൾ നിങ്ങളേവരേയുംകുറിച്ച് ദൈവത്തിനു് എപ്പോഴും നന്ദിപറയുകയും, ഞങ്ങളുടെ പ്രാർത്ഥനകളിൽ നിങ്ങളെ ഇടവിടാതെ ഓർക്കുകയും, നിങ്ങളുടെ വിശ്വാസത്തിൻെറ പ്രവൃത്തികളേയും, സ്നേഹത്തിൻെറ പ്രയത്നത്തേയും, നമ്മുടെ കർത്താവായ ഈശോമിശിഹായിലുള്ള നിങ്ങളുടെ പ്രതീക്ഷയുടെ സഹനത്തേയും പിതാവായ ദൈവത്തിൻെറ സന്നിധിയിൽ സ്മരിക്കുകയും ചെയ്യുന്നു. ദൈവത്തിനു് പ്രിയപ്പെട്ടവരായ എൻെറ സഹോദരന്മാരേ, നിങ്ങളുടെ തിരഞ്ഞെടുപ്പ് ഞങ്ങൾ അറിയുന്നു. എന്തെന്നാൽ നിങ്ങളുടെ ഇടയിലുള്ള ഞങ്ങളുടെ പ്രസംഗം വചനങ്ങളാൽ മാത്രമായിരുന്നില്ല; പിന്നെയോ, ശക്തിയോടും, പരിശുദ്ധാത്മാവിനോടും, സാക്ഷാല്യമുള്ള സമ്മതത്തോടുംകൂടിയും ആയിരുന്നു. നിങ്ങളെക്കുറിച്ച് ഞങ്ങളുടെ ഇടയിൽ എപ്രകാരമായിരുന്നുവെന്നു് നിങ്ങളും അറിയുന്നുവല്ലോ. നിങ്ങൾ വലിയ ഞെരുക്കത്തോടും, പരിശുദ്ധാത്മാവിലുള്ള സന്തോഷത്തോടുംകൂടി വചനം സ്വീകരിച്ചുകൊണ്ടു് ഞങ്ങളോടും നമ്മുടെ കർത്താവിനോടും സദൃശരായിത്തീർന്നിരിക്കുന്നു. മക്കദോനിയായിലും അക്കായിയായിലുമുള്ള എല്ലാ വിശ്വാസികൾക്കും നിങ്ങൾ മാതൃകയായിത്തീരുകയും ചെയ്തിരിക്കുന്നു. നമ്മുടെ കർത്താവിൻെറ വചനം നിങ്ങളിൽനിന്നു് കേൾക്കപ്പെട്ടതു് മക്കദോനിയായിലും അക്കായിയായിലും മാത്രമല്ല; നിങ്ങളെപ്പററി ഞങ്ങൾ ഒന്നും പറയുവാൻ ആവശ്യമില്ലാത്തവണ്ണം, ദൈവത്തിലുള്ള നിങ്ങളുടെ വിശ്വാസം എല്ലായിടത്തും കേൾക്കപ്പെട്ടിരിക്കുന്നു. നിങ്ങളുടെ അടുക്കൽ ഞങ്ങൾക്കു് എങ്ങനെയുള്ള പ്രവേശനമാണുണ്ടായതെന്നും, ജീവിക്കുന്നവനും സത്യവാനുമായ ദൈവത്തെ സേവിക്കേണ്ടതിനു് വിഗ്രഹങ്ങളുടെ ആരാധനയിൽനിന്നു് ദൈവത്തിൻ പക്കലേക്കു്, മരിച്ചവരിൽനിന്നു് അവൻ ഉയിർപ്പിച്ചവനായി, വരുവാനിരിക്കുന്ന കോപത്തിൽനിന്നു് നമ്മെ രക്ഷിക്കുന്നവനായിരിക്കുന്ന ഈശോ എന്ന അവൻെറ പുത്രനെ സ്വർഗ്ഗത്തിൽനിന്നു് പ്രതീക്ഷിച്ചുകൊണ്ടു് നിങ്ങൾ എപ്രകാരം തിരിഞ്ഞുവന്നു എന്നും അവർതന്നെ വിവരിക്കുന്നുവല്ലോ (ദനഹാ 6-ാം ഞായർ; ലേഖനം: 1, തെസ്സ. I, 2—10)

ഐക്യരാഷ്ട്രസഖ്യത്തിൻെറ ഒരു വിഭാഗമായ ലോകരക്ഷാസമിതിയിൽ വിവിധപ്രശ്നങ്ങളെപ്പററിയുള്ള തദംഗങ്ങളുടെ അഭിപ്രായം വോട്ടുമൂലം രേഖപ്പെടുത്തുവാനായി ഉരുക്കുകൊണ്ടു് ഒരു വോട്ടുപെട്ടിയുണ്ടാക്കുവാൻ അന്തോണിയോ എന്നു പേരുള്ള ഒരു ലോഹപ്പണിക്കാരനെ ഏൽപ്പിച്ചു. അയാൾ അതു ഭംഗിയായി നിർമ്മിച്ചു രക്ഷാസമിതി ആദ്യമായി സമ്മേളിച്ചപ്പോൾ വോട്ടെടുപ്പിൻ മുമ്പായി ആ പെട്ടി തുറന്നു അവർ ഒന്നു പരിശോധിച്ചുനോക്കി. അപ്പോൾ അതിൽ ഒരു തുണ്ടുകടലാസ്സു് കിടക്കുന്നതായി അവർ കണ്ടു; അതെടുത്തു നോക്കിയപ്പോൾ അതിൽ ഇപ്രകാരം തെളിഞ്ഞ കൈയക്ഷരത്തിൽ എഴുതിയിരിക്കുന്നു! "ഈ മഹത്തായ വോട്ടുപെട്ടി നിർമ്മിക്കുന്നതിനുള്ള ഭാഗ്യം കൈവന്നുവനായ ഈ ഞാൻതന്നെ ഇതിൽ ആദ്യത്തെ വോട്ടു് ഇട്ടുകൊള്ളട്ടെ ഐക്യരാഷ്ട്രസഖ്യത്തിൻെറ ഓരോ അംഗത്തിൻെറയും കൂടെ ദൈവം ഉണ്ടായിരിക്കട്ടെ; അവരുടെ പരിശ്രമഫലമായി ശാശ്വതമായ സമാധാനം നമുക്കു കൈവരട്ടെ."—പോൾ അന്തോണിയോ, (ഒപ്പു്). ഒരു സാധു തൊഴിലാളിയായ അന്തോണിയോ തൻെറ ദൈവവിശ്വാസം ലോകത്തിലെ പ്രമുഖ രാജ്യതന്ത്രജ്ഞന്മാരുടെ മുമ്പാകെ പരസ്യമായി പ്രഖ്യാപിക്കുവാൻ സങ്കോചമോ ലജ്ജയോ പ്രദർശിപ്പിക്കുന്നില്ല. ഇന്നത്തെ ലേഖനത്തിൽ തെസ്സലോണിയക്കാരെപ്പററി വി. ശ്ലീഹാ പറയുന്നതും ഇതുതന്നെയാണു്: "നിങ്ങളെപ്പററി ഞങ്ങൾ ഒന്നും പറയുവാൻ ആവശ്യമില്ലാത്തവണ്ണം ദൈവത്തിലുള്ള നിങ്ങളുടെ വിശ്വാസം എല്ലായിടത്തും കേൾക്കപ്പെട്ടിരിക്കുന്നു." ഇന്നത്തെ കേരളീയ കത്തോലിക്കർക്കു് വി. പൗലോസു് ഒരു ലേഖനം എഴുതുകയാണെങ്കിൽ നമ്മുടെ കത്തോലിക്കാവിശ്വാസത്തെക്കുറിച്ചു് പ്രകീർത്തിച്ചു പറയുവാൻ ആ പ്രേഷിതപ്രവരനു് സാധിക്കുമോ? "നിങ്ങളുടെ വിശ്വാസത്തിൻെറ പ്രവൃത്തികൾ... ...സ്മരിക്കയും ചെയ്യുന്നു... ...മക്കദോനിയായിലും അക്കായിയായിലുമുള്ള എല്ലാ വിശ്വാസികൾക്കും നിങ്ങൾ മാതൃകയായിത്തീരുകയും ചെയ്തിരിക്കുന്നു" എന്നെല്ലാം തെസ്സലോനിയാക്കാരെക്കുറിച്ചു് വി. അപ്പസ്തോലൻ നൽകുന്ന പ്രശംസ നാം അർഹിക്കുന്നുണ്ടോ? നമ്മുടെ വിശ്വാസത്തിൻെറ പ്രവൃത്തികൾ എത്രമാത്രമുണ്ടു്? നാം ഇതരന്മാർക്കു് എത്രമാത്രം വിശ്വാസത്തിൻെറ മാതൃകാദീപങ്ങളായി പരിശോഭിക്കുന്നുണ്ടു്? ഓരോ കത്തോലിക്കനും ആത്മസംശോധനംചെയ്തുനോക്കേണ്ട വിഷയങ്ങളാണിവ.

"നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പാകെ പ്രശോഭിക്കട്ടെ" എന്നു് ദിവ്യരക്ഷകൻ നമ്മെ അഭിസംബോധനചെയ്തുകൊണ്ടു് പറയുന്നു. എന്നാൽ നാം പലപ്പോഴും വെളിച്ചത്തിനു പകരം ഇരുട്ടു്—സന്മാതൃകയ്ക്കുപകരം ദുർമ്മാതൃക—അല്ലേ വിമതസ്ഥർക്കു നൽകിക്കൊണ്ടിരിക്കുന്നതു്? നമ്മുടെ ജീവിതരീതികളും മതചടങ്ങുകളിലെ അനാശാസ്യപെരുമാററങ്ങളുംവഴിയായി അന്യമതരെ ആകർഷിക്കുന്നതിനു പകരം പലപ്പോഴും അവരെ അകററിക്കളയുകയല്ലേ നാം ചെയ്യുന്നതു്? ചിലർ ഇപ്രകാരം പറയുമായിരിക്കാം: "മതത്തിൻെറ തത്വങ്ങളുടെ വൈശിഷ്ട്യം മാത്രം നോക്കിയാൽ മതി; ആ മതാനുയായികളുടെ ജീവിതരീതി നോക്കേണ്ടതില്ല." പക്ഷേ നമ്മുടെ മതത്തിൻെറ സിദ്ധാന്തങ്ങൾ ശാസ്ത്രീയമായി പഠിച്ചറിഞ്ഞു് അതിൻെറ വൈശിഷ്ട്യം മനസ്സിലാക്കുവാൻ കുറെ വിദ്യാസമ്പന്നന്മാർക്കും പണ്ഡിതന്മാർക്കും മാത്രമേ സാധിച്ചെന്നുവരികയുള്ളൂ. സാമാന്യജനങ്ങൾക്കു് ഈ മാർഗ്ഗം എളുപ്പമല്ല. അവർക്കു് നമ്മുടെ ജീവിതരീതി, മതത്തിൻെറ ബാഹ്യചടങ്ങുകൾ മതാചാരങ്ങൾ എന്നിവയാണു് കണ്ണിൽപ്പെടുന്നതു്. അവയിൽനിന്നാണു് അവർ നമ്മുടെ മതത്തെപ്പററി അഭിപ്രായം രൂപവൽക്കരിക്കുന്നതും. ഈക്കാര്യത്തിൽ ചില ഉദാഹരണങ്ങൾമാത്രം ഇവിടെ ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ.

ഞായറാഴ്ചകളിലും കടമുള്ള ദിവസങ്ങളിലും കത്തോലിക്കർ വേലപ്രവൃത്തികൾ എടുക്കുവാനോ എടുപ്പിക്കുവാനോ പാടില്ലെന്നും കുർബാന കാണുവാൻ കടമുണ്ടെന്നും വെള്ളിയാഴ്ച മുതലായ ചില പ്രത്യേകദിവസങ്ങളിൽ മാംസം ഭക്ഷിക്കുവാൻ പാടില്ലെന്നും മററുമുള്ള നിയമങ്ങളെക്കുറിച്ചു് അകത്തോലിക്കർക്കു് ധാരാളം അറിയാം; ഈ നിയമങ്ങൾ കത്തോലിക്കർ അനുഷ്ഠിക്കുന്നുണ്ടോ എന്നും അവർ അവസരം കിട്ടുമ്പോഴെല്ലാം ആരാഞ്ഞുകൊണ്ടിരിക്കയുംചെയ്യും. എന്നാൽ വളരെയധികം കത്തോലിക്കരും ഇതൊന്നും അനുഷ്ഠിക്കാതിരിക്കുന്നതു കാണുമ്പോൾ അവർ നമ്മുടെ മതത്തിലേക്കു എങ്ങനെ ആകർഷിക്കപ്പെടും? ... ...കേരളത്തിൻെറ ചില ഭാഗങ്ങളിൽ നടത്തപ്പെടുന്ന തിരുനാൾ പ്രദക്ഷിണങ്ങൾ അകത്തോലിക്കരുടെ ദൃഷ്ടിയിൽ പരിഹാസവും വിപ്രതിപത്തിയും ഉളവാക്കുവാനല്ലേ ഉപകരിക്കുക? മദ്യപ്പിശാചിൻെറ പ്രമുഖാട്ടഹാസവും, നിരത്തിക്കൊട്ടിക്കൽ, അടികലശൽ, പ്രതിമാവാഹകന്മാരേയും വൈദികരേയും തടഞ്ഞുനിർത്തൽ—ഇവയെല്ലാം എങ്ങനെ അന്യർക്കു സന്മാതൃകകളാകും? ചില സ്ഥലങ്ങളിൽ മകരമാസത്തിലെ അമ്പുപ്രദക്ഷിണങ്ങളുടെ സ്ഥിതി ഇതിലും പരിതാപകരമല്ലയോ? മതപരമായ ഒരു ചടങ്ങിൽ ഇപ്രകാരമുള്ള അലങ്കോലങ്ങളും അനാചാരങ്ങളും ഉണ്ടാകാതിരിക്കട്ടെ... ...ഒരു പുരോഹിതശ്രേഷ്ഠൻ ദിവ്യകാരുണ്യസന്നിധിയിൽ ആചാരപൂർവ്വം മുട്ടുകുത്തിയതു് രഹസ്യത്തിൽ കണ്ടുനിന്നിരുന്ന ഒരു അകത്തോലിക്കൻ ഉടനെ മാനസാന്തരപ്പെട്ടതായി നാം കേട്ടിട്ടുണ്ടല്ലോ. എന്നാൽ, നമ്മുടെ ദേവാലയങ്ങളിലും പരിസരങ്ങളിലുമുള്ള നമ്മുടെ പെരുമാററം വിശ്വാസത്തിനനുയോജ്യമാണോ? ദേവാലയം നമുക്കു് ഒരു പൂജ്യസ്ഥലമാണെന്നു കാണികൾക്കു് അനുഭവപ്പെടുമോ? വി. കുർബാനയിൽ ദിവ്യരക്ഷകൻെറ യഥാർത്ഥസാന്നിദ്ധ്യത്തെ വിളിച്ചുപറയുന്നവയാണോ നമ്മുടെ ഓരോ പ്രവൃത്തിയും? തിക്കുംതിരക്കും ബഹളവും അച്ചടക്കരാഹിത്യവുമല്ലേ പലയിടത്തും പ്രത്യക്ഷപ്പെടുന്നതു്? ... ...അമിതമായ മദ്യപാനത്തിലും ലജ്ജാവഹമായ ഇതരദുഷ്യങ്ങളിലും കത്തോലിക്കരുടെ നില അന്യമതസ്ഥരോടൊപ്പംതന്നെയല്ലേ? ഷാപ്പിലെ പതിവുകാരിൽ വളരെപ്പേർ കത്തോലിക്കർ. വഴക്കുകളുടേയും അടികലശലിൻേറയും ആഭാസത്തരത്തിൻേറയും താണ്ഡവരംഗങ്ങളാണെന്നറിഞ്ഞിട്ടും നിരവധി കള്ളുഷാപ്പുകളും ചാരായക്കടകളും കത്തോലിക്കരല്ലേ അഹമഹമികയാ നടത്തിക്കൊണ്ടുപോകുന്നതു്? ... ..."നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ. ഇതുവഴിയായി നിങ്ങൾ എൻെറ ശിഷ്യന്മാരാണെന്നു ലോകം അറിയും" എന്നാണു് ദിവ്യനാഥൻ അരുളിച്ചെയ്തിട്ടുള്ളതു്. "കണ്ടാലും, ഈ ക്രിസ്ത്യാനികൾ എന്തുമാത്രം തമ്മിൽത്തമ്മിൽ സ്നേഹിക്കുന്നു" എന്നു് ആദിമശതകങ്ങളിലെ വിജാതിയർ ക്രിസ്ത്യാനികളെക്കുറിച്ചു് അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ടു്. എന്നാൽ നമ്മുടെ കത്തോലിക്കരുടെ സ്ഥിതിയെന്തു്? പരസ്പരം അസൂയയും പകരംവീട്ടലും അവരുടെയിടയിൽ ധാരാളമില്ലേ? അതിർത്തിതർക്കങ്ങളും അവകാശക്കേസുകളും എത്രയാണു്? സിവിലും ക്രിമിനലുമായ കോടതികളിൽ സ്വജീവിതം ചെലവഴിക്കുന്ന കത്തോലിക്കർ ധാരാളമില്ലേ? ജയിലുകളിൽ കത്തോലിക്കർക്കു ഗണ്യമായ പ്രാതിനിധ്യമില്ലേ? കള്ളാധാരങ്ങളും കള്ളക്കേസുകളും ചില കത്തോലിക്കരുടെ കുത്തകയല്ലേ? നീതി, സത്യം, മര്യാദ എന്നിവയെല്ലാം പല കത്തോലിക്കരും മറവിട്ടിരിക്കുന്നതായി അകത്തോലിക്കർക്കും അനുഭവപ്പെടുന്നില്ലേ? ഇതെല്ലാം കാണുന്നവർ എങ്ങനെ നമ്മെ മാതൃകയായി പരിഗണിക്കും? മാർപ്പാപ്പാമാരുടെ വിശ്വലേഖനങ്ങളിൽ പറഞ്ഞിട്ടുള്ള ജീവനക്കൂലി തൊഴിലാളികൾക്കു നല്കുവാൻ സന്മനസ്സുള്ള കത്തോലിക്കാ മുതലാളികൾ എത്രപേരുണ്ടു്? ... ... ...ഇതരമതങ്ങളെ അപേക്ഷിച്ചു് കത്തോലിക്കാമതത്തിനുള്ള മേന്മ തദനുയായികളുടെ ജീവിതരീതിയിൽ പ്രശോഭിക്കട്ടെ. "നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പാകെ പ്രകാശിക്കട്ടെ."

(ജെ. ചെമ്മണൂർ)

കാഞ്ഞൂർ വി. സെബസ്ത്യാനോസിൻെറ മദ്ധ്യസ്ഥതാൽ ലഭിച്ച അനുഗ്രഹങ്ങൾക്കു ഉപകാരസ്മരണ.

ആൻഡ്രൂ കൊറയ, കാഞ്ഞൂർ

---

ബ. അൽഫോൻസാമ്മയുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു കൃതജ്ഞത.

മിസ്സിസ്സ് മറിയാമ്മ പോൾ ഒല്ലൂർ

---

## പട്ടണത്തിനു പാപ്പായുടെ നാമധേയം

വാഴ്ത്തപ്പെട്ട പത്താം പീയൂസ് പാപ്പായുടെ ജന്മസ്ഥലമായ ഇററലിയിലെ റീസ് എന്ന പട്ടണത്തിൻെറ പേരു് റീസ് പീയൊ X എന്നാക്കി മാററിയിരിക്കുന്നു അവിടത്തെ നഗരസഭയുടെ അഭിപ്രായപ്രകാരവും ഗവര്‍മ്മെൻറധികാരികളുടെ അംഗീകാരത്തോടുകൂടിയുമാണു് നഗരത്തിനു പുതിയ പേർ നൽകിയിരിക്കുന്നതു്.




മേലൂർ: എറണാകുളം മെത്രാപ്പോലീത്താ തിരുമനസ്സിലെ ഗുരുപ്പട്ട ജൂബിലി പ്രമാണിച്ചു് നവംബർ 16,17,18 എന്നി തീയതികളിൽ പൊതുധ്യാനവും 20,21,22 എന്നി തീയതികളിൽ നാല്പതുമണിയാരാധനയും ആരാധനാദിവസങ്ങളിൽ വൈകിട്ടു് ദിവ്യകാരുണ്യസമ്മേളനങ്ങളും നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു.

—മാറൂർ: മെത്രാപ്പോലീത്താ തിരുമനസ്സിലെ ജൂബിലി പ്രമാണിച്ചു് മൂന്നു ദിവസത്തെ പൊതുധ്യാനവും ഇടന്നു് 12 മണിയാരാധനയും ദിവ്യകാരുണ്യസമ്മേളനവും നടത്തപ്പെട്ടു.

—കാഞ്ഞിരത്താനം: ചെറുപുഷ്പമിഷൻ ലീഗിൻെറ ഒരു ശാഖ ഒക്ടോബർ 21-ാംനു- റവ. ഫാ. എമ്മാനുവേൽ വടക്കേമുറി ഉൽഘാടനം ചെയ്തിരിക്കുന്നു. ബ്രദർ ജോസഫ് കുര്യാക്കോസ് തദവസരത്തിൽ ഒരു പ്രസംഗം ചെയ്യുകയുണ്ടായി.

—മുട്ടുചിറ: മിഷൻലീഗ് ശാഖയിൽനിന്നും ഡിനാജ്പൂർ മിഷനറി റവ. ഫാ. ജോബു് എളമ്പാശേരി അവർകൾക്കു് 100 ക. സംഭാവനനല്കുകയും ഒരു ഉപദേശിയുടെ ശമ്പളമായ 25 ക. മാസംതോറും അയച്ചുകൊടുക്കാമെന്നേല്ക്കുകയും ചെയ്തിരിക്കുന്നു.

### പരിഹാരപ്രദക്ഷിണങ്ങൾ

കുത്താട്ടുകുളം: വടകര ഇടവകജനങ്ങളുടെ പ്രത്യേക ഉത്സാഹഫലമായി സത്യാരാധനാസഖ്യാംഗങ്ങളുടേയും ഫ്രാൻസിസ്കൻ മൂന്നാംസഭാംഗങ്ങളുടേയും ആഭിമുഖ്യത്തിൽ മുപ്പത്തിരണ്ടു പള്ളിക്കാരുടെ പരിഹാരപ്രദക്ഷിണങ്ങൾ നവംബർ

---

ബ. അൽഫോൻസാമ്മയുടെ സഹായത്താൽ, എൻെറ അമ്മയുടെ അസാദ്ധ്യതരമായിരുന്ന നേത്രരോഗം സുഖപ്പെട്ടതിനു് കൃതജ്ഞത.

കെ. വി. ജെ., തിടനാട്ടു്

---

3-ാം തീയതി കാലത്തു് കൂത്താട്ടുകുളത്തേക്കു് നടത്തിയിരിക്കുന്നു. ഓരോരുത്തരും മൂന്നടിനീളമുള്ള കുരിശുകൾ വഹിച്ചുകൊണ്ടും ജപമാല ചൊല്ലി പ്രാർത്ഥിച്ചുകൊണ്ടുമാണു് പ്രദക്ഷിണത്തിൽ സംബന്ധിച്ചിരുന്നതു്. കുറവിലങ്ങാട്ടു്, രാമപുരം, ഉഴവൂർ, ആരക്കുഴ, കടനാട്ടു്, മാന്നത്തൂർ, കലൂർ, കല്ലൂർകാട്ടു്, കലയന്താനി, മററികപഴയപള്ളി, മററികപുതിയപള്ളി, പെരുങ്ങുഴ, നെടിയകാട്ടു്, കരിങ്കുന്നം, മികുന്നം, തിടനാട്ടു്, പൈക, തുടങ്ങനാട്ടു്, മുത്തോലപുരം, ഇഞ്ഞലി, പിറവം, താമരക്കാട്ടു്, പുതുവേലി, അരിക്കര, തോട്ടക്കര, മോനിപ്പള്ളി, നീറന്താനം, നാഗപ്പുഴ, കുണിഞ്ഞി, കാക്കൂർ, വടകര, കൂത്താട്ടുകുളം എന്നിങ്ങനെ നാലുഫ്രപതകളിൽപ്പെട്ട മുപ്പത്തിരണ്ടു പള്ളിക്കാരടങ്ങിയ അയ്യായിരം ആളുകളാണു് പരിഹാരവും പ്രാർത്ഥനയും നടത്തിക്കൊണ്ടു് കൂത്താട്ടുകുളത്തേക്കു പ്രവഹിച്ചതു്. ഉച്ചതിരിഞ്ഞു് പാലാമെത്രാൻ ഡോക്ടർ സെബാസ്ത്യൻ വയലിൽ തിരുമേനിയുടെ മഹനീയാദ്ധ്യക്ഷതയിൽ ഒരു മഹാസമ്മേളനം നടത്തുകയും തദവസരത്തിൽ ബ്രദർ പീററർ റെസ്സി എം. എ. എൽ. ടി. അവർകളും റവ. ഫാ. ലിയോ ഒ. എഫ്. എം. (കപ്പൂച്ചിൻ) അവർകളും "പരിഹാരം" "സമാധാനം" എന്ന വിഷയങ്ങളെപ്പററി പ്രസംഗിക്കയുണ്ടായി.

—കണ്ണങ്കര: വിൻസെൻറു് ഡി പോൾ സംഘത്തിൻെറ ആഭിമുഖ്യത്തിൽ ഒക്ടോബർ 28-ാംനു- ടി പള്ളിയിൽനിന്നും 600-ൽപരം സ്ത്രീപുരുഷന്മാർ മരക്കുരിശു വഹിച്ചുകൊണ്ടും കൊന്തനമസ്കാരം ചൊല്ലിക്കൊണ്ടും തണ്ണീർമുക്കം, പാലുത്ര മുതലായ പള്ളികൾ സന്ദർശിക്കുകയും തിരിച്ചു കണ്ണങ്കരപ്പള്ളിയിൽവന്നു് സ്ഥലം ഇംഗ്ലീഷ് സ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ പീററർ വട്ടപ്പറമ്പിൽ അവർകളുടെ അദ്ധ്യക്ഷതയിൽ ഒരു യോഗം ചേരുകയും ചെയ്തിരിക്കുന്നു.

—നിലംമ്പൂർ: സ്ഥലം സംക്രാന്തിപള്ളിയിൽ കിട്ടിയിരുന്നപാൽപ്പൊടിയും, മുട്ടയും മാവുംകൊണ്ടു് റൊട്ടിയും ജാതിമതഭേദമന്യേ വിതരണം ചെയ്തിരിക്കുന്നു.

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശ്ശേരി

റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ ബി. എ., ഡി. ഡി.

Vol. 25 || ERN KULAM, NOVEMBER 14, 1951 || No. 13


# ഹംഗറിയിലെ മതമർദ്ദനം

റോമയിൽനിന്നും ഈശോസഭാവൈദികരുടെ വകയായി പ്രസിദ്ധപ്പെടുത്തുന്ന "ലാ ചിവിൽത്ത കത്തോലിക്കാ" എന്ന മാസികയുടെ സെപ്റ്റംബർലക്കത്തിൽ ഹംഗറിയിലെ മതമർദ്ദനത്തെ അധികരിച്ച് ഫാദർ കവല്ലി എസ്. ജെ. എഴുതിയിരുന്ന ലേഖനത്തിന്റെ ഒരു സംഗ്രഹം ഒക്ടോബർ 14-ാം തീയതിയിലെ മദ്രാസ് മെയിൽ പത്രത്തിൽ ചേർത്തിരുന്നു. ഹംഗറിയിലെ കമ്മ്യൂണിസ്റ്റ് ഗവമ്മെന്റും കത്തോലിക്കാസഭയും തമ്മിലുണ്ടായിട്ടുള്ള സംഘട്ടനത്തെപ്പററി "മെയിൽ"പ്പത്രത്തിലെ പ്രസ്തുത ലേഖനം നൽകുന്ന വിവരങ്ങൾ ശ്രദ്ധേയമായിരിക്കുന്നു.

## സാമാന്യതന്ത്രം

കത്തോലിക്കാസഭയുമായി ഒരൊത്തുതീർപ്പിൽ എത്താൻ ശ്രമിക്കുകയെന്നതു കമ്മ്യൂണിസ്റ്റ് ഭരണകൂടങ്ങളുടെ ഒരു സാമാന്യതന്ത്രമാണ്. മതസ്വാതന്ത്ര്യത്തിൽ കൈവയ്ക്കുവാൻ തങ്ങൾ ഉദ്ദേശിക്കുന്നില്ല എന്ന ഒരു ധാരണ ജനങ്ങളുടെയിടയിൽ ഉളവാക്കുവാനായിട്ടാണ് അവർ അങ്ങനെ ചെയ്യുന്നതു്. ഈ തന്ത്രം അവർ ഹംഗറിയിലും പ്രയോഗിച്ചു. തങ്ങൾ പ്രതീക്ഷിച്ചിരുന്നതുപോലെ കാര്യങ്ങൾ മുന്നോട്ടു പോകുന്നില്ല എന്നു് അവിടത്തെ ഭരണമേധാവികൾക്കു ബോദ്ധ്യമായതാണ് അതിനുള്ള പ്രത്യേകകാരണം. എന്നാൽ ആദ്യമേതന്നെ അവർ ഉയർന്ന ഉദ്യോഗസ്ഥന്മാരിലും പാർട്ടിയംഗങ്ങളിലും ഒരു "വലിയ ശുചീകരണം" നടത്താനാണു തുടങ്ങിയതു്. 1950 ഫെബ്രുവരി 10-ാംനു പ്രധാനമന്ത്രി മത്തിയാസ് റക്കോസിയുടെ നേതൃത്വത്തിൽ അതാരംഭിച്ചു. പക്ഷെ അത്ര വിജയപ്രദമായില്ല. കമ്മ്യൂണിസ്റ്റ് ഗവമ്മെന്റിനോടും പാർട്ടിയോടും ആത്മാർത്ഥമായി സഹകരിക്കാതിരുന്ന ഉദ്യോഗസ്ഥന്മാർക്കും പാർട്ടിമെമ്പർമാർക്കുമെതിരായി നീട്ടിയ മർദ്ദനഹസ്തം രാജ്യത്തിലാകമാനം അസ്വാസ്ഥ്യതയുളവാക്കി. ഗവമ്മെന്റിനോടുള്ള വെറുപ്പും എതിർപ്പും അടിക്കടി വളരുവാൻ തുടങ്ങി. ഈ വിഷമസന്ധിയിലാണു കത്തോലിക്കാസഭയുമായി ഒരൊത്തുതീർപ്പിൽ എത്തിയാൽ കൊള്ളാമെന്നു ഗവമ്മെന്റു് ആഗ്രഹിച്ചതു്. ഈ സൂത്രം ഫലിക്കയാണെങ്കിൽ, ഗവമ്മെന്റിന്റെ പ്രശസ്തി വർദ്ധിക്കുമെന്നും, പ്രതിയോഗികൾക്കു ന്യായമായി പ്രതീക്ഷിക്കാവുന്ന ഏററവും ശക്തിമത്തായ പിന്തുണ നഷ്ടപ്പെടുമെന്നും ഭരണമേധാവികൾ ആശിച്ചു. എന്നാൽ മേൽപ്പറഞ്ഞതരം ഒരൊത്തുതീർപ്പിൽ എത്തുന്നതിനു് ഗവമ്മെന്റ് നേരത്തെതന്നെ സഭയ്ക്കെതിരായി സ്വീകരിച്ചിരുന്ന മർദ്ദനപരിപാടികളും ഭീഷണികളും കുറെക്കൂടി വിപുലമായ തോതിൽ പ്രയോഗിക്കുക എന്നതല്ലാതെ മററു മാർഗ്ഗമൊന്നുമില്ലായിരുന്നു.

## മുൻനടപടികൾ

1948-ലാണ് സഭയെ നേരിട്ടാക്രമിക്കാൻ തുടങ്ങിയതു്. അക്കൊല്ലം, കത്തോലിക്കരുടെവകയായുണ്ടായിരുന്ന എല്ലാ (3141) സ്കൂളുകളും മുദ്രാലയങ്ങളും മതപരവും ജീവകാരുണ്യപരവുമായ സംഘടനകളും രാഷ്ട്രസാൽക്കരിക്കയോ നിർത്തലാക്കുകയോ ചെയ്തു. ഈദൃശപരിപാടികൾ പരിപൂർണ്ണവിജയത്തിലെത്തിക്കുന്നതിനു കാർഡിനൽ മിൻസെന്റി ഒരു വലിയ പ്രതിബന്ധമായിരിക്കുമെന്നു കണ്ടതിനാൽ അദ്ദേഹത്തെ അറസ്റ്റു് ചെയ്യുകയും ഒരു "വിസ്താരം" അഭിനയിച്ചുശേഷം തടവുശിക്ഷയ്ക്കു വിധിക്കുകയും ചെയ്തു. അതോടെ കമ്മ്യൂണിസ്റ്റുകാരുടെ ഭീകരഭരണത്തിന്റെ നഗ്നമായ വിളയാട്ടം ആരംഭിച്ചു. അന്യായമാർഗ്ഗങ്ങൾ പ്രയോഗിച്ചു കർദ്ദിനാളിൽനിന്നു പുറത്തുവരുത്തിയ "കുററസമ്മതങ്ങൾ" അൽമേനികളേയും ഒരു ഭാഗം വൈദികരേയും അന്ധാളിപ്പിക്കുകയും ഇതികർത്തവ്യതാമൂഢരാക്കിച്ചമയ്ക്കുകയും ചെയ്തു. കമ്മ്യൂണിസ്റ്റുകാരുടെ ആഗ്രഹവും അപ്രകാരമുള്ള ഒരു പരിഭ്രാന്തി സൃഷ്ടിക്കണമെന്നുള്ളതായിരുന്നു. എന്നുവരികിലും ഹംഗറിയിലെ മെത്രാന്മാർ ദൃഢവ്രതരായിത്തന്നെ നിലകൊള്ളുകയും 1949 ജൂലൈ 1-ാംനുയിലെ അവരുടെ പ്രസ്താവനയിൽ, കർദ്ദിനാളിനെതിരായി ഗവമ്മെന്റു സ്വീകരിച്ച നടപടികളെ ശക്തിയുക്തം പ്രതിഷേധിക്കുകയും ചെയ്തു.

ഈ സാഹചര്യങ്ങളിൽ കമ്മ്യൂണിസ്റ്റുകാർ ഒരു പുതിയ തന്ത്രം പ്രയോഗിച്ചു. അടുത്തുവന്ന മാർച്ചുമാസത്തിൽ ഹംഗറിയുടെ തലസ്ഥാനമായ ബുഡാപ്പെസ്റ്റിൽവച്ചു ഒരു "സമാധാനസമ്മേളനം" നടക്കുകയുണ്ടായി. അതിൽ ഏതാനും വൈദികരെ ഭാഗഭാക്കുകളാക്കുന്നതിനു് അവർക്കു സാധിച്ചു. അതു് അവരുടെ ഒരു വമ്പിച്ച വിജയമായിരുന്നു. അവർ ആ "സമാധാന"പല്ലവി സദാ ഉരുവിട്ടുകൊണ്ടുതന്നെയിരുന്നു. മെത്രാന്മാർ ഒന്നുകിൽ അവരുടെ പ്രസ്ഥാനത്തോടു അനുകൂലിക്കണം; അല്ലാത്തപക്ഷം, യുദ്ധപ്രണയികൾ എന്നും സാമ്രാജ്യദുർമ്മോഹികളുടെ ചങ്ങാതിമാരെന്നും മുദ്രയടിക്കപ്പെടുന്നതിനു സ്വയം അനുവദിക്കണം എന്ന ദുർഘടസന്ധിയിൽ എത്തിച്ചേർന്നു. ആഗസ്റ്റ് 1-ാംനു വൈദികരുടെ ഒരു "സമാധാനകമ്മിററി" വിളിച്ചുകൂട്ടുന്നതിനു ബുഡാപ്പെസ്റ്റ് സർവ്വകലാശാലയ്ക്കു സാധിച്ചു. അതു കമ്മ്യൂണിസ്റ്റുകാരുടെ രണ്ടാമത്തെ വിജയമായിരുന്നു. സമാധാനത്തിന്റെയും പരസ്നേഹത്തിന്റെയും സ്വരാജ്യസ്നേഹത്തിന്റെയും പേരു പറഞ്ഞു, "എതിർപക്ഷത്തു നിലകൊള്ളുന്ന വത്തിക്കാന്റെ നയതന്ത്ര"ത്തേയും ഗവമ്മെന്റുമായി അഭിമാനകരമായ ഒരൊത്തുതീർപ്പിലെത്താൻ വിസമ്മതിക്കുന്ന മെത്രാന്മാരുടെ "മർക്കടമുഷ്ടി"യേയും കുററപ്പെടുത്തുന്നതിനു് അവർ ഈദൃശാവസരങ്ങൾ ഉപയോഗപ്പെടുത്തി.

## സന്യാസസമൂഹങ്ങൾക്കെതിരായുള്ള മർദ്ദനപരിപാടികൾ

ഇക്കാലമത്രയും മെത്രാന്മാർ പിടിച്ചുനിന്നുവെങ്കിലും അവസാനം, സന്യാസസമൂഹങ്ങൾക്കെതിരായി ഗവമ്മെന്റ് സ്വീകരിച്ച മർദ്ദനപരിപാടികൾ അവരുടെ ആത്മവീര്യത്തെ നഷ്ടപ്രായമാക്കി. 1949-ന്റെ ആദ്യഭാഗത്താണ് അവ ആരംഭിച്ചതു്. ഏററവുമധികം പീഡനം സഹിക്കേണ്ടിവന്നതു കന്യാസ്ത്രീകൾക്കാണ്. വിദ്യാലയങ്ങളിൽനിന്നും ആസ്പത്രികളിൽനിന്നും അവർ നിഷ്കാസിതരായി എന്നുമാത്രമല്ല വളരെപ്പേർ ആശ്രമങ്ങളിൽനിന്നും നിഷ്കരുണം മാററപ്പെടുകയും പരസ്യവീഥികളിൽ നിരാശ്രയരായി തള്ളപ്പെടുകയും ചെയ്തു.

ഇവയെല്ലാം കുറെക്കൂടി വിപുലമായ തോതിലുള്ള ഒരാക്രമണത്തിനുള്ള കളമൊരുക്കലായിരുന്നു. 1950 ജൂൺ 9, 10 എന്നീ തിയതികളിലെ രാത്രികളിൽ യുഗോസ്ലാവിയായുടെ അതിർത്തിപ്രദേശങ്ങളിലുള്ള കന്യകാമഠങ്ങളേയും സന്യാസിമന്ദിരങ്ങളേയും പെട്ടെന്നാക്രമിക്കുകയും സന്യാസിനികളും സന്യാസികളും ഉൾപ്പെടെ 1000-ത്തോളം പേരെ ലോറികളിൽ കയററി ഉൾപ്രദേശങ്ങളിലേക്കു കൊണ്ടുപോകുകയും ചെയ്തു. ഗവമ്മെന്റിന്റെ പ്രേരണാഫലമായി പത്രങ്ങളും റേഡിയോകളും സന്യാസസഭാംഗങ്ങളെ മാത്രമല്ല, "ജനകീയശത്രുക്കളാ"യ എല്ലാ വൈദികരേയും മെത്രാന്മാരേയും സൈബീരിയായിലെ തടങ്കൽപ്പാളയങ്ങളിലേക്കു് അയക്കണമെന്നു മുറവിളികൂട്ടുവാനും തുടങ്ങി.

## "ഒത്തുതീർപ്പ്"

ഈദൃശസാഹചര്യങ്ങളിൽ ഹംഗറിയിലെ മെത്രാന്മാർ "രണ്ടു തിന്മകളിൽവച്ചു ചെറിയ തിന്മയെ തിരഞ്ഞെടുത്തുകൊണ്ടു്" ഗവമ്മെന്റുമായി താല്ക്കാലികമായ ഒരൊത്തുതീർപ്പിലെത്താൻ സന്നദ്ധത പ്രകടിപ്പിച്ചതിൽ ആശ്ചര്യത്തിനു വകയില്ലല്ലോ. കാലേക്കൂട്ടി തയ്യാറാക്കിയ "ഒത്തുതീർപ്പി"ൽ 1950 ആഗസ്റ്റ് 30-ാംനു ഉഭയകക്ഷികളും ഒപ്പുവച്ചു. അതിന്റെ മുഖവുരയിൽ ഹംഗേറിയൻ ഹയരാർക്കിയുടെ ഡീനായ മോൺ. ജെ. ഗ്രോസ് തിരുമേനി ഇപ്രകാരം പ്രസ്താവിച്ചിരുന്നു: "സഭയും രാഷ്ട്രവും തമ്മിലുള്ള ബന്ധത്തിന്റെ കാര്യത്തിൽ പരിശുദ്ധസിംഹാസനത്തിനുള്ള അവകാശങ്ങളെ അല്പമായിട്ടുപോലും ഉല്ലംഘിക്കുവാൻ തങ്ങൾക്കാഗ്രഹമില്ലെന്നു് ഈ കോൺഫറൻസ് ഉച്ചൈസ്തരം പ്രഖ്യാപിക്കുന്നു." സന്ധിയിലെ പ്രധാനവ്യവസ്ഥകൾ താഴെ ചേർക്കുന്നവയായിരുന്നു:—

1. മെത്രാന്മാർ ഹംഗേറിയൻ ജനകീയറിപ്പബ്ലിക്കിനെ അംഗീകരിക്കുന്നു.
2. രാഷ്ട്രത്തിനു് എതിരായുള്ള എല്ലാത്തരം അട്ടിമറിപ്പൻ പ്രസ്ഥാനങ്ങളേയും അവർ പ്രതിഷേധിക്കുന്നു.
3. സാമൂഹികനീതിയും കൂടുതൽമെച്ചമായ ഒരു ജീവിതവ്യവസ്ഥിതിയും കൈവരുത്തുന്നതിനു രാഷ്ട്രവുമായി ഹൃദയപൂർവ്വം സഹകരിച്ചു പ്രവർത്തിക്കുന്നതിനു് അവർ എല്ലാം വൈദികരേയും അൽമേനികളേയും ആഹ്വാനംചെയ്യുന്നു.
4. സമാധാനസ്ഥാപനാർത്ഥം രാഷ്ട്രം ചെയ്തുകൊണ്ടിരിക്കുന്ന പരിശ്രമങ്ങളെ അവർ അംഗീകരിക്കുകയും എല്ലാ യുദ്ധപ്രണയികളുടേയും അററംബോംബു് പ്രയോഗിക്കുന്നതിൽ ഉദ്യുക്തരായിരിക്കുന്ന എല്ലാ ജനപദങ്ങളുടേയും നേർക്കുള്ള പ്രതിഷേധത്തെ രേഖപ്പെടുത്തുകയും ചെയ്യുന്നു.

ഗവമ്മെന്റിന്റെ ഭാഗത്തുനിന്നു താഴെച്ചേർക്കുന്ന വാഗ്ദാനങ്ങൾ ചെയ്തു:—

1. എല്ലാ കത്തോലിക്കർക്കും പൂർണ്ണമായ മതസ്വാതന്ത്ര്യവും കത്തോലിക്കാസഭയ്ക്കു പൂർണ്ണമായ പ്രവർത്തനസ്വാതന്ത്ര്യവും നല്കും.
2. എട്ടു കത്തോലിക്കാവിദ്യാലയങ്ങൾ നടത്തിക്കൊണ്ടുപോകുവാൻ അനുവദിക്കും.
3. പതിനെട്ടുകൊല്ലക്കാലത്തേക്കു്, ആണ്ടുതോറും കുറഞ്ഞുവരുന്ന തോതിൽ, സഭയുടേയും വൈദികരുടേയും പണച്ചെലവുകൾ രാഷ്ട്രം വഹിക്കുന്നതായിരിക്കും.

ഈ സന്ധി തങ്ങളുടെ മഹാമനസ്കതയുടേയും ഔദാര്യശീലത്തിന്റേയും ഒരു പ്രത്യക്ഷലക്ഷ്യമാണെന്നു കമ്മ്യൂണിസ്റ്റുകാർ അഭിമാനപൂർവ്വം പ്രഖ്യാപിച്ചു. എന്നാൽ യഥാർത്ഥത്തിൽ അതു എല്ലാ സന്യാസസമൂഹങ്ങളേയും കീഴ്പ്പെടുത്തുവാനായി അവസാനമൈക പ്രയോഗിച്ചതായിരുന്നു. രാഷ്ട്രം വാഗ്ദാനംചെയ്ത സ്വാതന്ത്ര്യം കത്തോലിക്കരെ ആകർഷിക്കാൻവേണ്ടി കൊളുത്തിയിട്ട ഒരിരയല്ലാതെ മറെറാന്നുമായിരുന്നില്ല. സഭയ്ക്കു കൂടുതലായ യാതൊരു സ്വാതന്ത്ര്യവും കരഗതമായില്ല എന്നതാണു പരമാർത്ഥം. വിദ്യാലയങ്ങളിൽനിന്നു ക്രിസ്തീയമായ എല്ലാ സ്വാധീനശക്തിയും ഒരൊററ അടിക്കു നിഷ്കാസനംചെയ്യാൻ സാധിച്ചുവെന്നതു ഗവമ്മെന്റിന്റെ വലിയൊരു നേട്ടമായിത്തീർന്നു. ഒരുതരം വിലക്ഷണമായ മിശ്രവിദ്യാഭ്യാസം സ്കൂളുകളിലും സമ്മർക്യാമ്പുകളിലും സ്ഥലം പിടിച്ചു. നിയന്ത്രണങ്ങളും ഭീഷണികളും നിമിത്തം ദേവാലയങ്ങളിൽപ്പോലും ജനങ്ങൾക്കാവശ്യമായ മതബോധനവും ഉപദേശവും നല്കാൻ പുരോഹിതന്മാർക്കു സ്വാതന്ത്ര്യമില്ലാതായി.

## ഭൗതികത്വവും നാസ്തികത്വവും പ്രചരിപ്പിക്കാനുള്ള ശ്രമം

ഹംഗറിമുഴുവനും അക്രിസ്തീയമാക്കുവാനായിരുന്നു ഗവമ്മെന്റിന്റെ യഥാർത്ഥോദ്ദേശ്യം. അതു സാധിക്കുവാൻവേണ്ടി സകല കഴിവുകളുമുപയോഗിച്ചു ഭൗതികത്വവും നിരീശ്വരത്വവും പ്രചരിപ്പിക്കുവാനുള്ള ശ്രമം തുടങ്ങി. മതപരങ്ങളായ കർമ്മങ്ങളും ആചാരങ്ങളും പരസ്യമായ അവഹേളനത്തിനു വിഷയമാക്കപ്പെട്ടു. അതുകൊണ്ടുമാത്രമായില്ല. ഗവമ്മെന്റിന്റെ നിഷ്ഠുരമായ മർദ്ദനഹസ്തം വീണ്ടും സഭയ്ക്കെതിരായി നീട്ടുന്നതിനു ഭരണധുരന്ധരന്മാർ അവസരം പാർത്തിരുന്നു. അപ്പോഴാണ്—1951 ഏപ്രിൽ 3-ാംനു—ഹയരാർക്കി ഒരു പ്രസ്താവന പുറപ്പെടുവിച്ചതു്. അതിൽ, മെത്രാന്മാർ "സമാധാനപ്രസ്ഥാന"ത്തിനു വാഗ്ദാനംചെയ്ത പിന്തുണ മതപരവും ധാർമ്മികവുമായ രംഗങ്ങളിൽ മാത്രമാണെന്നും അല്ലാതെ രാഷ്ട്രീയമോ ദേശീയമോ അന്തർദ്ദേശീയമോ ആയ രംഗങ്ങളിലല്ലെന്നും ഗവമ്മെന്റിനെ അനുസ്മരിപ്പിച്ചിരുന്നു. ഉടനടി അതിന്റെ പ്രത്യാഘാതവുമുണ്ടായി. മേയ് 18-ാംനു മോൺ. ജോസഫ് ഗ്രോസ് അറസ്റ്റുചെയ്യപ്പെട്ടു. ഒരു മാസത്തിനുശേഷം "വിസ്താരം" ആരംഭിച്ചു. കാർഡിനൽ മിൻസെന്റിയുടെ കാര്യത്തിൽ നടത്തിയതുപോലുള്ള ഒരു പ്രഹസനാഭിനയമായിരുന്നു അതു്. ഫലവും വ്യത്യസ്തമല്ലായിരുന്നു. അപ്രതീക്ഷിതമായ ഒരു കുററസമ്മതം മോൺ. ഗ്രോസിന്റെ അധരങ്ങളിൽനിന്നും പുറപ്പെട്ടു: താൻ "രാഷ്ട്രത്തിന്റെ ഒരു കടുത്ത ശത്രു"വാണെന്നും ഹംഗറിയിലെ ജനകീയ റിപ്പബ്ലിക്കിനെ തകിടംമറിക്കുന്നതിനായി താനൊരു സായുധവിപ്ലവത്തിനു കോപ്പുകൂട്ടിയെന്നും. മററു മൂന്നു മെത്രാന്മാരും ഏററവും നികൃഷ്ടമായ കുററങ്ങൾ ഏററുപറയുകയും "ആ യുദ്ധപാതകിയായ ഗ്രോസുമെത്രാപ്പോലീത്ത"യുമായി സഹകരിച്ചതിൽ ഖേദം പ്രകടിപ്പിക്കുകയും ചെയ്തു.

## "നിഷ്പക്ഷത"

എന്നിട്ടും ഗവമ്മെന്റ് "നിഷ്പക്ഷത"യെപ്പററി സംസാരിച്ചുകൊണ്ടിരിക്കുകയാണ്. "സഭാകാര്യങ്ങൾക്കായുള്ള ഒരു വകുപ്പ്" (Ministry for Ecclesiastical Affairs) ഹംഗറിയിൽ പുതുതായി സൃഷ്ടിക്കപ്പെട്ടിട്ടുണ്ടു്. ആ വകുപ്പിന്റെ മേധാവിത്വം വഹിക്കുന്ന മന്ത്രി ഗവമ്മെന്റിന്റെ പിണിയാളുകളായി വർത്തിക്കുന്ന "സമാധാനപ്രേമി"കളായ പുരോഹിതന്മാരിൽനിന്നും വികാരി ജനറാളന്മാരേയും ചാൻസലറന്മാരേയും ഇടവകവികാരിമാരേയും ധാരാളമായി നിയമിച്ചുവരുന്നു. വലിയ വലിയ ഇടവകകളാണ് ഇത്തരം വൈദികരുടെ ഭരണത്തിനു് ഏല്പിക്കപ്പെടുന്നതു്. ആദർശസമ്പന്നരും ഉത്തമരുമായ വൈദികർ തടങ്കൽപ്പാളയങ്ങളിലേക്കു് അയക്കപ്പെടുകയുംചെയ്യുന്നു. മേലാൽ ഗവമ്മെന്റു് സഭാകാര്യങ്ങളിലും നിർവിശങ്കം കൈകടത്തുകയും അത്തരം രംഗങ്ങളിൽ സ്വൈരവിഹാരംചെയ്യുകയും ചെയ്യുന്നതായിരിക്കും. ഗവമ്മെന്റിനോടു ചോദിക്കാൻ ആരാണുള്ളതു്? ഇക്കഴിഞ്ഞ ജൂലൈ 9-ാംനു ഹംഗറിയിലെ എല്ലാ പെററിസെമ്മിനാരികളും നിർത്തലാക്കി. ജൂലൈ 21-ാംനു എല്ലാ മെത്രാന്മാരും മൂന്നു പ്രൊവിൻഷ്യൽമാരും ഒരു ആബട്ടും (ആശ്രമശ്രേഷ്ഠനും) "ജനകീയറിപ്പബ്ലിക്കി"നെ പിന്താങ്ങിക്കൊള്ളാമെന്നു് സത്യപ്രതിജ്ഞചെയ്യുവാൻ നിർബന്ധിക്കപ്പെട്ടു. ഇനി എന്തൊക്കെയാണു് സംഭവിപ്പാൻ പോകുന്നതെന്നു് ദൈവത്തിനുമാത്രമേ അറിയാവൂ.

## നമുക്കൊരു പാഠം

ഹംഗറിയിലെമതപീഡനചരിത്രം നമുക്കൊരു പാഠമായിരിക്കട്ടെ. കമ്മ്യൂണിസ്റ്റുകാർ അധികാരത്തിൽ വരുന്ന രാജ്യങ്ങളിലെല്ലാം ഇതുപോലെയുള്ള അനുഭവങ്ങളാണ് സഭയ്ക്കും മതനിഷ്ഠയുള്ള ക്രൈസ്തവർക്കെല്ലാവർക്കുമുണ്ടാകുന്നതു്. ഹംഗറിയിൽ പ്രയോഗിക്കപ്പെട്ട അടവുകളും മർദ്ദനപരിപാടികളുമാണ് കമ്മ്യൂണിസ്റ്റുപിടിയിലമർന്നിരിക്കുന്ന പൂർവ്വയൂറോപ്യൻരാജ്യങ്ങളിലും ചൈനയിലും പ്രയോഗിക്കപ്പെട്ടതു്. കമ്മ്യൂണിസ്റ്റുകാർ നമ്മുടെ നാട്ടിൽ അധികാരത്തിൽ വരുന്നപക്ഷവും ഇതേതരത്തിലുള്ള അനുഭവങ്ങൾ നമുക്കും പ്രതീക്ഷിക്കാവുന്നതാണ്. എന്നാൽ അവർ സ്വലക്ഷ്യം സാധിക്കുന്നതുവരെ "കാര്യം കാണാനായി" മിത്രഭാവം നടിക്കുകയും പൊള്ളവാഗ്ദാനങ്ങൾ ചെയ്യുകയുമൊക്കെ ചെയ്തേക്കാം. സാധുജനോദ്ധാരകരായി പ്രത്യക്ഷപ്പെട്ടു് വോട്ടുകൾ കരസ്ഥമാക്കാൻ ശ്രമിച്ചെന്നും വരാം. പക്ഷെ അക്കൂട്ടരെ ഒരിക്കലും വിശ്വസിക്കാവുന്നതല്ല. "വ്യാജപ്രവാചകന്മാരെ സൂക്ഷിച്ചുകൊള്ളുവിൻ. അവർ കുഞ്ഞാടിന്റെ വേ

# വിശുദ്ധപദദാനപ്രഖ്യാപനം

വെരി റവ. ഫാ. സി. ററി. കൊട്ടാരം,
(ബി. എ., എൽ. ററി., എൽ. ഡി., എഫ്. ആർ. എസ്. എ)

വിശുദ്ധപദപ്രഖ്യാപനത്തിന്റെ (Canonisation) അർത്ഥമെന്താണെന്നും, പ്രസ്തുത പ്രഖ്യാപനം മാർപ്പാപ്പായുടെ അപ്രമാദിത്വത്തെ എങ്ങനെ സ്പർശിക്കുന്നുവെന്നും കഴിഞ്ഞ ലേഖനത്തിൽ വിവരിച്ചിരുന്നല്ലോ.

ധന്യനായി പ്രഖ്യാപിതനായ ഒരാൾ വഴി ധന്യപദദാനപ്രഖ്യാപനത്തിനു (Beatification) ശേഷവും ദൈവം അത്ഭുതങ്ങൾ പ്രവർത്തിക്കുന്നുവെങ്കിൽ മാത്രമേ ധന്യപദപ്രഖ്യാപനത്തോടെ അനിശ്ചിതകാലത്തേക്കു നീട്ടിവച്ച അപ്പസ്തോലികനടപടികൾ പുനരാരംഭിക്കുകയുള്ളു. ഒന്നാം ക്ലാസിൽ പെടുത്താവുന്ന രണ്ട് അത്ഭുതങ്ങളെങ്കിലും നടന്നതായി തെളിയിക്കുവാൻ സാധിക്കുന്നപക്ഷം നാമകരണക്കേസിലെ പോസ്റ്റുലേററക്ക് (കാര്യവാദി) അപ്പസ്തോലികനടപടി പുനരാരംഭിക്കണമെന്നു തിരുസിംഹാസനത്തോടപേക്ഷിക്കുവാനുള്ള സ്വാതന്ത്ര്യവും അവകാശവുമുണ്ട്. ഏവംവിധമുള്ള അപേക്ഷകൾ സ്വീകരിക്കയോ തിരസ്കരിക്കയോ ചെയ്യുന്നതിനുള്ള അധികാരം മാർപ്പാപ്പാതിരുമനസ്സിലേക്കാണ്. പോസ്റ്റുലേററുടെ അപേക്ഷ സ്വീകൃതമാകയും അനുകൂലമായ കല്പന നൽകപ്പെടുകയും ചെയ്യുന്നപക്ഷം റീത്തുകളുടെ തിരുസംഘം ധന്യനെ സംബന്ധിച്ചുള്ള ഉപരിനടപടികൾ നിയമാനുസൃതം സമാരംഭിക്കുന്നതായിരിക്കും.



ധന്യനെ വിശുദ്ധനായി പ്രഖ്യാപിക്കുന്നതിനുള്ള ഏകനടപടി റിപ്പോർട്ടു ചെയ്യപ്പെട്ടിരിക്കുന്ന അത്ഭുതങ്ങളെപ്പററി യഥാവിധി അന്വേഷിക്കയും അവയുടെ യഥാർത്ഥ്യത്തെപ്പററി തീരുമാനമെടുക്കയുമാണ്. അത്ഭുതങ്ങളെപ്പററി അന്വേഷണം നടത്തുന്നവിധം എപ്പോഴും ഒന്നുതന്നെയാണ്. ധന്യപദപ്രഖ്യാപനത്തെപ്പററി പ്രതിപാദിച്ചപ്പോൾ അത്ഭുതങ്ങളെപ്പററി അന്വേഷണം നടത്തുന്നവിധവും അവയെപ്പററി മൂന്നുയോഗങ്ങൾകൂടി ചർച്ചചെയ്യുന്ന രീതിയും വിവരിച്ചിരുന്നതിനാൽ ഇവിടെ അതാവർത്തിക്കേണ്ടതായിട്ടില്ലല്ലോ.

രണ്ടത്ഭുതങ്ങൾ അംഗീകൃതങ്ങളായാൽ തിരുസംഘത്തിന്റെ ഒരു പൊതുസമ്മേളനം നടത്തപ്പെടും. തിരുസംഘത്തോടു ബന്ധപ്പെട്ട കർദ്ദിനാളന്മാരും, തിരുസംഘത്തിലെ ആലോചനാസമിതിയംഗങ്ങളും ഉദ്യോഗസ്ഥന്മാരും ഈ സമ്മേളനത്തിൽ പങ്കെടുക്കും. മാർപ്പാപ്പാതിരുമേനിയുടെ മഹനീയാദ്ധ്യക്ഷതയിൽ വത്തിക്കാൻ അരമനയിൽ വച്ചായിരിക്കും സമ്മേളനം നടക്കുന്നത്. ധന്യൻവഴി രണ്ടു് യഥാർത്ഥാത്ഭുതങ്ങൾ നടന്നതായി സ്ഫടികസ്ഫുടമായി തെളിഞ്ഞിരിക്കെ ധന്യനെ വിശുദ്ധനായി പ്രഖ്യാപിക്കുന്നതു് വിവേകപരമായിരിക്കയില്ലേ എന്നാണ് സമ്മേളനം പര്യാലോചിച്ചു തീരുമാനിക്കേണ്ടതു്. സമ്മേളനത്തിൽ സംബന്ധിക്കുന്ന ഓരോ അംഗത്തിനും സ്വാഭിപ്രായം പ്രകടിപ്പിക്കുവാൻ പരിപൂർണ്ണസ്വാതന്ത്ര്യമുണ്ടു്; മനഃസാക്ഷിയുടെ പ്രചോദനമനുസരിച്ചു് സ്വാഭിപ്രായം തുറന്നുപറയുവാൻ ഓരോ അംഗത്തിനും ബാദ്ധ്യതയുമുണ്ടു്. സുദീർഘമായ ചർച്ചയ്ക്കുശേഷം സമ്മേളനത്തിന്റെ അവസാനഘട്ടത്തിൽ, അതേവരെ നടന്ന സംവാദത്തിന്റെ വെളിച്ചത്തിൽ, ഓരോ അംഗവും രഹസ്യവോട്ടിംഗുമൂലം തന്റെ അഭിപ്രായം രേഖപ്പെടുത്തുകയും ചെയ്യുന്നതായിരിക്കും. വോട്ടുകൾ എണ്ണി ഭൂരിപക്ഷമനുസരിച്ചല്ലാ കാര്യം തീരുമാനിക്കാറുള്ളതു്; പ്രത്യുത, വോട്ടിംഗിന്റെ വെളിച്ചത്തിൽ മാർപ്പാപ്പാതന്നെയാണു് അവസാനതീരുമാനം ചെയ്യുന്നതു്. "Roma locuta causa finita est." മാർപ്പാപ്പാ തീരുമാനിക്കുന്നു, കാര്യം അവസാനിക്കുന്നു. പരിശുദ്ധപിതാവിന്റെ തിരുമാനം അനുകൂലമെങ്കിൽ തത്സംബന്ധമായി ഒരു ഡിക്രി തിരുസംഘം പുറപ്പെടുവിക്കയുംചെയ്യും. നാമകരണസംബന്ധമായ കേസുകളിൽ തിരുസഭയുടെ സുപ്രീംകോടതിയായ റീത്തുകളുടെ തിരുസംഘത്തിൽനിന്നും ദൈവദാസന്റെ കേസുസംബന്ധിച്ചുള്ള അവസാനവിധിയാണു് മേൽസൂചിപ്പിച്ച ഡിക്രി. ഇതോടുകൂടി ആ തിരുസംഘത്തിന്റെ അധികാരത്തിലും ഉത്തരവാദിത്വത്തിലും നിയന്ത്രണത്തിലും നാമകരണക്കേസുസംബന്ധിച്ചു നടന്ന അപ്പസ്തോലികനടപടിക്രമം സമാപ്തമാകുന്നു.

ഇനി നടക്കുവാനുള്ളതു് ആഘോഷമായി വിശുദ്ധപദദാനം പ്രഖ്യാപിക്കുകയെന്നുള്ളതാണ്. കർദ്ദിനാൾ സംഘത്തോടാലോചിച്ചു് പരിശുദ്ധ പിതാവുതന്നെ തിയതി നിശ്ചയിച്ചറിയിക്കുകയാണു പതിവു്. വിശുദ്ധപദദാനപ്രഖ്യാപനം സാധാരണയായി വി. പത്രോസിന്റെ ബസ്ലിക്കായിൽവച്ചാണു നടത്താറുള്ളതു്. ആ മഹാദേവാലയത്തിൽവച്ചു് സാഡംബരം നടത്താറുള്ള ദേവാലയകർമ്മങ്ങളിൽ സമുന്നതമായ ഒരു സ്ഥാനം നാമകരണകർമ്മത്തിനുണ്ടു്. ദൈർഘ്യത്തിലും ആഡംബരാഘോഷങ്ങളിലും ഇതിനെ ഉല്ലംഘിക്കുന്ന മററു ചടങ്ങു് ആ ദേവാലയത്തിൽവച്ചു സാധാരണ നടക്കാറില്ലതന്നെ. മാർപ്പാപ്പാതിരു[illegible] സാഘോഷം അർപ്പിക്കുന്ന പൊ[illegible]തിഫിക്കൽ കുർബാനയുടെ ഇടയ്ക്കു തിരുമേനിതന്നെയാണു വിശുദ്ധപദദാനം പ്രഖ്യാപിക്കാറുള്ളതു്. "In honour of……we decree and define that Blessed……is a Saint, and we inscribe his (her) name in the catalogue of saints, and we order that his (her) memory be devoutly and piously celebrated yearly on……day of……his (her) feast." ധന്യനെ വിശുദ്ധനായി പ്രഖ്യാപിച്ചാലുടൻ പുതിയ വിശുദ്ധന്റെ പേരുകൂടി ഉൾപ്പെടുത്തി സകലവിശുദ്ധന്മാരുടെ ലുത്തനിയാ പാടുന്നതായിരിക്കും. ക്രിസ്തുവിന്റെ വികാരിയും വി. പത്രോസിന്റെ പിൻഗാമിയും സാർവ്വത്രികസഭയുടെ പരമാദ്ധ്യക്ഷനുമായ റോമ്മാമാർപ്പാപ്പാ വത്തിക്കാൻ ബസ്ലിക്കായിൽവച്ചു് (വി. പത്രോസിന്റെ ബസ്ലിക്കായെ വത്തിക്കാൻബസ്ലിക്കായെന്നും പറഞ്ഞുവരാറുണ്ടു്) നിയമാനുസരണം ഒരാളെ വിശുദ്ധനായി പ്രഖ്യാപിക്കുന്ന ആ വിനാഴികയിൽ ബസ്ലിക്കായിൽ തിങ്ങിക്കൂടാറുള്ള ആയിരമായിരങ്ങൾ കോൾമയിർകൊള്ളാറുണ്ടു്; ബസ്ലിക്കായിലെ ലക്ഷത്തിലധികം വൈദ്യുതബൾബുകൾ ഒരേനിമിഷത്തിൽ പ്രകാശമേററു് പുതിയ വിശുദ്ധനു സ്വാഗതമരുളാറുണ്ടു്; വത്തിക്കാൻ ബസ്ലിക്കായിലേയും റോമ്മായിലെ അറുനൂറിലധികം ദേവാലയങ്ങളിലേയും മണിനാദം പ്രഖ്യാപനമംഗളവാർത്ത ദിഗന്തങ്ങളെ വിളിച്ചറിയിക്കാറുമുണ്ടു്. ഒരു നാമകരണച്ചടങ്ങിൽ സംബന്ധിക്കുവാൻ കഴിയുന്ന ഒരു കത്തോലിക്കൻ അവന്റെ ജീവിതകാലമത്രയും ആഹ്ലാദപുരസ്സരം അനുസ്മരിക്കുന്ന ഒന്നായിരിക്കും വിശുദ്ധപദദാനപ്രഖ്യാപനനിമിഷമെന്നു് ധന്യരായ തോമസ്മൂർ, ജോൺഫിഷർ, ഡോൺബോസ്കോ മുതലായ പലരെയും വിശുദ്ധരായി പ്രഖ്യാപിച്ച ചടങ്ങുകളിൽ സംബന്ധിക്കുവാൻ ഭാഗ്യംസിദ്ധിച്ച ലേഖകൻ വിശ്വസിക്കുന്നു. (തുടരും)

N. B. ഈ ലേഖനപരമ്പര അടുത്തലക്കത്തോടുകൂടി അവസാനിക്കുന്നതാണ്.

---

ഷത്തിൽ വരുന്ന ചെന്നായ്ക്കളാണു്" എന്ന ദിവ്യരക്ഷകന്റെ ഉദ്ബോധനം എത്ര അർത്ഥവത്തായിരിക്കുന്നു. ആകയാൽ നാം സദാ ജാഗരൂകരായി വർത്തിക്കേണ്ടതാണ്. കമ്മ്യൂണിസ്റ്റുകാർക്കോ കമ്മ്യൂണിസ്റ്റനുഭാവികൾക്കോ നമ്മുടെ വോട്ടു് നാം യാതൊരു കാരണവശാലും നൽകിക്കൂടാത്തതാണ്. തിരു-കൊച്ചിയിൽ കമ്മ്യൂണിസ്റ്റു പാർട്ടി നിരോധിക്കപ്പെട്ടിരിക്കുന്നതിനാൽ മറേറാരോ പാർട്ടികളിലെ അംഗങ്ങളായോ സ്വതന്ത്രരായോ ആണു് ഇക്കൂട്ടർ രംഗപ്രവേശം ചെയ്തിരിക്കുന്നതു്. ആകയാൽ വ്യക്തികളുടെ ആദർശങ്ങളേയും സ്വഭാവഗുണത്തേയും ചുഴിഞ്ഞാലോചിക്കയും അവരുടെ പൂർവ്വചരിത്രം പരിശോധിക്കയും ചെയ്യേണ്ടതു് ഇന്നത്തെ സാഹചര്യങ്ങളിൽ ഏററവും ആവശ്യമായിത്തീർന്നിരിക്കുന്നു. അക്കാര്യത്തിൽ നമുക്കു ശ്രദ്ധപതിക്കയും നമ്മുടെ നിയമസഭയിലേക്കും കേന്ദ്രപാർലമെന്റിലേക്കും ഉത്തമരും ദൈവഭക്തരും ആദർശസമ്പന്നരും ധർമ്മധീരരും പ്രശസ്തമതികളുമായ സ്ഥാനാർത്ഥികൾ മാത്രം തിരഞ്ഞെടുക്കപ്പെടുന്നതിനു് ദൈവത്തോടു് ഉള്ളഴിഞ്ഞു് പ്രാർത്ഥിക്കുകയും ചെയ്യാം. ഹംഗറിയിൽ സഭ വിജയം വരിക്കുന്നതിനുവേണ്ടിക്കൂടിയും നമുക്കു പ്രാർത്ഥിക്കാം.

---

## സത്യദീപം വരിസംഖ്യ

പ്രതിവർഷം

| | |
|---|---|
| തിരു-കൊച്ചിയിൽ | 6—0—0 |
| തിരു-കൊച്ചിക്കു പുറമെ | 6—8—0 |
| ഇൻഡ്യക്കുപുറമെ | 8—0—0 |

---

## അടുത്തയാഴ്ചയിൽ

നവംബർ

18 ഞാ: പന്തക്കുസ്താ 27-ാം ഞായർ
19 തി: എലിസബത്ത്
20 ചൊ: ഫെലിക്സ്
21 ബു: കന്യകാമറിയത്തെ ദേവാലയത്തിൽ കാഴ്ചവച്ചതു്
22 വ്യാ: സിസിലിയാ
23 വെ: ക്ലേമിസ്
24 ശ: കുരിശിന്റെ യോഹന്നാൻ


---

Thanksgiving for Favours received through the intercession of Rev. Sr. Alphonsa.

By K. S. M.
Muringoor

---

## For favours received




Rosamma Jose Edattel, Anchiry.

---

സമാധാനത്തിനുവേണ്ടിയുള്ള

## പത്തു പ്രമാണങ്ങൾ

(12-ാം പിയൂസ് മാർപ്പാപ്പാ)

1. സമാധാനം എന്നും ദൈവത്തിൽ സ്ഥിതിചെയ്യുന്നു; ദൈവം സമാധാനമാകുന്നു.
2. ദൈവസമക്ഷം ശിരസ്സു നമിക്കുന്നവർക്കു മാത്രമേ യഥാർത്ഥവും നീതിയുക്തവും ശാശ്വതവുമായ സമാധാനം ലോകത്തിനു പ്രദാനംചെയ്യുവാൻ കഴിയുകയുള്ളു.
3. മനുഷ്യസാഹോദര്യത്തിന്റെ വിജയം ദൃഢതരമാക്കുന്നതിനും തനുമൂലം ലോകരക്ഷ സാധിക്കുന്നതിനുംവേണ്ടി സജ്ജനങ്ങളെല്ലാം സംഘടിക്കുക.
4. അസത്യവും വിദ്വേഷവും നിർമ്മാർജ്ജനംചെയ്തു് തൽസ്ഥാനത്തു് സത്യവും ഉപവിയും ആധിപത്യം സ്ഥാപിക്കുവാൻ അനുവദിക്കുക.
5. മനുഷ്യമഹത്വവും ജീവിതത്തിൽ സ്വാതന്ത്ര്യത്തിന്റെ ക്രമീകരണവും ഉദ്ധരമാക്കുക.
6. രാജ്യാതിർത്തികൾക്കതീതമായി ജനത ജനതയ്ക്കും രാഷ്ട്രം രാഷ്ട്രത്തിനും ഉദാരമായി സഹായവും സാന്ത്വനവും നൽകുക.
7. വലുതും, ചെറുതും, സുശക്തവും ദുർബലവുമായ എല്ലാ രാഷ്ട്രങ്ങൾക്കും അസ്തിത്വത്തിനുള്ള അവകാശവും സ്വാതന്ത്ര്യവും ഉറപ്പു നൽകുക.
8. ദൈവരാജ്യത്തിലെ പരമവും പരിശുദ്ധവുമായ നീതി പുനഃസ്ഥാപിതമാകുന്നതിനായി ഒത്തൊരുമിച്ചു പ്രവർത്തിക്കുക.
9. മനുഷ്യ സാഹോദര്യത്തിന്റേയും സമാധാനത്തിന്റേയും അസ്തിവാരമായി ദൈവം സ്ഥാപിച്ച നഭസ്സു് മൂഗിയാക്രമങ്ങളുടെ വിഗ്രഹാരാധകരുമായി സന്ധിയിലേർപ്പെടുക ഒരിക്കലും സാദ്ധ്യമല്ല.
10. സമാധാനസ്ഥാപനാർത്ഥം ത്യാഗങ്ങൾ അനുഷ്ഠിക്കുവാൻ തയാറായിരിക്കുക.

---

പ്രതിമാസഗ്രന്ഥക്ലബ്ബ് എറണാകുളം
No. 1.

### ആത്മാർപ്പണം

വിതരണം ആരംഭിച്ചു

### അടുത്ത പുസ്തകം

വള്ളത്തോൾ കണ്ട റഷ്യ?
(മോൺ. നടുവത്തുശേരി)
വാർഷികവരിസംഖ്യരൂപാ 24 മാത്രം
ഒററപ്രതി രൂ. 2—12—0

---




### ഏഴാമത്തെ കുഴൽ

വാൾട്ടർ ഡമറോഷ് എന്ന സംഗീതവിദഗ്ദ്ധനെപ്പററി വില്യം എൽ. സ്റ്റിഡ്ജർ എന്നദ്ദേഹം അമേരിക്കയിലെ "ലൈഫ്" മാസികയിൽ രേഖപ്പെടുത്തിയിരിക്കുന്ന ഒരു സംഭവമാണു് താഴെ ചേർക്കുന്നതു്. വാൾട്ടർഡമറോഷിന്റെ നേതൃത്വത്തിൽ വിവിധസംഗീതോപകരണങ്ങളോടുകൂടിയ ഒരു സദിരു (Orchestra) നടക്കുകയായിരുന്നു. എല്ലാം ഭംഗിയായി നടക്കുന്നതായിട്ടാണു് അവിടെ സന്നിഹിതരായിരുന്നവർക്കു തോന്നിയതു്. എങ്കിലും വാൾട്ടർ പെട്ടെന്നു സംഗീതം നിർത്തികൊണ്ടു്, "ഏഴാമത്തെ കുഴൽ എവിടെ?" എന്നു ചോദിച്ചുവത്രെ. ഏതത്സംബന്ധമായി മി. സ്റ്റിഡ്ജർ ഒരു പ്രധാനതത്വം അനുവാചകരുടെ ശ്രദ്ധയ്ക്കു വിഷയമാക്കുന്നു: "മി. വാൾട്ടർ ഒന്നാമത്തേയോ രണ്ടാമത്തേയോ കുഴലിന്റെ കാര്യമല്ല അന്വേഷിച്ചതു് — പ്രത്യുത ഏഴാമത്തേതിന്റെ കാര്യമാണ്. സദിരിന്റെ വിജയത്തിനു ഏഴാമത്തെ കുഴലും ഒരു പങ്കുവഹിക്കേണ്ടിയിരുന്നു. നമ്മുടേയും സ്ഥിതി ഇതുതന്നെ. നാം അധഃസ്ഥിതരായിരിക്കാം, മായന്മാരായിരിക്കാം, വിരൂപന്മാരായിരിക്കാം, വിദ്യാവിഹീനരായിരിക്കാം. പക്ഷെ നമുക്കോരോരുത്തർക്കും ഒരു ഭാഗം അഭിനയിക്കാനുണ്ടു്. അവ നാം നന്നായി അഭിനയിക്കുകതന്നെ ചെയ്യണം."

### ലുബ്ധന്റെ മരണം

ന്യൂയോർക്കിലെ ഒരൊഴിഞ്ഞ മൂലയിൽ ഒരു മനുഷ്യൻ മരിച്ചുകിടക്കുന്നതിനെക്കണ്ടു. അയാളുടെ കീശയിൽ പണമൊന്നുമില്ലായിരുന്നു. എന്നുവരികിലും ഒരെഴുത്തുണ്ടായിരുന്നു. അതിൽനിന്നും അയാളുടെ വാസസ്ഥലം ഏതെന്നു ഗ്രഹിക്കുന്നതിനു സാധിച്ചു. അവിടെച്ചെന്നു പരിശോധിച്ചപ്പോൾ കാണികൾ വിസ്മയിച്ചുപോയി. വിദ്യുച്ഛക്തിയാകട്ടെ, മററു ജീവിതസൗകര്യങ്ങളാകട്ടെ ഇല്ലാത്ത ഒരു ചെറുഭവനം. അതിനകത്താണു അയാൾ 30 നീണ്ട വർഷങ്ങൾ ചെലവഴിച്ചതു്. എന്നാലൊരു ചെറുപെട്ടിയിലിരുന്ന ബാങ്കുബുക്കുകൾ പരിശോധിച്ചപ്പോൾ അയാൾക്കു് ആകപ്പാടെ 9475 ഡോളർ മിച്ചമുണ്ടായിരുന്നെന്നു മനസ്സിലായി.

പലരുടേയും സ്ഥിതി ഇതുതന്നെ. മനുഷ്യോചിതമായ ജീവിതം നയിക്കാതെ ധനം സംഭരിക്കുന്നു—"നിങ്ങൾ സ്വർഗ്ഗത്തിൽ നിങ്ങൾക്കായി നിക്ഷേപങ്ങൾ സംഭരിക്കുവിൻ." (മത്തായി 6: 20)

## തിരു.കൊച്ചിവാർത്തകൾ

### പാഠപ്പുസ്തകമാററം

അടുത്ത സ്കൂൾവർഷത്തിൽ ഗവമ്മെൻറു പ്രസിദ്ധീകരണങ്ങളൊഴിച്ചുള്ള പാഠപ്പുസ്തകങ്ങളെല്ലാം മാറുന്നതാണെന്നറിയുന്നു. 1952-53 വിദ്യാലയവർഷത്തിൽ പാഠപ്പുസ്തകങ്ങളായി തിരഞ്ഞെടുക്കപ്പെടുന്നതിനു പുസ്തകങ്ങൾ സമർപ്പിക്കുവാനാഗ്രഹിക്കുന്ന ഗ്രന്ഥകാരന്മാരും പ്രസാധകന്മാരും തങ്ങളുടെ പുസ്തകങ്ങൾ നിർദ്ദിഷ്ടഫോറത്തിലുള്ള അപേക്ഷസഹിതം നവംബർ 30-ാംനു-ക്കു മുമ്പു പാഠപ്പുസ്തകക്കമ്മിററിക്കു സമർപ്പിക്കേണ്ടതാണു്.

### തിരഞ്ഞെടുപ്പുവിവരങ്ങൾ

അടുത്ത പൊതുതിരഞ്ഞെടുപ്പിനു തിരു-കൊച്ചിയിൽ ആകെ 6130 പോളിംഗ്ബൂത്തുകൾ ഉണ്ടായിരിക്കുന്നതാണു്. പോളിംഗ്ബൂത്തുകൾ തമ്മിലുള്ള പരമാവധി അകലം മൂന്നുമൈൽ ആയിരിക്കും. 800 വോട്ടർമാർക്കു ഒരു ബൂത്തു് എന്ന തോതാണു് സ്വീകരിച്ചിരിക്കുന്നതു്. തിരു-കൊച്ചി അസംബ്ളിയിൽ ഇപ്പോൾ 178 അംഗങ്ങളുണ്ടല്ലോ ഉള്ളതു്. പുതിയ അസംബ്ളിയിൽ 108 പേരേ ഉണ്ടായിരിക്കയുള്ളു. മുമ്പു് അമ്പതിനായിരം വോട്ടർമാർക്കു ഒരു പ്രതിനിധി എന്ന തോതിലാണു് സ്ഥാനാർത്ഥികളെ നിർത്തിയിരുന്നതു്. പുതിയ ചട്ടമനുസരിച്ചു് 75000 പേർക്കായിരിക്കും ഒരു പ്രതിനിധി.

### തിരു-കൊച്ചി സ്ഥാനാർത്ഥികൾ

അടുത്ത പൊതുതിരഞ്ഞെടുപ്പിൽ തിരു-കൊച്ചി സംസ്ഥാനത്തു് സാധുവായി അംഗീകരിക്കപ്പെട്ടിട്ടുള്ള നാമനിർദ്ദേശപത്രികയുടെ ആകെത്തുക 441 ആണു്. ഇതിൽ കോൺഗ്രസ് 105-ം, ഐ. എസ്. പി. 69-ം, സ്വതന്ത്രർ 207-ം, തിരു. തമിഴ്നാട്ടു് കോൺഗ്രസ്പാർട്ടി 13-ം, പ്രജാപാർട്ടി 7-ം, പീപ്പിൾസ് ഫ്രണ്ടു് 2-ം, കൊച്ചിൻപാർട്ടി 10-ം, തമിഴ്നാട്ടു് കോൺഗ്രസ്പാർട്ടി 10-ം, കെ. എസ്. പി. 5-ം, ആർ. എസ്. പി. 9-ം, ഐക്യമുന്നണി 4-ം ആണെന്നു് കണക്കാക്കപ്പെടുന്നു. 87 ഏകാംഗനിയോജകമണ്ഡലങ്ങളും 11 ബഹാംഗനിയോജകമണ്ഡലങ്ങളുമുണ്ടു്.

ഇൻഡ്യൻ പാർലമെൻറിലേക്കു സാധുവായ 45 നാമനിർദ്ദേശപത്രികകളാണു് സ്വീകരിക്കപ്പെട്ടിട്ടുള്ളതു്. കോൺഗ്രസ് 10-ം, ഐ. എസ്. പി. 9-ം, സ്വതന്ത്രർ 17-ം, ഷെഡ്യൂൾഡ് കാസ്റ്റ്സ് ഫെഡറേഷൻ 1-ം, തിരു. തമിഴ്നാട്ടു് കോൺഗ്രസ് 1-ം, കെ. എസ്. പി. 1-ം, ആർ. എസ്. പി. 1-ം, റിപ്പബ്ളിക്കൻ പ്രജാപാർട്ടി 2-ം, കൊച്ചിൻ പാർട്ടി 1-ം പത്രികകൾ വീതമാണു് സമർപ്പിച്ചിരിക്കുന്നതു്.

### നിയമവിരുദ്ധമാക്കി

ഏതെങ്കിലും സംഘടനയെ നിയമവിരുദ്ധമായി പ്രഖ്യാപനംചെയ്യുന്നപക്ഷം അതിനുള്ള കാരണങ്ങൾ പരസ്യംചെയ്യുന്നതിനു് തിരു-കൊച്ചി പൊതുരക്ഷാനടപടി വ്യവസ്ഥചെയ്തിട്ടുള്ളതനുസരിച്ചു്, താഴെപറയുന്ന സംഘടനകളെ നിയമവിരുദ്ധമാക്കിക്കൊണ്ടു് 1950 ജനുവരി 2-ാംനു- നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതിനിടയാക്കിയ കാരണങ്ങൾ വിവരിച്ചുകൊണ്ടു് ഗവമ്മെൻറിൽനിന്നും ഒരു പുതിയ നോട്ടിഫിക്കേഷൻ പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു: 1. കേരളാ കമ്മ്യൂണിസ്റ്റു പാർട്ടി. 2. തിരുവിതാംകൂർ കമ്മ്യൂണിസ്റ്റു പാർട്ടി. 3. തമിഴ്നാട്ടു് കമ്മ്യൂണിസ്റ്റു പാർട്ടി. 4. കൊച്ചി കമ്മ്യൂണിസ്റ്റു പാർട്ടി. 5. തിരുവിതാംകൂർ കയർ ഫാക്ടറി വർക്കേഴ്സ് യൂണിയൻ ആലപ്പുഴ. 6. മുഹമ്മ കയർഫാക്ടറി വർക്കേഴ്സ് യൂണിയൻ. 7. തിരുവിതാംകൂർ കശുവണ്ടി തൊഴിലാളിയൂണിയൻ. 8. ആലപ്പുഴ കന്നിട്ടുകായിൽ വർക്കേഴ്സ് യൂണിയൻ.

### ഭേദഗതികൾ അംഗീകരിച്ചു

സെക്കണ്ടറിവിദ്യാഭ്യാസപദ്ധതിയിൽ ചില ഭേദഗതികൾ വരുത്തിക്കൊണ്ടുള്ള കോൺ. പാർലമെൻററിപാർട്ടിയുടെ തീരുമാനം നവംബർ 10-ാംനു- കൂടിയ മന്ത്രിസഭ ഏകയോഗമായി അംഗീകരിച്ചിരിക്കുന്നു. ഭേദഗതി ചെയ്യപ്പെട്ട വ്യവസ്ഥകൾ താഴെ ചേർക്കുന്നു:

ഓരോ സ്കൂളിലേയും ഫീസുപിരിവിൻെറ 80 ശതമാനം കെട്ടിവയ്ക്കുന്നതു് അതാതു സ്കൂളിൻെറ വകയായിരിക്കുന്നതും മാനേജ്മെൻറിൻെറ അദ്ധ്യാപകനിയമനാധികാരത്തിൽ ഗവമ്മെണ്ടു് അനാശാസ്യമായി കൈകടത്തുന്നതല്ലാത്തതും ആകുന്നു. എന്നാൽ നിശ്ചിതതോതനുസരിച്ചു് അദ്ധ്യാപകർക്കു ശമ്പളംകൊടുക്കുന്ന കാര്യത്തിൽ ഗവമ്മെണ്ടു് ഉത്തരവാദപ്പെട്ടിരിക്കുന്നതും പദ്ധതി സ്വീകരിക്കുന്നതിനു് ഒരു സ്കൂളിനേയും ഗവമ്മെണ്ടിനു് നിർബന്ധിക്കുവാൻ പാടില്ലാത്തതും ആകുന്നു. എന്നാൽ പദ്ധതിയിൽ ഒരിക്കൽ ചേർന്നാൽ പിന്നീടു് അതിൽ നിന്നും പിൻവാങ്ങുവാൻ മാനേജ്മെൻറിനു് അധികാരം ഉണ്ടായിരിക്കുന്നതല്ല. ഏതെങ്കിലും വിദ്യാഭ്യാസവർഷത്തിൻെറ പ്രാരംഭത്തിലല്ലാതെ ഇടയ്ക്കു് ആർക്കും പദ്ധതിയിൽ ചേരാവുന്നതല്ല. നിലവിലുള്ള വ്യവസ്ഥയനുസരിച്ചു് ഹെഡ്മാസ്റ്റർസ്ഥാനത്തിനു് ഒഴിവുവന്നാൽ ആ സ്ഥാനത്തിലേക്കു് നിയമനം നടത്തണമെങ്കിൽ ഗവമ്മെണ്ടിൽനിന്നും പ്രത്യേകം അനുവാദം വാങ്ങേണ്ടതാണു്. പദ്ധതി സ്വീകരിക്കാത്ത സ്കൂളുകളിലും അദ്ധ്യാപകർക്കു നിശ്ചിതതോതിൽ ശമ്പളം കൊടുക്കേണ്ടതാണു്. ഭേദഗതി ചെയ്യപ്പെട്ട പുതിയ വിദ്യാഭ്യാസപദ്ധതി ഡിസംബർ 1-ാംനു-മുതൽ നടപ്പിൽ വരുന്നതാണെന്നറിയുന്നു.

## ഇൻഡ്യാവാർത്തകൾ

### വിധ്വംസകസംഘടനയെ നിരോധിക്കാമെന്നു്

അക്രമപ്രവർത്തനങ്ങൾ നടത്തണമെന്ന ഉദ്ദേശത്തോടെ സംഘടിതമായിട്ടുള്ള ഒരു സംഘടനയെ നിയമവിരുദ്ധമാക്കുന്നതിനു് ഗവമ്മെൻറിനധികാരമുണ്ടെന്നു് ഹൈദ്രബാദ് അഡ്വക്കേററു് ജനറൽ മി. രാജരാമയ്യർ നവംബർ 8-ാംനു-ഹൈക്കോടതിയിൽ ഒരു ഡിവിഷൻ ബെഞ്ചിൽവച്ചു് പ്രസ്താവിച്ചിരിക്കുന്നു. കമ്മ്യൂണിസ്റ്റു പാർട്ടിയുടെ നിരോധനം സംബന്ധിച്ചാണു് അദ്ദേഹം ഈ പ്രസ്താവം ചെയ്തതു്.

### കാനിയ നിര്യാതനായി

സുപ്രിംകോർട്ടിലെ ചീഫ് ജസ്റ്റിസായിരുന്ന സർ എച്ചു്. ജെ. കാനിയ നവംബർ 6-ാംനു- ഹൃദ്രോഗംനിമിത്തം 61-ാമത്തെ വയസ്സിൽ നിര്യാതനായിരിക്കുന്നു.

### പുതിയ ന്യായാധിപൻ

മി. എം. പതാഞ്ജലിശാസ്ത്രി സുപ്രിംകോർട്ടിലെ പുതിയ ചീഫ്ജസ്റ്റിസായി നിയമിതനായിരിക്കുന്നു.

### നേതാക്കന്മാരെ എതിർക്കുന്നില്ല

പണ്ഡിററു് നെഹ്റു, മൗലാനാ അബ്ദുൾകലാം ആസാദ്, പുരുഷോത്തമദാസ് ടണ്ഡൻ, റാഫി അഹമ്മദ് കിഡ്വേ എന്നീ കോൺഗ്രസ്നേതാക്കന്മാരെ തിരഞ്ഞെടുപ്പിൽ എതിർക്കേണ്ടതില്ലെന്നു് യു. പി. പ്രജാപാർട്ടി തീരുമാനിച്ചിരിക്കുന്നു.

### ഗ്രഹാം വീണ്ടും കാശ്മീർമദ്ധ്യസ്ഥൻ

ജമ്മുവിലും കാശ്മീരിലുംനിന്നു സൈന്യങ്ങളെ പിൻവലിക്കുന്നതിനു് ഇൻഡ്യയേയും പാക്കിസ്ഥാനേയും പ്രേരിപ്പിക്കുവാൻ ഡോക്ടർ ഗ്രഹാമിനെ ചുമതലപ്പെടുത്തണമെന്ന ആംഗ്ലോ-അമേരിക്കൻ പ്രമേയം സെക്യൂരിററി കൗൺസിൽ പാസാക്കിയിരിക്കുന്നു. ഡോ. ഗ്രഹാം ആറാഴ്ചയ്ക്കകം റിപ്പോർട്ടുസമർപ്പിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിരിക്കുന്നു.

### ഫാ. ഡിസൂസാ

ഐക്യരാഷ്ട്രഅസംബ്ളിയിലേക്കുള്ള ഇൻഡ്യൻ ഡലിഗേഷനിൽ ഒരംഗമായി ഫാ. ജറോം ഡിസൂസാ രണ്ടാംപ്രാവശ്യം നിയുക്തനായിരിക്കുന്നു. ഡലിഗേഷൻെറ നേതാവു് മി. ബി. എൻ. റാവുവാണു്. ഉപനേതാവു് ഫാ. ഡിസൂസായും.

## ശ്രീ മുണ്ടശ്ശേരിയും ഐക്യമുന്നണിയും

തൃശ്ശൂർ പാർലമെൻററി സീററിനു ഒരു "സ്വതന്ത്ര"സ്ഥാനാർത്ഥിയായി മത്സരിക്കുന്ന ശ്രീ ജോസഫ് മുണ്ടശ്ശേരി നവംബർ 4-ാംനു- കാഞ്ഞാണിയിൽ ഐക്യമുന്നണിക്കാരുടെ തിരഞ്ഞെടുപ്പുയോഗത്തിൽ ചെയ്ത പ്രസംഗത്തിൻെറ സംഗ്രഹം ഒരു കമ്മ്യൂണിസ്റ്റു പത്രത്തിൽ റിപ്പോർട്ടുചെയ്തിരുന്നു. വരാൻപോകുന്ന തിരഞ്ഞെടുപ്പിൽ ഐക്യമുന്നണി സ്ഥാനാർത്ഥികളെ വിജയിപ്പിക്കാൻ അദ്ദേഹം ആഹ്വാനംചെയ്കയും "ഐക്യമുന്നണിയുടെ സഹായത്തോടുകൂടി ഒരു സ്വതന്ത്രസ്ഥാനാർത്ഥിയായിനിന്നു മത്സരിക്കുവാൻ താൻ തീരുമാനിച്ചിട്ടുണ്ടെന്നു" പ്രസ്താവിക്കയും ചെയ്തതായിട്ടാണു റിപ്പോർട്ടു്. കമ്മ്യൂണിസ്റ്റുകാരുടേയും കമ്മ്യൂണിസ്റ്റനുഭാവികളായ സോഷ്യലിസ്റ്റുകാരുടേയും സംഘടനയായ "ഐക്യമുന്നണി"ക്കു കത്തോലിക്കരുടെ വോട്ടുകൾ നൽകാൻ പാടില്ലെന്ന സംഗതി പ്രത്യേകം പറയേണ്ടതില്ലല്ലോ.




From the daily newspaper THE WASHINGTON STAR, Washington, D. C., U. S. A.

യു. എസ്. സ്റ്റേററു് സിക്രട്ടറിയും ഈയിടെ സാൻഫ്രാൻസിസ്കോയിൽ സമ്മേളിച്ച ജപ്പാനീസ് സമാധാനസമ്മേളനത്തിൻെറ അദ്ധ്യക്ഷനുമായ ഡീൻ അച്ചിസൺ ഒപ്പുവയ്ക്കപ്പെട്ട ജപ്പ്സമാധാനയുടമ്പടിയോടുകൂടി ഇറങ്ങിപ്പോകുന്നു. സമ്മേളനത്തിലെ സോവിയററ്ഡലിഗേററായ ആൻഡ്റിഗ്രോമിക്കോ ചിന്താമഗ്നനായിരിക്കുന്നു. സോവ്യററുറഷ്യ പ്രതിബന്ധമായിനിന്നിട്ടും ഈ ഉടമ്പടിയിൽ 48 രാഷ്ട്രങ്ങൾ ഒപ്പുവയ്ക്കുകയുണ്ടായി.

ഇപ്പോൾ അച്ചടിയിലിരിക്കുന്ന
"അറിയേണ്ടും കാര്യങ്ങൾ"
എന്ന പുസ്തകം 1952 ജനുവരിയിൽ പ്രസിദ്ധപ്പെടുത്തുന്നതും ബുധൻ, വ്യാഴം എന്നീ ദിവസങ്ങളിൽ എൻെറ മകൻ ലോനപ്പൻ (വൈദ്യഭൂഷണം & D. A. I. T.) എറണാകുളം സെയിൽസ് ഡിപ്പോവിൽ ക്യാമ്പു് ചെയ്തുവരുന്നതു് അടുത്ത ഒന്നാംതിയതി (1951 ഡിസംബർ മാസം 1-ാംനു-) മുതൽ നിർത്തൽ ചെയ്യുന്നതുമാണു്.
N. B. എറണാകുളം സെയിൽസ് ഡിപ്പോ പതിവുപോലെ നടത്തിവരുന്നതായിരിക്കും.
Prop: കാളത്തു് പാവുണ്ണി ഔസേപ്പു് വൈദ്യൻ
കാളൻ ആയുർവ്വേദിക് ഫാർമസി (റെയിൽവെസ്റ്റേഷനുസമീപം), നെല്ലായി P. O.

മുതലക്കോടത്തു് വി. ഗീവറുഗീസു് സഹദായുടെ മദ്ധ്യസ്ഥതാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് ഉപകാരസ്മരണ.
ഇട്ടിയവിരാ വറുഗീസു് മാതേക്കൽ
പനങ്കര

ബ. അൽഫോൻസാമ്മയുടെ മദ്ധ്യസ്ഥതയാൽ എൻെറ സുഖക്കേടു് ഭേദമായതിനു് ഉപകാരസ്മരണ.
എന്നു് പി. ജെ. ആൻറണി
പോളക്കൽ കൊണ്ടാങ്ങർ
അല്ലപ്പുകുന്നം P. O.

## വിദേശവാർത്തകൾ

### യു. എൻ. ജനറൽ അസംബ്ളി

ഐക്യരാഷ്ട്ര ജനറൽ അസംബ്ളിയുടെ ആറാമത്തെ സമ്മേളനം നവംബർ 6-ാംനു- പാരിസിൽവച്ചു് ഫ്രഞ്ചുപ്രസിഡണ്ടു് മി.എം. വിൻസൻ ഓറിയോൾ ഉൽഘാടനംചെയ്തിരിക്കുന്നു. കമ്മ്യൂണിസ്റ്റു് ചൈനയെ ഐക്യരാഷ്ട്രസംഘടനയിൽ ചേർക്കണമെന്നാവശ്യപ്പെട്ടുകൊണ്ടു് റഷ്യ അസംബ്ളിയിൽ ഒരു പ്രമേയം അവതരിപ്പിക്കുകയുണ്ടായി. വോട്ടിംഗിൽ 20 പേർ എതിർത്തും 11 പേർ മാത്രം അനുകൂലിച്ചും വോട്ടു രേഖപ്പെടുത്തിയതിനാൽ പ്രമേയം പരാജയമടയുകയാണുണ്ടായതു്. ജനറൽ അസംബ്ളിയുടെ പുതിയ പ്രസിഡണ്ടായി ഡോ. എൽ. പി. നെർവൊ (മെക്സിക്കൊ) തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു.

### ബ്രിട്ടൺ

ബ്രിട്ടനിലെ പുതിയ പാർലമെൻറു് ഔപചാരികമായി ഉൽഘാടനം ചെയ്തുകൊണ്ടുള്ള ബ്രിട്ടീഷ് രാജാവിൻെറ പ്രസംഗത്തിൽ ചർച്ചിൽഗവമ്മെൻറിൻെറ നയപരിപാടികൾ വിശദീകരിച്ചിരിക്കുന്നു. ഉരുക്കുവ്യവസായദേശീകരണം അസ്ഥിരപ്പെടുത്തി പ്രസ്തുത വ്യവസായം പുനസ്സംഘടിപ്പിക്കുവാനാണു് പുതിയ ഗവമ്മെൻറു് ഉദ്ദേശിച്ചിരിക്കുന്നതു്. പേർഷ്യൻ കാര്യത്തിൽ ബ്രിട്ടൻെറ അവകാശതാല്പര്യങ്ങൾക്കു നേരിട്ട ക്ഷതം പരിഹരിക്കുവാൻവേണ്ട നടപടികൾ സ്വീകരിക്കുന്നതാണു്. സുഡാൻകാർ അവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്ന കാര്യത്തിൽ പുറത്തുനിന്നുമുള്ള ഇടപെടലുകൾ അനുവദിക്കുന്നതല്ല. ബ്രിട്ടൻെറ സമ്പത്തികനില ഭദ്രമാക്കുവാൻവേണ്ടി വ്യയലഘൂകരണനടപടികൾ സ്വീകരിക്കുന്നതാണു്. യാഥാസ്ഥിതികപാർട്ടിയിൽപെട്ട മി. ഡബ്ളിയു. എസ്. മോറിസൺ ആണു് പുതിയ സ്പീക്കറായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നതു്.

# വെയിററിങ്ങ്

(തോമസ് സെബാസ്റ്റ്യൻ
ബി. എ. എൽ. ടി.)

കാലത്തിലർദ്ധം നിശയായിക്കഴിഞ്ഞു പോം.
ബാലനായിത്തന്നെ കുറഞ്ഞൊരിടകൾപോം.
ലീലാവിനോദങ്ങളിലൊട്ടു കഴിഞ്ഞു പോം.
ചേലിൽ "കാത്തിരിപ്പു" കാലമങ്ങൊട്ടുനാൾ.

അതെന്റെ കൂട്ടിച്ചേർപ്പാണ്. എനിക്കങ്ങനെ തോന്നുന്നു, അനുഭവത്തിൽനിന്നുതന്നെ.



പുരുഷായുസ്സിൽ ഒരു നല്ലഭാഗം കാത്തിരുന്നു നഷ്ടപ്പെടുന്നുണ്ട്. പുരുഷായുസ്സ് എന്നുപറയുമ്പോൾ സ്ത്രീകളെക്കൂടെ ഉദ്ദേശിച്ചാണേ പറയുന്നത്. ആരും കോപിക്കരുതേ. 6-30 നുള്ള ബോട്ടിൽ യാത്രപ്പെടാനായി ജട്ടിയിൽ എത്തുമ്പോൾ 9-30 നേ ബോട്ടുള്ളു എന്നു നോട്ടീസ്. മൂന്നുമണിക്കൂർ കാത്തിരിപ്പായില്ലേ? മൂന്നുമണിക്കു തുടങ്ങുന്ന യോഗത്തിനു സൗകര്യമുള്ള സ്ഥലം പിടിക്കാൻ രണ്ടുമണിക്കേ സ്ഥലത്തെത്തുന്നു. ഒരു മണിക്കൂർ കാത്തിരിപ്പല്ലേ? അദ്ധ്യക്ഷൻ ഉച്ച ഉറക്കം കഴിഞ്ഞു 3-30 നേ ഉണരുന്നുള്ളു. ചായ കഴിഞ്ഞു യോഗസ്ഥലത്തെത്തിയപ്പോൾ മണി നാലായി. അപ്പോൾ ഒരുമണിക്കൂർകൂടെ കാത്തിരിപ്പായില്ലേ? ഇങ്ങനെ നമ്മുടെ ദിനപരിപാടിയിൽ കാത്തിരിപ്പും കാത്തിരിപ്പുമായി നഷ്ടപ്പെടുന്ന സമയം എത്രയാണ്? ആരെങ്കിലും ഒരു ശരിയായ കണക്കെഴുതിക്കൂട്ടി നോക്കിയിട്ടുണ്ടോ? എനിക്കു തോന്നുന്നു ആയുസ്സിന്റെ ഒരു കാൽഭാഗമെങ്കിലുമിങ്ങനെ കാത്തിരുന്നും കാത്തിരുന്നും ചെലവായിപ്പോകുന്നുണ്ടെന്ന്.

വിശുദ്ധ ഫ്രാൻസിസ് സാലസ് പറയുന്നു അദ്ദേഹത്തിന്റെ ജീവിതത്തിൽ ഏററവും വിഷമമായി തോന്നിയിരുന്നതു കാത്തിരിപ്പാണെന്ന്. എന്നാൽ പരിഷ്കാരം വർദ്ധിച്ചതോടെ ഈ കാത്തിരിപ്പുസമയം പ്രയോജനപ്പെടുത്തുന്നതിനു പല മാർഗ്ഗങ്ങളും കണ്ടുപിടിച്ചിട്ടുണ്ട്.

"പേപ്പർ ബോയ്സ്" എന്നൊരുതരം ജീവികളുണ്ടല്ലോ, അവർ വലിയൊരനുഗ്രഹം ചെയ്യുന്നുണ്ട്. കേട്ടിട്ടില്ലേ "നാളത്തെ പൗരനീതി" എന്നവർ വിളിച്ചുപറയുന്നത്. എറണാകുളം ജട്ടിയിൽവച്ചു ഞാനാദ്യമായി ആ സ്വരം കേട്ടപ്പോൾ ഞാനമ്പരന്നുപോയി. പല ശങ്കകളും ആശകളും, ആശങ്കകളും ദുശ്ശങ്കകളും എനിക്കുണ്ടായി. "എന്താണു്", ഇന്നത്തെ പൗരനീതിയിൽനിന്നു വ്യത്യസ്തമായ ഒരു പൗരനീതി നാളെ ഉണ്ടാകാൻ പോകുന്നോ? അഥവാ ഇന്നു പൗരനീതി ഇല്ലാത്ത സ്ഥിതിക്കു നാളെമുതൽ നീതിനടക്കാൻ പോകുന്നോ? ജനകീയമല്ലേ? അതു സംഭവിക്കാൻ പാടില്ലാത്തതല്ല." പത്രം ഉടൻ വാങ്ങി. നോക്കിയപ്പോഴല്ലേ നാളത്തെ പത്രം ഇന്നേ വിതരണം ചെയ്യുകയാണെന്നും നാളെയും മററന്നാളുമൊന്നും പൗരനീതി നടക്കാൻ പോകുന്നില്ലെന്നും മനസ്സിലായത്. ഏതായാലും കാത്തിരിപ്പിൻ തെല്ലാശ്വാസം അതുകൊണ്ടുണ്ടായി.

മുഷിപ്പൻ കാത്തിരിപ്പിന് ഒരുപശാന്തി എന്നോണം അശ്ലീലസാഹിത്യപ്രചരണവും നടക്കുന്നുണ്ട്. "തുണിച്ചുത്ത രാധ"യും കയത്തിൽ ചാടി "വീരസ്വർഗ്ഗം പ്രാപിച്ച ഗൗരി"യും "വിഷം കുടിച്ച ജാനു"വും എല്ലാമുണ്ടവിടെ. കാത്തിരുന്നു മുഷിയുകയും ചെയ്യുന്നു. രാധയ്ക്കും ഗൗരിക്കും ജാനുവിനുംകൂടെ ഒന്നരയണ വിലയേ ഉള്ളു. അതു നഷ്ടമാണോ? രണ്ടുമണിക്കൂർ അവിടെ ഉന്തണ്ടേ? പക്ഷേ ഒന്നരയണ കൊണ്ടു് വരുത്തിക്കൂട്ടുന്ന സന്മാർഗ്ഗികാധഃപതനം ഒന്നു കണക്കാക്കുന്നുണ്ടോ ആരെങ്കിലും? അതില്ലതാനും. ഇതുകൊണ്ടവസാനിച്ചോ ആ കാത്തിരിപ്പിന്റെയും ഒന്നരയണയുടേയും ദുരന്തഫലങ്ങൾ? ഇല്ലില്ല. അണകൊടുത്തതല്ലേ. പുസ്തകം പുഴയിൽ കളയാമോ? വീട്ടിൽ കൊണ്ടുപോയി പിള്ളേർക്കു വായിക്കാൻ കൊടുക്കും. ഈണത്തിൽ പാടി മാതാപിതാക്കന്മാരെ രസിപ്പിക്കാൻ—ആ മക്കളുടെ വിദ്യാഭ്യാസത്തിൽ കാംക്ഷിക്കുന്ന പിതാവ്—നരകം ലാഭത്തിൽ വാങ്ങിക്കൊണ്ടുവന്ന ആ സാത്താന്റെ സന്തതി.

കഴിഞ്ഞ ഡിസംബർമാസത്തിൽ ഞാൻ ആലപ്പുഴ ട്രാൻസ്പോർട്ട ബസ്സ്സ്റ്റാൻറിൽ കാത്തിരുന്ന കഥ—അല്ല കാത്തുനിന്ന കഥ കേൾക്കണോ? പറയാം. വണ്ടിയുടെ സമയം ചോദിച്ചു. ആർക്കും നിശ്ചയമില്ല. റൊറാക്കിപ്പക്ഷിപോലും! "15 മിനിററു കഴിഞ്ഞു ഒരു വണ്ടി ഉണ്ടായിരിക്കേണ്ടതായിരുന്നു. അതില്ല. പിന്നെ രണ്ടു മണിക്കൂർ കഴിയുമ്പോൾ ഒരു വണ്ടി ഉണ്ടായിരിക്കേണ്ടതാണ്. അതിനു വണ്ടി വരികയുംവേണം." ഇത്രയും കിട്ടി. അമ്പമ്പോ! പരിഷ്കാരവും സംസ്കാരവും തികഞ്ഞ തിരുകൊച്ചി സംസ്ഥാനമേ, നിനക്കെന്റെ വിരുതനമസ്കാരം.

ഏതായാലും രണ്ടേകാൽ മണിക്കൂറെങ്കിലുമുണ്ടല്ലോ. മനോഹരമായ ട്രാൻസ്പോർട്ട കെട്ടിടത്തിൽ—വെയിററിങ്ങ് റൂമിൽ കുറേനേരം ഇരുന്നുകളയാമെന്നു തീർച്ചയാക്കി. ഒരു നല്ല പുസ്തകം അന്നു കിട്ടിയതും കൈവശമുണ്ട്. "Don Bosco did it." എന്ന വിശിഷ്ടഗ്രന്ഥം. അതൊന്നു നോക്കുകയും ചെയ്യാമല്ലോ എന്നാശിച്ചു. മുറിയിൽ 6 ബെഞ്ചു കിടപ്പുണ്ട്. അതിൽ ഏഴുപേരും നീണ്ടു നിവർന്നു കിടക്കുന്നു. വെയിൽ മൂക്കുന്നതുവരെ തെണ്ടിനടന്നു ക്ഷീണിതരായ പാവങ്ങൾ. എന്നെക്കാൾ അവർക്കാണാബെഞ്ചിന്റെ ആവശ്യം. രണ്ടുപേരുടെ കാലിലെ വ്രണങ്ങളും വച്ചുകെട്ടും അവർ കുഷ്ഠരോഗികളാണെന്നു വിളിച്ചുപറയുന്നു. ബാക്കിയുള്ളവരുടെ രോഗവിവരം നിശ്ചയമില്ലെങ്കിലും രോഗികൾതന്നെയാണ്. മുറിയിൽ പൊടി ഒരു കാലിഞ്ചുഘനത്തിലെങ്കിലും കാണും. പഴത്തൊലിയും അടയ്ക്കാത്തോടും ചെററിലത്തെട്ടും സുലഭമാണ്. ബീഡിമുറിയുടെ കാര്യം പറയാനുമില്ല. മലമൂത്രവിസർജ്ജനവസ്തുക്കളും ഇല്ലാതില്ല. കെട്ടിടത്തിന്റെ ചെറുവരാന്ത അതിൽ ഭേദമാണ്. പരിസരങ്ങൾ ഇതിലെല്ലാം ശുചിയായി കാണപ്പെട്ടു. പക്ഷേ വെയിൽ ശക്തിയുമാണ്. രണ്ടേകാൽ മണിക്കൂർ കുടയും പിടിച്ച് അവിടെ കാത്തുനിന്നു. അടുത്ത തിരഞ്ഞെടുപ്പിൽ ഞാൻ ആർക്കു വോട്ടുചെയ്യണമെന്നാലോചിക്കുകയായിരുന്നു ആ സമയമെല്ലാം. അതുകൊണ്ടു് വെയിററിങ്ങിന്റെ ക്ഷീണം അറിഞ്ഞതേയില്ല. ആലോചനയുടെ ഫലം എന്താണെന്നറിയണ്ടേ? വെയിററിങ്ങ്റൂം ആണ്ടിലൊരിക്കലെങ്കിലും അടിച്ചു വാരി കമ്പോസ്റ്റുവളം നിർമ്മിച്ചു കൃഷി വികസിപ്പിച്ചു ഭക്ഷ്യപ്രശ്നപരിഹാരം നേടിക്കൊള്ളാമെന്ന് ആരു പ്രകടനപത്രിക വയ്ക്കുന്നോ അവർക്കു വോട്ടുകൊടുക്കണമെന്നായിരുന്നു അത്.

സെപ്ററംബർ 16-ാം തീയതി ഞാൻ ആലപ്പുഴ ബോട്ടുജെട്ടിയിലും ഒന്നു വെയിററു ചെയ്തുനോക്കി. അതോടെ വെയിററിങ്ങിനു ഏററവും പററിയ സ്ഥലം ആലപ്പുഴയാണെന്നു എനിക്കു ബോദ്ധ്യവും വന്നിരിക്കയാണ്. ജട്ടി പ്ലാററുഫോറത്തിൽ ഞാൻ വെയിററുചെയ്യുന്ന സമയം ഒരു മാന്യൻ സകുടുംബം അവിടെയെത്തി. പെട്ടിയെടുത്ത ബോയിക്കു 4 അണയും കൊടുത്തു. അവൻപോയി 5 മിനിട്ടു കഴിഞ്ഞപ്പോൾ "എരച്ചുവിട്ട വാണംപോലെ" ഒരു സ്ത്രീരൂപം അവിടെ പ്രത്യക്ഷപ്പെട്ടു. "യജമാനെ, ആറണ കോടുക്കണം" എന്നു തുടങ്ങി. "പറഞ്ഞുസമ്മതിച്ച കൂലി കൊടുത്തല്ലോ" എന്നദ്ദേഹം. പെട്ടിക്കു വിചാരിച്ചതിൽ കൂടുതൽ ഭാരമുണ്ടെന്നവൾ. ഏതായാലും അവിടെ നിന്ന പോലീസുകാരെ ഞാനഭിനന്ദിക്കുന്നു. കനാലുദ്യോഗസ്ഥന്മാരെ ഞാനനുമോദിക്കുന്നു; ഒരു നീണ്ട മണിക്കൂർനേരത്തേക്കു യാതൊരനിഷ്ടസംഭവവുമുണ്ടാകാതെ അവൾ അദ്ദേഹത്തെയും കൂടെയുണ്ടായിരുന്ന പുത്രകളത്രങ്ങളേയും ഒരു മ്ലേച്ഛനുപോലും സ്മരിക്കാൻ സാധ്യമല്ലാത്ത സകല പദങ്ങളുമുപയോഗിച്ചു ആക്ഷേപിച്ചു. കാശില്ലെങ്കിൽ അതുണ്ടാക്കാൻ അവർക്കു നിത്യപരിചയമുള്ള മാർഗ്ഗങ്ങളും അവൾ ഉപദേശിച്ചു. പത്തുമുന്നൂറുപേരെ സാക്ഷി നിറുത്തി. ഞാനൊരു കാര്യം ഉറപ്പിച്ചു, പുത്രകളത്രാദികളോടുകൂടി ഇനി ആലപ്പുഴ ജട്ടിവഴി യാത്രചെയ്യുകയില്ലെന്ന്.

എന്നിരുന്നാലും അന്നത്തെ വെയിററിങ്ങും ബോറായി തോന്നിയില്ല.



# വീടപകടങ്ങൾ

(ശിവറാം)

പത്തുപതിനഞ്ചു വയസ്സായ ഒരു തടിയൻ ചെറുക്കനു് അമ്മാമ്മ ചോറുവാരി കൊടുക്കയാണ്. നെയ്യുകൂട്ടിയായാലെന്തു്, തൈരുകൂട്ടിയ ചോറായാലെന്തു്, താടിയെല്ലു് തെറിഞ്ഞിരിക്കുന്ന പൗലോസിനുണ്ടോ അതിന്റെ സ്വാദറിയാൻ സാധിക്കുന്നു. വലതുകൈ കമ്പുകൾ വച്ചുകെട്ടി തുണിച്ചുററി കുഴമ്പുമിട്ടു് തോളിൽ കെട്ടിത്തൂക്കിയിരിക്കയാണ്. താടിയെല്ലിനു പററിയ തകരാറുകൊണ്ടു സാധുവിനു് ചോറുപോലും ചവയ്ക്കാനാകയില്ല. സാധുപയ്യൻ അങ്ങനെ വേദനയുടെ കാമ്പു് കണ്ടുകണ്ടനുഭവിക്കയാണ്.

സുഖക്കേടന്വേഷിക്കാൻ വരുന്നവരോടൊക്കെ കഥ വിസ്തരിച്ചു ആവർത്തിച്ചാവർത്തിച്ചമ്മാമ്മയുടെ നാക്കു കുഴഞ്ഞിരിക്കയാണ്. എന്നാലും പൗലോസിനു പററിയ അപകടത്തെക്കുറിച്ചു് അടുത്ത വീട്ടിലെ ശോശാമ്മയ്ക്കും, ആലങ്ങാട്ടുകാരനൗസേപ്പച്ചനും, എറണാകുളത്തു താമസിക്കുന്ന ഏലിച്ചേടത്തിക്കും, അങ്കമാലിനുവന്ന അളിയനും എല്ലാം വിസ്തരിച്ചറിയണം. ആ കഥ കേട്ടു് അവർക്കു് രണ്ടു നെടുവീർപ്പിടണം. "കഷ്ടം! പാവം—പൗലോസിനിങ്ങനെവന്നല്ലോ" എന്നു് പറഞ്ഞു് അനുശോചിക്കണം. ബന്ധുക്കളും ശേഷക്കാരും വന്നുംപോയുമിരുന്നു. അവർക്കൊക്കെ ഈ ആപത്തിന്റിടയ്ക്കു് സൽക്കാരം ചെയ്യാനുള്ള സാമ്പത്തികകഴിവു് ആ വീട്ടിലുണ്ടെങ്കിലും വേണ്ടത്ര ചുമതലപ്പെട്ട ആളവിടെയുണ്ടായിരുന്നില്ല.

പടിക്കൽ രണ്ടു റിക്ഷാവണ്ടിവന്നു നിന്നു. ലൂസിയും മാത്യുവും രണ്ടു കുഞ്ഞുങ്ങളും വണ്ടിയിൽനിന്നും ഇറങ്ങി. അവർ നേരെ പൗലോസ് കിടക്കുന്ന മുറിയിലേക്കാണ് ചെന്നതു്. പെങ്ങളേയും അളിയനേയും കുഞ്ഞുങ്ങളേയും കണ്ട പൗലോസിനും അമ്മാമ്മയ്ക്കും അടക്കാനാകാത്ത സന്തോഷമുണ്ടായി.

"എന്റെ കുഞ്ഞു പൗലോ! നീയെങ്ങിനാടാ ഇങ്ങനെയായതു്" ലൂസി സങ്കടമടക്കി ചോദിച്ചു.

"എന്റെ പൊന്നുപെങ്ങളേ ആ കഥ ഒന്നും പറയണ്ട. അല്ലെങ്കിലെന്തിനു പറയാതിരിക്കണം." ശരീരമിളകിയപ്പോഴുണ്ടായ വേദന അടക്കിക്കൊണ്ടു് പൗലോസ് ഒന്നു ഞെളിഞ്ഞിരുന്നു പറയാൻ തുടങ്ങി.

"അളിയനുംപെങ്ങളും ഞായറാഴ്ച വരുമെന്നു് എഴുത്തയച്ചിരുന്നല്ലോ. വെള്ളിയാഴ്ച അമ്മാമ്മ കൊച്ചുങ്ങളുവരുമ്പോഴേക്കും കുറച്ചു പലഹാരമുണ്ടാക്കിവയ്ക്കണമല്ലോ എന്നു പറഞ്ഞു് അരി പൊടിക്കാനും ശർക്കരമേടിക്കാനും മററും തുടങ്ങി. ഞാൻ സ്കൂളിൽനിന്നു വന്നപ്പോൾ പൊടിവറുക്കാനാരംഭിക്കയായിരുന്നു.

"പൗലോസേ, നീയാ ചാണ്ടിച്ചേട്ടനെ വിളിച്ചു് നമ്മുടെ തെക്കേലെ തെങ്ങിൽനിന്നു നാലു നാളികേരമിട്ടുതരാൻ പറ." അമ്മാമ്മ പറഞ്ഞു. ചാണ്ടിച്ചേട്ടനെ—"പൂഹോയ്"—എന്നു വഴുവാടിനു് രണ്ടു വിളിവിളിച്ചിട്ടു് ഞാൻ തെക്കേലെ തെങ്ങിന്റടുത്തേക്കോടി. ചന്തയിൽ കോഴിവില്ക്കാൻ പോയിരുന്ന ചാണ്ടിച്ചേട്ടനെ എവിടെ കിട്ടാനാ? ഞാൻ പറഞ്ഞനേരംകൊണ്ടു് അള്ളിപ്പിടിച്ചു് തെങ്ങിന്റെ ഉച്ചിയിൽ കയറി. വിളഞ്ഞ തേങ്ങ രണ്ടെണ്ണം അടർത്തി ഇട്ടു. ഉണങ്ങിയ ഒരു മടലിൽ പിടിച്ചുകൊണ്ടു് അടുത്ത കുലയിലെ രണ്ടു തേങ്ങയുടെ ഞെട്ടിൽ പിടിച്ചാണെത്തൊരുവലി. എന്റെ പെങ്ങളേ പിന്നൊന്നും എനിക്കറിഞ്ഞുകൂടാ. ഹാവൂ—" പൗലോസ് വിയർത്തൊലിക്കുന്നുണ്ടായിരുന്നു. ലൂസി അടുത്തിരുന്ന വിശറികൊണ്ടു വീശികൊടുത്തു.

"എന്റെ കുഞ്ഞുപൗലോ—നിന്നോടു മരം കേറരുതെന്നു് നമ്മുടെ സാറു നൂറുതവണ പറഞ്ഞിട്ടില്ലേ. അദ്ദേഹം ഇവിടെ നിന്നു യാത്രപറഞ്ഞ ദിവസംകൂടി—ഇപ്പോഴും ഞാനോർമ്മിക്കുന്നു — "പൗലോസ് ഇനിയും മരത്തേക്കേറരുതു്. അതു് പ്രത്യേകം പരിശീലനം കിട്ടിയവർക്കു് വിട്ടുകൊടുത്തേക്കുക" എന്നൊക്കെ പറഞ്ഞതു്."

"ഇപ്പോൾ നിന്റെ ഈ കിടപ്പു് നിനക്കുതന്നെയാണോ വിഷമമുണ്ടാക്കുന്നതു്? ഈ കുടുംബത്തിലും നമ്മളോടു് സ്ഥായിയുള്ള എല്ലാപേർക്കും ഒരു സങ്കടമല്ലേ നിന്റെ ഈ അശ്രദ്ധ ക്ഷണിച്ചുവരുത്തിയിരിക്കുന്നതു്." കലങ്ങുന്ന കണ്ണുകളോടെയാണവിടിരുന്നവർ ഇതെല്ലാം കേട്ടുകൊണ്ടിരുന്നതു്.

കുട്ടികൾ ഭൂമിശാസ്ത്രത്തിൽ പഠിച്ചിട്ടുണ്ടായിരിക്കണം, ഭൂമിക്കു് ഒരു ആകർഷണശക്തിയുണ്ടെന്നും അതിനാൽ മുകളിൽനിന്നും പററുന്ന വീഴ്ച പരുക്കുകൾവരുത്തുന്നു എന്നും മററും.

സർക്കസുകാർ മാത്രം സർക്കസ് അഭ്യാസങ്ങൾ കാണിക്കട്ടെ. വീട്ടിലെ നല്ല കുട്ടികൾ മരം കേറിയോ സൈക്കിൾ കൈവിട്ടോടിച്ചും മതിലിൽനിന്നും പന്തയംവച്ചു് ചാടിയോ പുളിമുകളിൽ കയറി തലകീഴായി കിടന്നോ വിദ്യകൾ കാണിക്കാതിരിക്കുക. കാലില്ലാത്തവരേയും കൈയില്ലാത്തവരേയും ഞൊണ്ടികളേയും മററും റോഡിൽ കാണുമ്പോൾ നിങ്ങൾക്കു് സഹതാപം തോന്നാറില്ലേ?

നിങ്ങൾക്കു് ആ നില വരുവാൻ നിങ്ങൾ ആഗ്രഹിക്കുന്നുണ്ടോ? വീഴ്ചകൾ തടയുക. അംഗഹീനരാകാതെ നമുക്കു് തന്നിരിക്കുന്ന ജീവിതം പൂർണ്ണമായി ആസ്വദിക്കാനുള്ള ചുററുപാടുകൾ ഉണ്ടാക്കുന്നതിൽ മനസ്സിരുത്തുക.

(തുടരും)




"അടുത്ത തേങ്ങയുടെ ഞെട്ടിൽപിടിച്ചാണെത്തൊരുവലി. എന്റെ പെങ്ങളേ, പിന്നൊന്നും എനിക്കറിഞ്ഞുകൂടാ. ഹാവൂ!"

## അറിയിപ്പ്

കീഴൂര, അരുന്നൂററിമങ്ങലം എന്നീ സ്ഥലങ്ങളിലെ ഏജൻറായി മി. എം. കെ. ജോസഫിനെ നിയമിച്ചിരിക്കുന്നു.

മാനേജർ, സത്യദീപം

## സൗജന്യവിതരണ ഫണ്ട്

റവ. ഫാ. പോൾ
കുഴിക്കാട്ടു് ക. 10—0—0

പ്രഹസനം

# വലിയ പാതിരി

(പെരുന്നയിൽ, കെ. എ. സെബാസ്റ്റ്യൻ)

4-ാം രംഗം

(രാജകൊട്ടാരം, മഹാരാജാവു് അക്ഷമനായി അങ്ങോട്ടുമിങ്ങോട്ടും നടക്കുന്നു. തൽക്ഷണം ഒരു ഭടൻ പ്രവേശിക്കുന്നു.)

രാജാവു്: എന്തെന്തു്!! വിശേഷം വല്ലതുമുണ്ടോ?

ഭടൻ: പൊന്നുതിരുമേനി, സർവ്വതും തീർന്നു. ശ്രീപത്മനാഭൻതന്നെ തുണ. നമുക്കു് വിജയത്തിനുള്ള സകല ആശകളും അസ്തമിച്ചിരിക്കുന്നു. പടപ്പാറ പ്രദേശം മുഴുവൻ രക്തപ്പുഴയിൽ ആറാടുന്നു. നമ്മുടെ സൈന്യങ്ങൾ മിക്കവാറും നശിച്ചുകഴിഞ്ഞിരിക്കുന്നു എന്നാണു് തോന്നുന്നതു്. ഇരമ്പിപ്പാഞ്ഞുകയറിവരുന്ന വടുകപ്പട നമ്മുടെ സൈന്യങ്ങളുടെ അനേകമിരട്ടിവരും. "ആ മ്ലേച്ഛന്മാർക്കു് കീഴടങ്ങണമോ അവസാനത്തെ ഭടൻവരെ യുദ്ധം ചെയ്തു മരിക്കണമോ" എന്നുള്ളതിൽ തിരുമനസ്സിലെ കല്പന അറിയുന്നതിനു് ദളവാ അടിയനെ ഇങ്ങോട്ടു് പറഞ്ഞുവിട്ടിരിക്കുന്നതാണു്.

രാജാ: കീഴടങ്ങുകയോ? ഛേ! വേണാട്ടരചന്മാർ ഇതുവരെ ആർക്കും കീഴടങ്ങിയിട്ടില്ല. ഇനി കീഴടങ്ങുകയുമില്ല. ആ മ്ലേച്ഛന്മാർക്കു് കീഴടങ്ങി അവരുടെ അടിമകളായി ജീവിക്കുന്നതിൽ ഭേദം മരിക്കുന്നതുതന്നെയാണു്. അതിനാൽ എല്ലാവരും മരിക്കുന്നതുവരെ യുദ്ധം ചെയ്യാൻ നാം കല്പിച്ചിരിക്കുന്നു എന്നു് മന്ത്രിയോടു് പറയുക. ഞാനും ഇതാ പടക്കളത്തിലേക്കു വന്നുകഴിഞ്ഞു. എന്നാൽ ഓടിക്കോ.

ഭടൻ: ഉത്തരവു്. (പോയി)

രാജാ: ആരവിടെ (ഒരു ഭടൻ പ്രവേശിക്കുന്നു:) താൻ വേഗം പോയി എന്റെ പടച്ചട്ടകൾ എടുത്തുകൊണ്ടുവരൂ.

ഭടൻ: ഉത്തരവു്. (പോയി)

രാജാ: ഹാ! ഭക്തവത്സലാ!! ശ്രീപത്മനാഭാ!! തലമുറതലമുറകളായി എന്റെ പൂർവ്വന്മാർ പ്രശസ്തമായി ഭരിച്ചുവന്നശ്രീവാഴുംകോടു് ഭാഗ്യദോഷിയായ എന്റെ കാലത്താണല്ലോ അന്യാധീനപ്പെട്ടുവാൻപോകുന്നതു്? കഷ്ടം! ഞാൻ ഇതിനു തക്ക മഹാപാപം എന്താണു് ചെയ്തതു്? (വിചാരമഗ്നനായി സ്ഥിതിചെയ്യുന്നു. ഭടൻ പ്രവേശിച്ചു പടച്ചട്ടകൾ കൊടുക്കുന്നു. രാജാവു് വാങ്ങുന്നു. മന്ത്രി പ്രവേശിക്കുന്നു.)

മന്ത്രി: ജയിച്ചു, ജയിച്ചു. പൊന്നുതമ്പുരാനെ നാം ജയിച്ചു. വടുകപ്പട മുഴുവൻ നശിച്ചു.

രാജാ: എന്തെന്തു്!! നാം ജയിച്ചെന്നോ? എങ്ങനെ? വേഗം പറയൂ.

മന്ത്രി: നാം തൂക്കിക്കൊല്ലാൻ വിധിച്ച ആ ശൗരിസന്യാസി അത്ഭുതകരമാംവണ്ണം നമ്മെ രക്ഷിച്ചു. വടുകപ്പടയെ മുഴുവൻ ആ മഹാസിദ്ധൻ നശിപ്പിച്ചു.

രാജാ: എന്താണു് പറയുന്നതു്? എനിക്കൊന്നും മനസ്സിലാകുന്നില്ല.

മന്ത്രി: പരിഷ്കൃതരീതിയിൽ ആയുധപരിശീലനം സിദ്ധിച്ചിട്ടുള്ളവരും നമ്മെക്കാൾ വളരെ അധികമുള്ളവരുമായ വടുകന്മാർ പീരങ്കി, തോക്കു മുതലായ ആയുധങ്ങളോടുകൂടി നമ്മുടെ സൈന്യങ്ങളുടെ നേരെ മലവെള്ളംപോലെ ഇരമ്പിപാഞ്ഞടുത്തു. അരക്ഷണംകൊണ്ടു് നമ്മുടെ സൈന്യത്തിൽ പകുതിയും നശിച്ചു. അപ്പോഴാണു് ഒരു ഭടനെ അടിയൻ ഇങ്ങോട്ടു് പറഞ്ഞുവിട്ടതു്. അതിന്റെ ശേഷം നടന്ന യുദ്ധം പൂർവ്വാധികം ഭയങ്കരമായിരുന്നു. പടപ്പാറ പ്രദേശം മുഴുവൻ രക്തകളമായി രൂപാന്തരപ്പെട്ടു. നമ്മുടെ പരാജയം തീർച്ചയായി, എങ്കിലും ക്ഷത്രിയോചിതമാംവണ്ണം മരണമാലയണിയുന്നതിനായി ഞങ്ങൾ മുന്നോട്ടുപാഞ്ഞു. തെലുങ്കുസൈന്യങ്ങൾ ആഹ്ലാദഭരിതരും, നമ്മുടെ ഭടന്മാർ നിരാശാപരവശരുമായി കാണപ്പെട്ടു. അപ്പോഴുണ്ടു് നാം തൂക്കിലിടാൻ വിധിച്ച മഹാസിദ്ധൻശൗരിസന്യാസി വലംകൈയിൽ പിടിച്ചിരിക്കുന്ന മരക്കുരിശിനെ ഉയർത്തിപ്പിടിച്ചുകൊണ്ടു് ശത്രുസൈന്യങ്ങളുടെ പുരോഭാഗത്തേക്കു് പാഞ്ഞെത്തുന്നു. അദ്ദേഹത്തിന്റെ മുഖവും കൈയിലിരുന്ന മരക്കുരിശും കോടി സൂര്യപ്രഭയെ വെല്ലുമാറു് തെളുതെളെ വിളങ്ങി. ഉടൻ ഇടിനാദംപോലൊരുശബ്ദം ആ പുണ്യപുരുഷന്റെ തിരുവായിൽനിന്നും പുറപ്പെട്ടു. "ഓടുവിൻ, ഓടുവിൻ, പുറകോട്ടോടുവിൻ! വേണാടിനെ തീണ്ടാതെ മടങ്ങിപ്പോകുവിൻ; രക്ഷയുടെ വിശിഷ്ടായുധമായ വിശുദ്ധ കുരിശു നിങ്ങളെ സംഭ്രമിപ്പിക്കട്ടെ!! നിങ്ങളുടെ ആയുധമൂർച്ഛ തകർത്തുകളയട്ടെ!!" വെള്ളിടിപോലുള്ള പ്രസ്തുത ശബ്ദംകേട്ടു ശത്രുമിത്രഭേദമെന്യേ സകലരും അമ്പരന്നു. അനന്തരം അവിടെ നടന്ന അത്ഭുതങ്ങൾ വർണ്ണിക്കുന്നതിനു് പൊന്നുതിരുമേനി അടിയനു ശേഷിയില്ല.

രാജാ: മന്ത്രി, ബാക്കികൂടി വേഗം പറയൂ.

മന്ത്രി: ചെട്ടെന്നൊരുമിന്നൽ. പടപ്പാറ പ്രദേശം മുഴുവൻ ചെങ്കനൽപ്രഭയിലാണ്ടു. തൽക്ഷണം സ്വർഗ്ഗത്തിൽനിന്നും ചെന്തീ മിന്നിച്ചിതറുന്ന വാളുകളോടുകൂടി കോടാകോടി ദേവദൂതന്മാർ വടുകപ്പടയുടെനേരെ വാളുകൾ ചൂണ്ടിക്കൊണ്ടു് ഇറങ്ങിവരുന്നതായി തോന്നി. ഉടൻ തെലുങ്കുകാരുടെവക അശ്വസൈന്യം, കാലാൾപ്പട, കുന്തക്കാർ, വേൽക്കാർ എന്നുവേണ്ട സകല സമൂഹവും പേടിച്ചുവിറച്ചു് ചിന്നിച്ചിതറി പുറകോട്ടോടി. ആനയും, കുതിരയും, ഭടന്മാരും ഒന്നിച്ചു പ്രാണരക്ഷാർത്ഥം പാഞ്ഞു് പഴയാററിലെ പടപ്പാറപാലത്തിൽ തിക്കിത്തിരക്കി കയറി പാലം ഒടിഞ്ഞു എല്ലാവരുംകൂടി ആററിൽവീണു മുങ്ങിച്ചത്തു; ബാക്കി ഉണ്ടായിരുന്നവർ പലവഴിക്കും ഓടിപ്പോയി. യുദ്ധവും അവസാനിച്ചു.

രാജാ: (കുറേനേരം ചിന്താമഗ്നനായിരുന്നശേഷം) അപ്പോൾ മഹാസിദ്ധനായ ആ മഹർഷിശ്രേഷ്ഠൻ ഇല്ലായിരുന്നെങ്കിൽ ചേരരാജവംശം ഇന്നുകൊണ്ടവസാനിക്കുമായിരുന്നല്ലോ;

മന്ത്രി: അതേ, നാളെമുതൽ തെലുങ്കുകാർ വേണാട്ടിനെ ഭരിക്കുമായിരുന്നു.

രാജാ: അതെ, വേണാടിന്റെ സംരക്ഷകൻ മഹാസിദ്ധനായ ശൗരിസന്യാസിയും, അതിന്റെ രക്ഷായുധം ആ മരക്കുരിശുംതന്നെ!! മന്ത്രി! ഇന്നു രാവിലെ അദ്ദേഹത്തെ തൂക്കിലിട്ടുകൊള്ളണമെന്നു് കാവൽഭടന്മാരെ അറിയിച്ചിരുന്നില്ലേ?

മന്ത്രി: ഉത്തരവു്. കാവൽഭടന്മാർ ഇന്നലെ രാത്രിയിൽ കോളറാമൂലം മരിച്ചു. തന്മൂലം തന്നെ തൂക്കിലിടാൻ ഇടയായില്ലെന്നുള്ള പരമാർത്ഥം അടിയനെ അറിയിക്കുന്നതിനായി അദ്ദേഹം തൂക്കുവരിയോലയോടുകൂടി പടക്കളത്തിലേക്കു വന്നു. അപ്പോൾ നമുക്കു തോൽവി പററിയിരിക്കുന്നു എന്ന വിവരം ഗ്രഹിക്കുകയും, ക്രിസ്തുഭഗവാന്റെ അജയ്യശക്തിയാൽ അത്ഭുതകരമാംവണ്ണം തിരുവടി ദേശത്തെ രക്ഷിക്കയുംചെയ്തു.

രാജാ: എന്നിട്ടു്, മന്ത്രി എന്തുകൊണ്ടാണു് ആ മഹാത്മാവിനെ ഇങ്ങോട്ടു് കൂട്ടിക്കൊണ്ടുവരാഞ്ഞതു്? എനിക്കാ മഹാസിദ്ധനോടു് ക്ഷമായാചനംചെയ്യാൻ തിടുക്കമായിരിക്കുന്നു.

മന്ത്രി: യുദ്ധംകഴിഞ്ഞശേഷം അദ്ദേഹം അടിയന്റെ അടുക്കൽവന്നു വിവരം പറഞ്ഞു. തൂക്കുവരിയോല അടിയനെ ഏല്പിച്ചു് മരണത്തിനു് സന്നദ്ധനായി നിലകൊണ്ടു. അടിയൻ ആ പ്രയതാത്മാവായ യോഗീശ്വരന്റെ തൃപ്പാദങ്ങളിൽ വീണു സമസ്താപരാധങ്ങളും ക്ഷമിക്കണേ എന്നു പ്രാർത്ഥിച്ചു. കൊട്ടാരത്തിലേക്കു് ക്ഷണിച്ചു. കഴിയുന്നതുംവേഗം വന്നുകൊള്ളാമെന്നു് പറഞ്ഞശേഷം, അദ്ദേഹം യുദ്ധക്കളത്തിൽ ആസന്നമരണരായി കിടക്കുന്നവരെ ശുശ്രൂഷിക്കുന്നതിനായിപ്പോയി.

(അനന്തരം രായസംപിള്ള പ്രവേശിക്കുന്നു.)

രായസം: ശൗരിസന്യാസിയുടെ എഴുത്തുകൾ തർജ്ജിമചെയ്തു കിട്ടിയിരിക്കുന്ന വിവരം ബോധിപ്പിക്കാനാണു് അടിയൻ ഇങ്ങോട്ടു വിടകൊണ്ടതു്.

രാജാ: ഞാൻ ആ മഹാസിദ്ധനെ ഭയങ്കരമാംവണ്ണം തെററിദ്ധരിച്ചു. ഈ എഴുത്തുകളും അദ്ദേഹത്തിന്റെ നിരപരാധിത്വത്തെ തെളിയിക്കുന്ന റിക്കാർഡുകൾ ആയിരിക്കാം. വായിക്കുക, കേൾക്കട്ടെ. (രായസംപിള്ള എഴുത്തുകൾ വായിക്കുന്നു.)

കോട്ടാർ
1545 ആടിമാസം 10-ാംനു്

കൊച്ചിക്കോട്ടയിൽ താമസിക്കും പോർട്ടുഗീസു് ഗവർണ്ണർ അവർകൾക്കു്. പ്രിയസഹോദരാ! താങ്കൾ കൊച്ചിരാജ്യത്തിൽപ്പെട്ട അനേകം ക്ഷേത്രങ്ങൾ കൊള്ളചെയ്തു നശിപ്പിച്ചതായും, ശുചീന്ദ്രം ക്ഷേത്രംകൂടി കവർച്ചചെയ്യാൻ ആലോചിക്കുന്നതായും അറിയുന്നു. താങ്കളുടെ ഏതാദൃശകൃത്യങ്ങൾ ക്രിസ്തുമതപ്രചരണത്തിനുപോലും വിഘാതം വരുത്തുന്നതാണെന്നു ഇനിയെങ്കിലുംമനസ്സിലാക്കണം. താങ്കളുടെ ഈവക നടപടികൾ ഉടനെ നിറുത്തിവയ്ക്കാത്തപക്ഷം, സകല വിവരങ്ങളും ഞാൻ പോർട്ടുഗീസ് ചക്രവർത്തി അവർകളെ അറിയിച്ചു താങ്കളെ ഇവിടെനിന്നും തിരിച്ചു വിളിപ്പിക്കുന്നതാണെന്നും അറിയിച്ചുകൊള്ളുന്നു.

എന്നു സ്വന്തം ഫ്രാൻസിസു് സേവ്യർ
(ഒപ്പു്)

രണ്ടാമത്തെ എഴുത്തു്. കോട്ടാർ
1545 ആടി. 10.

മധുരയിൽ താമസം പ്രിയശിഷ്യൻ ഡിക്രൂസ്‌സെബസ്ത്യാനി അവർകൾക്കു്.

വിജയനഗരമഹാരാജാവു് വേണാട്ടിനെ ആക്രമിക്കാൻ ചില ആലോചനകൾ നടത്തിവരുന്നതായി താങ്കളുടെ കഴിഞ്ഞ എഴുത്തിൽ സൂചിപ്പിച്ചിരുന്നല്ലോ. അതിനെ സംബന്ധിച്ചു് സൂക്ഷ്മമായി അന്വേഷിച്ചു സകല വിവരങ്ങളുംഉടനെ എന്നെ അറിയിക്കണം. ഇവിടത്തെ മഹാരാജാവു് വളരെ നല്ല ആളാണു്. അദ്ദേഹം ഇവിടെ എനിക്കു ക്രിസ്തുമതപ്രചരണത്തിനു അനേകം ആനുകൂല്യങ്ങൾ ചെയ്തുതന്നിട്ടുണ്ടു്. മാത്രമല്ല മേലാലും അദ്ദേഹത്തിൽനിന്നും പല സഹായസഹകരണങ്ങളുംഞാൻ പ്രതീക്ഷിക്കയുംചെയ്യുന്നു. തന്നിമിത്തം തെലുങ്കുസൈന്യം ഇവിടെ കയറി അക്രമങ്ങൾ പ്രവർത്തിക്കാൻ ഞാൻ ഒരിക്കലും അനുവദിക്കുന്നതല്ല. അതിനാൽ ഈ എഴുത്തുകിട്ടിയാലുടൻ സകല വിവരങ്ങളും എന്നെ അറിയിക്കുക. ആവക രഹസ്യങ്ങൾ എനിക്കു മഹാരാജാവു തിരുമേനിയെ ധരിപ്പിക്കേണ്ടിയിരിക്കുന്നു.

എന്നു സ്വന്തം ഫ്രാൻസിസു് സേവ്യർ
(ഒപ്പു്)

(എഴുത്തുവായിച്ചുകേൾക്കുംതോറും മഹാരാജാവിന്റെ തിരുമാറിൽക്കൂടി കണ്ണുനീർ ധാരധാരയായി ഒഴുകിക്കൊണ്ടിരുന്നു.)

രാജാ: (ഗൽഗദത്തോടുകൂടി) മന്ത്രി! ഞാൻ എന്തു ദുഷ്ടനാണു്! എന്തു മടയനാണു്! ഈ മഹാപാപി പത്തരമാററുള്ള തങ്കത്തെ പിച്ചള എന്നു വിചാരിച്ചു. കണ്ഠത്തിലണിഞ്ഞ കനകമാല്യം കാർക്കോടകനെന്നു തെററിദ്ധരിച്ചു!! കഷ്ടം! ഈ മഹാപാപം — ഈ ബ്രഹ്മഹത്യാമഹാപാപം — ഏതു നരകത്തിൽചെന്നു അനുഭവിച്ചുതീർക്കാനാണു്? അയ്യോ! ആ പുണ്യപുരുഷനെ ഉടനെ ഇങ്ങോട്ടുകൊണ്ടുവരണം. വേണാടിന്റെ പ്രാണസംരക്ഷകനായ ആ മഹായോഗിയുടെ കാൽത്താരിണയിൽ ഞാൻ അഭയം തേടട്ടെ! മന്ത്രി! ഇനി ഒട്ടും താമസിക്കണ്ട. എന്റെ സ്വന്തം പല്ലക്കിൽ പഞ്ചവാദ്യഘോഷസഹിതം ആ മഹാത്മാവിനെ ഇങ്ങോട്ടു കൂട്ടിക്കൊണ്ടുവരിക.

മന്ത്രി: കല്പനപോലെ (ഒരു ശിപായി പ്രവേശിക്കുന്നു.)

ശിപായി: ശൗരി സന്യാസിയും അദ്ദേഹത്തിന്റെ ശിഷ്യനും തിരുമുഖം കാണുന്നതിനായി വന്നിരിക്കുന്നു.

രാജാ: എന്തു ? ആ മഹാത്മാവു കാൽനടയായി ഇങ്ങു വന്നുകഴിഞ്ഞിരിക്കുന്നെന്നോ? മന്ത്രി! വേഗം വരൂ. നമുക്കുപോയി അദ്ദേഹത്തെ ഇങ്ങോട്ടു എതിരേററുകൊണ്ടുവരാം. (രാജാവും മന്ത്രിയും പോയി ശൗര്യർ പുണ്യവാനെയും ശിഷ്യനെയും കൂട്ടിക്കൊണ്ടുവരുന്നു.)

രാജാ: മഹർഷീശ്വരാ! അറിവില്ലായ്മകൾമൂലം ഈയുള്ളവൻ ചെയ്തുപോയ സമസ്താപരാധങ്ങളും പൊറുത്തനുഗ്രഹിക്കണേ!

ശൗര്യർ: തിരുമേനി എന്നോടു ക്ഷമാപണം ചെയ്യുകയോ? വേണ്ട വേണ്ട. അതൊരിക്കലും വേണ്ട. ഞാനോ, എന്റെ ജാതിക്കാരായ പോർട്ടുഗീസുകാരോ ചെയ്തിട്ടുള്ള തെററുകൾക്കു ഞാനാണു് തിരുമേനിയോടു ക്ഷമാപണം ചെയ്യേണ്ടതു്.

രാജാ: അവിടത്തെ സഹായം ഇല്ലായിരുന്നെങ്കിൽ എന്റെയും എന്റെ വംശത്തിന്റെയും ഈ രാജ്യത്തിന്റെതന്നെയും സ്ഥിതി ഇപ്പോൾ എന്താകുമായിരുന്നു?

ശൗര്യർ: ഇതൊന്നും എന്റെ ശക്തികൊണ്ടു സാധിച്ചതാണെന്നു ഞാൻ അഭിമാനിക്കുന്നില്ല. എല്ലാം സർവ്വശക്തനായ ശ്രീ യേശുക്രിസ്തുവിന്റെ അനുഗ്രഹത്താൽ സംഭവിച്ചതെന്നേ വിചാരിക്കേണ്ടതുള്ളു.

രാജാ: മഹാത്മാവായ മഹർഷീശ്വരാ! അവിടത്തെ കരുണയാൽ, ക്രിസ്തുഭഗവാൻ ഈജ്ജനങ്ങൾക്കു ചെയ്തുതന്ന അനുഗ്രഹങ്ങൾക്കു തക്ക പ്രതിനന്ദികാട്ടുവാൻ ഈയുള്ളവൻ അശക്തനാണു്. എങ്കിലും ഇന്നുമുതൽ ശ്രീ യേശുഭഗവാന്റെ സുചരിതം നമ്മുടെ നാട്ടിൽ എവിടെയും ഘോഷിക്കുന്നതിനും ജ്ഞാനസ്നാനപുണ്യാഹം കഴിക്കുന്നതിനും, പള്ളികൾ സ്ഥാപിച്ചു് ആരാധനകൾ നടത്തുന്നതിനും അനുവദിക്കുന്നു. മാത്രമല്ല, എന്നെ എന്റെ പ്രജകൾ വലിയ തമ്പുരാൻ എന്നു വിളിക്കുന്നതുപോലെ അവരുടെ രക്ഷിതാവായ അങ്ങയെ അവർ മേലാൽ **വലിയപാതിരി** എന്നു വിളിക്കുന്നതാണു്. മന്ത്രി! ഇന്നുതന്നെ ഈ വിവരങ്ങൾക്കു വിളംബരം പ്രസിദ്ധപ്പെടുത്തിക്കൊള്ളണം.

മന്ത്രി: ഉത്തരവു്.

ശൗര്യർ: തിരുമേനിയെയും തിരുമനസ്സിലെ കുടുംബത്തെയും മാത്രമല്ല, വേണാട്ടുരാജ്യവാസികൾ എല്ലാവരേയും, ശ്രീ യേശുനാഥൻ അനുഗ്രഹിക്കട്ടെ!! (കുരിശു് ഉയർത്തി അനുഗ്രഹിക്കുന്നു.)

(കർട്ടൻ)

## പ്രേഷിതാർത്ഥിനികൾക്കു

സ്വാഗതം!

വി. കുരിശിന്റെ കരുണയുടെ സഹോദരികളായ യൂറോപ്യൻ കന്യാസ്ത്രീകൾ, പാററ്നാ, റാഞ്ചി എന്നീ രൂപതകളിൽ വിവിധ പ്രേഷിതവേലകൾ ചെയ്തുവരുന്നു. സ്കൂളുകൾ, ആശുപത്രികൾ, ആതുരാലയങ്ങൾ, അനാഥശാലകൾ തുടങ്ങി ഉപവിക്കടുത്ത അനേകസ്ഥാപനങ്ങൾ അവരുടെ പ്രവർത്തനരംഗങ്ങളാണു്. ഇന്നു ഇദംപ്രഥമമായി ഹസ്സാരിബാഗിൽ ഭാരതീയ അർത്ഥിനികൾക്കായി ഒരു നൊവിസ്യാത്തു സമാരംഭിതമാകുന്നു.

മിഷൻരംഗത്തു ദൈവത്തിനു സ്വയം സമർപ്പിക്കുന്നതിനാഗ്രഹിക്കുന്ന പ്രേഷിതചൈതന്യമുള്ള കേരളീയ യുവതികൾ താഴെക്കാണുന്ന മേൽവിലാസത്തിൽ അപേക്ഷിക്കട്ടെ.

The Rev. Mother Superior
Holy Cross Convent, Bettiah P. O.
Champaram Dt., N. India

ഓർമ്മക്കുറവു്, തലകറക്കം, തലവേദന മുതലായ രോഗങ്ങളെ നീക്കി ശിരഃസൗഖ്യവും സുഖനിദ്രയും ലഭിക്കുന്നതിനും കേശസമൃദ്ധിക്കും ഞങ്ങളുടെ ശീതാമൃതം എണ്ണ ഉപയോഗിപ്പിൻ. വില 8 ഔ: കുപ്പി 1 ക്കു് 4 ക. പ്രായഭേദംകൂടാതെ ഉപയോഗിക്കാവുന്നതു്.

എം. ജെ. മാത്യു വൈദ്യൻ, മടുക്കക്കുഴി വൈദ്യശാല, കാഞ്ഞിരപ്പള്ളി

# കുമ്പസാരാനുവാദം

ഈ അതിരൂപതയിലുള്ള ലത്തീൻറീത്തിൽപ്പെട്ട പള്ളികളിൽ കുമ്പസാരിപ്പിക്കുവാൻ ഈ അതിരൂപതയിൽനിന്നു ലഭിക്കുന്ന കുമ്പസാരാനുവാദം മതിയാകയില്ല. അതുപോലെതന്നെ ലത്തീൻറീത്തിൽപ്പെട്ടവർക്ക് അവരവരുടെ രൂപതയിൽനിന്നും ലഭിക്കുന്ന കുമ്പസാരാനുവാദം പോരാ അതിരൂപതയിൽപ്പെട്ട പള്ളികളിലും സ്ഥാപനങ്ങളിലും കുമ്പസാരിപ്പിക്കുവാൻ. സുറിയാനിക്കാരുടെ പിടിക്കപ്പെട്ട പാപം പോക്കാൻ സുറിയാനി വൈദികമേലദ്ധ്യക്ഷൻെറ പക്കൽനിന്നും, ലത്തീൻറീത്തിൽപ്പെട്ടവരുടെ പിടിക്കപ്പെട്ട പാപം പോക്കാൻ ലത്തീൻ വൈദികമേലദ്ധ്യക്ഷൻെറ പക്കൽനിന്നും അനുവാദമുണ്ടായിരിക്കണം. ഇവസംബന്ധിച്ചു 1951 ആഗസ്റ്റ് 14-ാം തീയതി എ. പെ. പെ. ബ. അപ്പസ്തോലിക്ക് ഇൻറർനൺസിയോ അയച്ചുതന്ന എഴുത്തുകൾ താഴെ ചേർക്കുന്നു:

APOSTOLIC INTERNUNCIATURE
DELHI, INDIA 8 Alipur Road, Delhi.
No. 33545/51. August 14, 1951.

His Excellency
The Most Rev. Mar Ivanios, D. D.,
Archbishop of Trivandrum.

Your Grace,

Please refer to the queries submitted by Your Grace to the S. Oriental Congregation with your letter of June 24th, 1950.

His Eminence Cardinal Tisserant, Secretary of the S. Congregation has instructed me to inform Your Grace that the queries concerning matrimonial cases have been referred to the Pontifical Commission in charge of the drafting of the Oriental Code.

Concerning the queries about the faculty of hearing confessions and listed under n. XII in Your Grace's letter His Eminence has communicated the follwing replies:—

I) Can an Oriental priest with jurisdiction given by his ordinary hear *valide et licite* confessions in Latin Churches?

R. NEGATIVE. See the reply of the S. Congregation pro Ecclesia Orientali of August 26th, 1932 (Sylloge n. 173) (An informal English translation of this reply is hereby attached).

II) Can a Latin priest with jurisdiction given by his Ordinary hear *valide et licite* confessions in Oriental churches?

R. NEGATIVE. See the reply of the S. Congregation of Propaganda of December 2nd, 1932 (Sylloge n. 175) (An informal English translation of this reply is herby attached).

His Eminence points out that priests of Latin rite avail themselves of a reply given by the S. Congregation of Propaganda Fide on June 14th, 1913, concerning the validity of confessions heard by them in Oriental Churches and particularly in Syro-Malabar Churches, as such answer has been reversed by the more recent one of December 2nd, 1932, quoted above.

III) What about reserved cases by either Ordinaries, when a Latin priest hears confessions of faithful of Oriental Rite, or an Oriental priest hears confessions of faithful of Latin Rite?

R. The reply is provided for in the Constitution "Orientalium dignitas (Cfr. Collectanea n. 1883 n. 6, which reads: "Presbyteris tum Latinis tum Orientalibus, neque in suis neque in alieni ritus ecclesiis fas est quemquam absolvere a casibus qui suis cuiusque Ordinariis sint reservati nisi facultate ab eisdem permissa: qua in re quodvis privilegium, vel speciali mentione dignum, prorsus revocamus)" (Translation attached).

Wtih kindest regards and all good wishes, I remain,

Devotedly in Christ,
S D/- Apostolic Internuncio

TRANSLATION OF N. 173 OF THE SYLLOGE

Sacra Congregatio pro Ecclesia Orientali

Prot No 541/32 August 26, 1932.
To His Excellency
The Secretary of the S. C. de Propaganda Fide
Your Excellency:

Having H. E. Msgr. Filippucci, Archbishop of Athens, submitted to the S. Oriental Congregation, through H. E. Msgr: Margotti Apostolic Delegate in Greece, the following query, "Can a priest of a different rite and different jurisdiction hear confessions and absolve. *valide et licite*, in a Latin Church or oratory, even though the Oriental Ordinaries who approved him has jurisdiction in the same territory of the Latin Archdiocese of Athens?

This S. Oriental Congregation replied Msgr. Margotti as follows: "The Oriental priest, approved for hearing confessions by the Ordinary of his own rite, cannot exercise, *valide et licite*, such faculty in territories and places belonging to the exclusive jurisdiction of another Ordinary of diff rent rite, unless that Ordinary has expressely conferred t im such faculty. Therefore, a priest of Greek-Bizantine rite, approved for confessions by his Ordinary, cannot, *valide et licite*, absolve Cain burch or oratory under the exclusive jurisdiction of the Latin Ordinary, unless the Latin Ordinary has given him explicitly such faculty."

Having this reply been communicated not only to Msgr. Filippucci but also to the ordinary of Bizantine rite in Greece, Msgr. Calavassy, the latter.... requested that the same should be reciprocally declared in regard to the priests of Latin rite for the Churches and Oratories of Oriental Rite.

In principle there is no difficulty for such declaration. Nevertheless, being question of defining obligations and rights of Latin priests in Greece, the S. Oriental Congregation is of opinion that such declaration should be given by the S. Congregation of Propaganda Fide. It is for that reason that we deemed opportune to inform Your Excellency. Requesting you to kindly express your opinion in the matter.

S. G. Cesarini,
Substitutus

**Translation of N. 175 of the Sylloge**

S. CONGREGATIO DE PROPAGANDA FIDE

Prot. n. 3200/32 December 2nd, 1932.
To Msgr. G. Cesarini,
Substitutus of the S. Oriental Congregation.

The undersigned Secretary of the S. C. of Propaganda Fide begs to acknowledge receipt of your esteemed communication n. 541/32, concerning a declaration of the S. Oriental Congregation about the jurisdiction for confessions for the priests of Oriental rites, which has to be conferred by the Latin Ordinary for the Churches of Latin rite.

As you submitted the desire of Msgr. Calvassy that an analogous principle should be established for the Priests of Latin rite in order to have complete reciprocity, this S. Congregation of Propaganda Fide, having examined the question has also declared that a Latin priest cannot, *valide et licite* hear confessions and absolve in a Church or oratory of Greeks Bizantine rite, unless the Oriental Ordinary expressly give him such faculty.

S. Carlo Salottu,
Secretary

From the Constitution:
"Orientalium Dignitas" n. 6

Priests of Latin as well as of Oriental Rite, cannot absolve anybody, neither in their Churches (Churches of their rite) nor in other rite's Churches, from cases reserved by one's Ordinary, unless such faculty has been given to him by the same Ordinaries Every privilege in this regard, though deserving special mention, is uttely revoked".

# ജനനനിയന്ത്രണം

അഖിലേന്ത്യാ ബിഷപ്പ്സ് കോൺഫറൻസിൻെറ സ്റ്റാൻറിംഗ് കമ്മിററി ജനനനിയന്ത്രണം സംബന്ധിച്ചു പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന പ്രസ്താവനയുടെ പൂർണ്ണരൂപം താഴെ ചേർക്കുന്നു:-

ജനനനിയന്ത്രണത്തിന് അനുകൂലമായി നടത്തിവരുന്ന പ്രചരണവേലയെ ഇന്ത്യയിലെ കത്തോലിക്കാ ബിഷപ്പ്സ് കോൺഫറൻസിൻെറ സ്റ്റാൻഡിംഗ് കമ്മിററി അതിയായ ഉൽക്കണ്ഠയോടുകൂടി വീക്ഷിക്കുന്നു. കൃത്രിമോപാധികൾ മുഖേനയുള്ള സന്താനനിയന്ത്രണം പ്രകൃതിനിയമത്തിനും ദൈവനിയമത്തിനും എതിരായുള്ള ഒരു പാതകമാണെന്നു ഞങ്ങളുടെ അജഗണങ്ങൾക്കു മുന്നറിയിപ്പു നൽകേണ്ടതു ഞങ്ങളുടെ കർത്തവ്യമായി കരുതുന്നു.

വിവാഹത്തിൻെറ പ്രാഥമികോദ്ദേശ്യം മനുഷ്യകുലത്തിൻെറ വിപുലീകരണമാണ്. മനഃപൂർവ്വം ജനനത്തെ നിയന്ത്രിക്കുന്നതോ ജീവനെ നശിപ്പിക്കുന്നതോ കൊലപാതകത്തിനു ഏതാണ്ടു തുല്യമായ ഒരു പാപമാണ്. കൃത്രിമജനനനിയന്ത്രണോപകരണങ്ങളുടെ ഉപയോഗം കുടുംബജീവിതത്തെ വിഷലിപ്തമാക്കുകയും സ്വാർത്ഥപരമായ ഒരു വാസനയും ഭൗതികമാത്രമായ ഒരു ജീവിതവീക്ഷണവും സാമൂഹ്യവും സാമ്പത്തികവുമായ ക്രമക്കേടുകളും വളരുവാൻ നിദാനമായി ഭവിക്കുകയുംചെയ്യും. മതപരമായ പരിഗണനകൾക്കു പുറമെ, സാമൂഹ്യജീവിതത്തിൻെറയും ധാർമ്മികമായ ശിക്ഷണത്തിൻെറയും താല്പര്യങ്ങളെ പുരസ്കരിച്ചു സ്വാഭാവികനിയമങ്ങൾ ആദരിച്ചനുഷ്ഠിക്കേണ്ടതു പരമപ്രാധാന്യമർഹിക്കുന്ന ഒരു കാര്യമാണ്. കത്തോലിക്കാസഭ മാത്രമല്ല ഭാരതത്തിൻെറ പാരമ്പര്യവും കുടുംബജീവിതത്തിൻെറ പാവനത സദാ ഭദ്രമായി മാനിച്ചുപോന്നിട്ടുണ്ട്. ആ അമൂല്യപാരമ്പര്യം സംരക്ഷിച്ചുകൊണ്ടുപോകേണ്ടതാണ്.

1936 മാർച്ച് 28-ാംനു-യിലെ "ഹരിജൻ" പത്രത്തിൽ മഹാത്മാഗാന്ധി എഴുതിയ ഒരു ലേഖനത്തിൽ ഇങ്ങനെ പ്രസ്താവിക്കുന്നു: "കൃത്രിമോപാധികൾ മുഖേനയുള്ള സന്താനനിയന്ത്രണത്തിനു അനുകൂലമായുള്ള പ്രചാരവേലമൂലം ഉണ്ടാകാവുന്ന ഏററവും ഗുരുതരമായ വിപത്തു പഴയ ആദർശത്തിൻെറ നിരാകരണവും അതിൻെറ സ്ഥാനത്തു ഒരു നവീനാദർശത്തിനു നൽകുന്ന പ്രതിഷ്ഠയുമാണ്. ഈ നവീനാദർശം പ്രയോഗത്തിൽ വരുന്നപക്ഷം മനുഷ്യകുലം ധാർമ്മികമായും കായികമായും അസ്തമിക്കാൻ ഇടവരുന്നതായിരിക്കും. ഒരുതരം കൃത്രിമോപാധികൾ മുൻപുണ്ടായിരുന്നു; ഇനിയുമുണ്ടായിരിക്കുകയുംചെയ്യും. എന്നാൽ അവയുടെ ഉപയോഗം പാപകരമായി പരിഗണിക്കപ്പെട്ടിരുന്നു. തിന്മയെ നന്മയെന്നുവിളിച്ചു പുകഴ്ത്തിക്കാട്ടേണ്ട ദൗർഭാഗ്യം നമ്മുടെ തലമുറയ്ക്കായി സംവരണംചെയ്യപ്പെട്ടിരിക്കുന്നു. കൃത്രിമോപാധികളുടെ പ്രണേതാക്കൾ ഇന്ത്യയിലെ യുവലോകത്തോടു ചെയ്യുന്ന ഏററവും കഠോരമായ അപരാധം, തെററന്നു എനിക്കുതോന്നുന്ന ഒരു സിദ്ധാന്തം ഭാരതീയയുവഹൃദയങ്ങളെ മലിനമാക്കുകയായിരിക്കും. ഭാരതത്തിൻെറ ഭാഗധേയങ്ങൾ വഹിക്കുന്ന ഇന്ത്യയിലെ യുവതീയുവാക്കന്മാർ ഈ ഭൂതത്തെപ്പററി കരുതലോടെയിരിക്കുകയും തങ്ങൾക്കു ദൈവദത്തമായ അമൂല്യസമ്പത്ത് അവർ പരിരക്ഷിക്കുകയും, അവർക്കിഷ്ടമെങ്കിൽ അതു ഏതുദ്ദേശത്തിനുവേണ്ടി നൽകപ്പെട്ടിരിക്കുന്നുവോ ആ ഉദ്ദേശത്തിനുവേണ്ടിമാത്രം വിനിയോഗിക്കുകയും ചെയ്യട്ടെ."

ദാമ്പത്യത്തിൻെറ പ്രാഥമികലക്ഷ്യത്തെ വിഫലീഭവിപ്പിക്കുന്ന ഏതെങ്കിലും സമ്പ്രദായം ആലംബമാക്കാവുന്നതല്ലെന്നുള്ള കാര്യം വിശ്വാസികൾ സദാ ശ്രദ്ധാപൂർവ്വം സ്മരിക്കേണ്ടതാണ്.

നിശ്ചയങ്ങൾ

ജനസംഖ്യാവർദ്ധനവിനെ തടയുന്നതിനു കുടുംബത്തിലെ അംഗസംഖ്യ പരിമിതപ്പെടുത്തുവാനായി കുടുംബസംവിധാനത്തെപ്പററി ഈ രാജ്യത്തു പ്രചാരവേല നടന്നുവരുന്നതിനാലും; കൃത്രിമോപാധികളുടെ വിനിയോഗം, വന്ധീകരണം, ഗർഭംഛിദ്രിപ്പിക്കൽ മുതലായ സന്താനനിയന്ത്രണകൃത്രിമപരിപാടികൾ ഈ ആവശ്യത്തിനു നിർദ്ദേശിക്കപ്പെട്ടിരിക്കുന്നതിനാലും; സ്വാഭാവികധാർമ്മികനിയമത്തിൻെറയോ ദൈവികനിയമത്തിൻെറയോ വീക്ഷണകോണത്തിലൂടെ അഭിവീക്ഷിച്ചാലും ഈദൃശസമ്പ്രദായങ്ങൾ അവതരിപ്പിക്കുകയോ പ്രായോഗികമാക്കുകയോ ചെയ്യുന്നതു സ്വതവേ തിന്മയാകയാലും; അത്തരം നടപടികൾ പ്രോത്സാഹിപ്പിക്കപ്പെട്ടാൽ രാഷ്ട്രത്തിനു ധാർമ്മികവും സാമ്പത്തികവും രാഷ്ട്രീയവും സാമൂഹ്യവുമായി വിപൽക്കരങ്ങളായ ഭവിഷ്യത്തുകൾ വരുത്തിക്കൂട്ടുമെന്നുള്ളതിനാലും; ഇക്കാര്യത്തിൽ എന്തെങ്കിലുംതരം പ്രചാരവേല നടക്കുന്നുണ്ടോയെന്നു സദാ ശ്രദ്ധയോടെ വീക്ഷിച്ചുപോരുവാനും ആവശ്യമെന്നുകാണുന്നിടത്തു ഇത്തരം നാശകരമായ നടപടികൾമൂലം ഉളവാകാവുന്ന തിന്മകളെപ്പററി വിശ്വാസികൾക്കു മുന്നറിയിപ്പു നൽകുവാനും വൈദികരെ ഉൽബോധിപ്പിക്കേണ്ടതാണെന്നു തീരുമാനിക്കുന്നു.

(ഏറണാകുളം മിസ്സം)

Church Distribution
Pictures
ഭക്തിപരമായ ചെറിയ പടങ്ങൾ, ചരമവാർഷിക പടങ്ങൾ എല്ലാതരങ്ങളും—കട്ടിയുള്ള ആർട്ട്പേപ്പറിൽ ഭംഗിയുള്ള നിറങ്ങളിൽ അച്ചടിച്ചിട്ടുള്ളത്.
പ്രഥമദിവ്യകാരുണ്യസ്വീകരണ സ്മാരകങ്ങൾ, വിവിധവലിപ്പത്തിലുള്ള ഫാത്തിമാചിത്രങ്ങൾ — കുറഞ്ഞ വിലനിരക്ക്.
1952-ലെ ഫാത്തിമാകലണ്ടറുകൾ—വില 100 ക്കു 40 ക. യും 16 ക. യും.
65തരം ചെറിയചിത്രങ്ങളുടെ സൗജന്യകാററലോഗിനു 1 ക. 4 ണ. യ്ക്കു തപാൽ സ്റ്റാമ്പയക്കുക.
എഴുത്തുകൾ ഇംഗ്ലീഷിൽമാത്രം
Fatima Publications,
58/3 Dubash Chambers,
Kumpta Street, Ballard Estate,
Bombay 1

# Sathya Deepam

Vol. 25 — Ernakulam November 14, 1951 — No. 13


പുസ്തകാഭിപ്രായം

## ഒരു ക്രൈസ്തവകവിക്കൂടി

ശ്രീ കമ്പളം ഏലിയാസ് ജി. ഫർണാൻഡസ് എഴുതിയ "ആദ്ധ്യാത്മികാരാമ"മെന്ന നവീനകൃതിയിലെ പ്രഥമ പദ്യം

"സർവ്വദായെന്റെ പിന്നാലെ
നിർവ്വിശങ്കം ഗമിപ്പവൻ
അന്ധകാരേ നടക്കുന്നി-
ല്ലെന്നു ചൊന്നേശു തമ്പുരാൻ"

എന്നു വായിച്ചപ്പോഴെ എനിക്കു തോന്നിയതു് "കൊള്ളാം കവികളില്ലാത്ത ക്രൈസ്തവസമുദായത്തിനിതാ ഒരു കവി കൂടി ജനിച്ചിരിക്കുന്നു" എന്നാണ്.

"ഈശ്വരൻ-നിരർത്ഥമാപ്പദം പറ
ഞ്ഞിനി-
ശ്ശാശ്വതമാക്കാനാകാ ഞങ്ങൾതന്ന
ടിമത്തം"

ഇതാണു് ഇന്നത്തെ പോക്കു്.

"ഏകോദേവഃ സർവ്വഭൂതേഷു ഗൂഢഃ
സർവ്വവ്യാപി സർവ്വഭൂതാന്തരാത്മാ"
"ബ്രഹ്മം സത്യം ജഗന്മിഥ്യാ"

എന്നെല്ലാം പണ്ടു്.

എല്ലാം മാറി മറിയുകയാണ്. പ്രസംഗമണ്ഡപങ്ങളിൽനിന്നും മുദ്രാലയങ്ങളിൽനിന്നും, കുറഞ്ഞൊരു കാലമായി, കേരളത്തിൽ ചെവി വട്ടംപിടിച്ചു രസിക്കുന്നതു, ചൂടാറാതെ വാങ്ങി വായിക്കുന്നതു് എല്ലാം ഈശ്വരനിഷേധാത്മകങ്ങളായ കൃതികളാണു്. ഇക്കാലത്തു് ചെലവാകുന്ന ചരക്കുകളാണു്. എന്തൊരു ദൗർഭാഗ്യം! എന്തൊരു യുക്ത്യാഭാസം!

മതം വേണ്ടെന്നു പറയുന്നതും ഈശ്വരനില്ലെന്നു പറയുന്നതും രണ്ടുംരണ്ടല്ല, ഒന്നു തന്നെയാണു്. മതം കൈപ്പു് അല്ലെങ്കിൽ കറുപ്പ് — രണ്ടിനും കൈപ്പുതന്നെ. ആർക്കു്?

ദൈവമില്ല; മതമില്ല; ഈശ്വരനില്ല; ആത്മാവില്ല; നരകമില്ല; മോക്ഷമില്ല; ഒന്നുമില്ല. വാദിക്കു.

ഇല്ലാവാദികളുടെ കഥ പോകട്ടെ!

ആസ്തിക്യവാദികൾക്കു്,

ഈശ്വരസാന്നിദ്ധ്യത്തിലെത്തി നിത്യാനന്ദപദമനുഭവിച്ചാസ്വദിക്കാനുള്ള മാർഗ്ഗനിർദ്ദേശം ചെയ്യുന്ന സുന്ദരസോപാനമാണു മതം.

വികാരസ്പർശമേല്ക്കുന്ന സദാചാരസംഹിതയാണു് മതം.

വികാരത്തിന്റെ അഗാധതയിലും ഭാവനയുടെ ഔന്നത്യത്തിലും ജീവിക്കുന്നതാണു് മതം.

ഈ സ്ഥിതിക്കു സൗന്ദര്യദർശകനായ കലാകാരനും ഭാവനോന്നതനായ മതസ്ഥനും തമ്മിൽ ഉററബന്ധമുണ്ടു്. സദാചാരബോധത്തിന്റെ ആണിക്കല്ലാണു മതമെങ്കിൽ ആ കല്ല് പിഴുതുകളയാനാണു് നരകമണ്ഡലികൾ അലമുറുക്കുന്നതും തലയിൽ കെട്ടുന്നതും. ഈ അരേക്കെട്ടും തലേക്കെട്ടും ഉടഞ്ഞിയതു ഇന്നുമിന്നലെയുമല്ല നരകവാസികൾ. ഓരോരോ കാലഘട്ടങ്ങളിൽ ഓരോരോ രൂപങ്ങളാണവ രേട്ടക്കുക. അത്രമാത്രം.

പക്ഷേ ജനസമുദായം ഈ വസ്തുത ഗ്രഹിക്കേണ്ടതല്ലേ? ഗ്രഹിക്കുവാനവർക്കു് സൗകര്യം നൽകേണ്ടതല്ലേ? എന്നുള്ള പ്രശ്നങ്ങളാണിന്നു് സാത്വികലോകത്തെ ഇറിച്ചുനോക്കുന്നതു്. താദൃശപ്രശ്നങ്ങളുടെ സമ്യക്കായ ഉത്തരങ്ങളാണു് സാത്വികപ്രസിദ്ധീകരണങ്ങൾ.

"ക്രിസ്ത്വാനുകരണം" പാശ്ചാത്യലോകത്തിറങ്ങിയിട്ടു ശതാബ്ദങ്ങൾ പലതായി. എന്നിട്ടും അതിനൊരു പുരാതനത്വമില്ല; നവീനത്വവുമില്ല; നിത്യസത്യങ്ങളാണതിന്റെ ഉള്ളടക്കം.

മലയാളത്തിലതിനു് മൂന്നോ നാലോ ഗദ്യവിവർത്തനങ്ങളുണ്ടായിട്ടുണ്ടു്. പദ്യത്തിലതാദ്യമാണാവിഷ്ക്കരിക്കുക.

നീതിസാരം, ഗുണപാഠം, അമരകോശം ഇവയെല്ലാം മനഃപാഠമാക്കേണ്ട കൃതികളാണല്ലോ. അതുപോലെ മനഃപാഠമാക്കേണ്ടതാണു് ക്രിസ്ത്വാനുകരണവും.

അതിനു പദ്യകൃതികൂടാതെ കഴിവില്ല. അക്കാര്യമാണു് സ്തുത്യർഹമായവിധത്തിൽ ശ്രീ ഫർണാൻഡസ് ഇപ്പോൾ വഹിച്ചു കേരളീയരുടെ നന്ദിക്കു പാത്രമായിത്തീർന്നിരിക്കുന്നതു്.

സ്വരമേററം ശ്രവിച്ചാലും
നിറയുന്നില്ല കാതുകൾ
ചിരം വീക്ഷിക്കിലും നേത്രം
പരിതൃപ്തിയടഞ്ഞിടാ (പേജ് 3)
"മറിവേല്പിക്കിലും ധൂർത്തർ
പത്രം ചുട്ടു കരിക്കിലും
മുഷ്ടിനു കീഴടങ്ങാതെ
മരിപ്പോളം തടുക്കുവിൻ"
(ഒരൽബോധനം)

തത്വോപദേശത്തിനു് ഏററവും പററിയതാണു് അനുഷ്ടുപ്പുവൃത്തം. ആദ്യത്തെ രണ്ടദ്ധ്യായങ്ങളും വളരെ നന്നായിട്ടുണ്ടു്. കുമാരനാശാന്റെയും ശ്രീ ഫർണാൻഡസിന്റെയും ഓരോ പദ്യങ്ങൾ ഒരേവൃത്തത്തിലിട്ടിരിക്കുന്നതിൽനിന്നു രണ്ടുപേരുടേയും കാവ്യകലാസ്വാധീനം വിവേചനചെയ്യാനുള്ള സൗകര്യമുണ്ടല്ലോ.


ഡെപ്പോസിററുകൾ
2 കൊല്ലം കാലാവധി, മാസത്തിൽ
100 ക്കു് 6 ണ. പലിശയും.
ബാങ്ക് ഓഫ് കൊച്ചിൻ
ക്ലിപ്തം, എറണാകുളം
ബ്രാഞ്ചുകൾ:
മട്ടാഞ്ചേരി, വില്ലിംഗ്ഡൺ
ഐലന്റ്, ചാലക്കുടി, തൃശ്ശൂർ


ശ്രീ ഏലിയാസിന്റെ കവിതാസരണി സ്വയംപ്രവാഹിയും ധാരാവാഹിയുമാണു്. അത്ര സ്ഫടികസങ്കാശവും ലളിതവും അർത്ഥസ്ഫുടവുമാണെന്നുള്ളതിനും ദ്വിപക്ഷമില്ല.

ഈദൃശകൃതികളിൽ, സദാചാരനിർഭരങ്ങളായ വാക്യമുക്തകങ്ങളിൽ, കാവ്യമധുരിമയെക്കാൾ തത്വരസങ്ങളെയാണു് അനുവാചകരാസ്വദിക്കാൻ പ്രതീക്ഷിക്കുകയെന്നു നാം വിസ്മരിക്കരുതു്.

ശ്രീ ഏലിയാസ് മററു കവിതാഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ടോയെന്നു നിശ്ചയമില്ല. അദ്ദേഹത്തിന്റെ തൂലികയ്ക്കു കവിതാരചനയിൽ തഴക്കമുണ്ടെന്നു കാണാമെങ്കിലും, സദാചാരതത്വസംഹിതകളുടെ മകുടാലങ്കാരമായ ക്രിസ്ത്വാനുകരണവിവർത്തനം സമർത്ഥമായിക്കഴിഞ്ഞുവോ യെന്നു തീർത്തു പറയുക എളുപ്പമല്ല. അത്രമാത്രം ശ്രമസാദ്ധ്യമായ ഒരു പ്രവൃത്തിയാണു കവി സമാരംഭിച്ചതു്.

1. സ്വയമുള്ളിനല്ലശാന്തിയാന്ന-
ക്ഷയഭാഗ്യത്തിനു പാത്രവാനമാ
വാൻ (പേജ് 121)

2. നരനന്വേഷണം നടത്തിയില്ല
(പേജ് 120)

3. ദുരിതാഭോഗമുർത്താരിൽ
(പേജ് 126)

4. എന്നേശുവോതി ദൃഷ്ടാന്തം
നന്നായിങ്ങളവാക്കിനാൻ
(പേജ് 126)

5. വന്ദ്യമാം മോക്ഷരാജ്യത്തിൽ
(പേജ് 127)

6. ആത്മജനാൽ പാവനമായൊരി
ക്കുരിശ്ശിൽ
(പേജ് 119)

7. ഒരേകമാർഗ്ഗം
(പേജ് 119)

... ... നിത്യം
ആത്മവിശ്വാസവാഞ്ഛയും
(പേജ് 112)

ഇങ്ങനെ ചില അപഭ്രംശങ്ങളും അഭംഗികളും അവിടവിടെ കാണാനുള്ളതു അനവധാനതയുടെ ഫലമാണെന്നേ കരുതേണ്ടു. വിദ്യാർത്ഥികളുംമററും മനഃപാഠമാക്കേണ്ട കൃതിയായതുകൊണ്ടല്ലെങ്കിൽ ഇവ എടുത്തു കാണിക്കേണ്ടതായിട്ടുതന്നെ വരികയില്ലായിരുന്നു.

(12 അദ്ധ്യായങ്ങൾ; 127 പേജുകൾ വില രൂ. 1. ശാരദാപ്രസ്സ്—കൊല്ലം.)

(സി. കെ. എം.)

## "ആത്മാവിനോടു്"

[ഹിന്ദി "ഛോഡ് ഗയേബാലം" എ. മ.]

കേഴണം ആത്മാവേ, മിഴിനീരിലാഴും യാതനകൾ,
വാഴണം ആത്മാവേ, കരുണാകടാക്ഷ വാരിധിയിൽ,
തേറണം ആത്മാവേ, കറമായുവാനായ് കൂറൊട്ടന്നി,
പാറണം ആത്മാവേ, കമനീയദീപ്തിപൂരിതനായ്.

പാപഭാരമൊരു തോളിലേന്തി കാൽവരിമാമലയേറി,
പാരിതിനാമയഭീതികൾ പോക്കിയ പാലകനേപ്രതി നീയും
(കേഴണം ... ...

ശാന്തിയകന്നൊരു ലോകമിതഖിലം ശാന്തിയണഞ്ഞുരുമോദം
കാന്തശലാകയിൽ കാരിരുമ്പാണിപോൽ കാണമാററകണമെങ്കിൽ
(തേറണം ... ...

ജീവൻ, മുയിരും, ദീപവുമായ നാഥനെ വാഴ്ത്തുക നമ്മൾ
പാവനതനയൻ, പാരിനുജനകൻ കാരുണ്യം കാട്ടിടുമെന്നും
(പാറണം ... ...

— വറുഗീസ് ജെ. മാളിയേക്കൽ.

സമ്പാദിക്കേണ്ടിയിരുന്നു. ആകയാൽ അവരൊരു പരീക്ഷണഘട്ടം തരണംചെയ്യണമെന്നു് ദൈവം നിശ്ചയിച്ചു. ആ ഘട്ടത്തിൽ ദൈവത്തോടു് വിശ്വസ്തത പാലിച്ചവർക്കു് ദൈവദർശനം ലഭിക്കയും അവർ അടെസൗഭാഗ്യം മകുടമണിയുകയുംചെയ്തു. വിശ്വസ്തതപാലിക്കാതിരുന്നവർശിക്ഷാർഹരായി ഭവിക്കയുംചെയ്തു. അവരെ ഉദ്ദേശിച്ചാണു് വേദപുസ്തകത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നതു്: "പാപംചെയ്ത മാലാഖമാരോടു് ദൈവം ദയചെയ്തില്ല. പിന്നെയോ, അവരെ അന്ധകാരശൃംഖലകൾകൊണ്ടു് (ബന്ധിക്കപ്പെട്ടവരായി) പാതാളങ്ങളിൽ തള്ളിയിടുകയും ശിക്ഷാവിധിക്കായി സൂക്ഷിക്കപ്പെടുവാൻ അവരെ ഏല്പിച്ചുകൊടുക്കുകയും ചെയ്തു." (II Peter 2, 4). "സാത്താൻ ഇടിമിന്നൽപോലെ ആകാശത്തുനിന്നു വീണതു ഞാൻ കാണുകയുണ്ടായി." (ലൂക്ക 10, 18). "പിന്നെ സ്വർഗ്ഗത്തിൽ ഒരു യുദ്ധമുണ്ടായി. മിഖായേലും അവന്റെ ദൂതന്മാരും സർപ്പത്തോടു് യുദ്ധം ചെയ്യുവാൻ (വന്നു.) സർപ്പവും അവന്റെ ദൂതന്മാരും യുദ്ധംചെയ്തു. എങ്കിലും ഇവർ ജയിച്ചില്ല, സ്വർഗ്ഗത്തിൽ ഇവരുടെ സ്ഥലം പിന്നീടു് കാണപ്പെട്ടുമില്ല." (വെളി. 12, 7&8). മാലാഖമാർക്കു് ദൈവദർശനവും പരിപൂർണ്ണഭാഗ്യവും ലഭിക്കുന്നതിനു് മുമ്പാണു് ഇങ്ങനെ സംഭവിച്ചതു്. അവ ലഭിച്ചശേഷം, അതായതു് പൂർണ്ണമായ അർത്ഥത്തിൽ അവർക്കു സ്വർഗ്ഗഭാഗ്യം കൈവന്നശേഷം, ഇങ്ങനെ സംഭവിക്കുക സാദ്ധ്യമല്ല.

### ചോദ്യോത്തരപംക്തി

ചോ. സ്വർഗ്ഗത്തിൽ പാപം പ്രവേശിക്കുമോ? പിന്നെ എങ്ങനെയാണു് മാലാഖമാർ പാപംചെയ്തു എന്നു പറയുന്നതു്?

ഉ. ദൈവത്തെ അഭിമുഖമായി ദർശിക്കുന്നതിലാണു് സ്വർഗ്ഗീയസൗഭാഗ്യം അടങ്ങിയിരിക്കുന്നതു്. ഈ ഭാഗ്യം അനുഭവിക്കുന്ന മാലാഖമാർക്കാകട്ടെ, വിശുദ്ധാത്മാക്കൾക്കാകട്ടെ പാപംചെയ്യുക സാദ്ധ്യമല്ല. ഈ അർത്ഥത്തിൽ, സ്വർഗ്ഗത്തിൽ പാപം പ്രവേശിക്കുകയില്ല എന്നു പറയാവുന്നതാണു്. പാപികൾക്കു് സ്വർഗ്ഗപ്രവേശം ലഭിക്കയില്ല എന്ന അർത്ഥത്തിലും ഈ പ്രസ്താവം ശരിയാണു്. എന്നാൽ മാലാഖമാരെ സംബന്ധിച്ചിടത്തോളം, അവർ സ്വാതന്ത്ര്യമനസ്സുപയോഗിച്ചു് സ്വർഗ്ഗഭാഗ്യത്തിനുള്ള അർഹത

## കൊല്ലം വികാരിജനറാൾ

ഫാത്തിമാകോളെജിന്റെ മാനേജർ സ്ഥാനത്തേക്കു മാററപ്പെട്ട റവ. ഫാ. ഗ്രേഷ്യൻ ഫെർണാണ്ടസിനു പകരം കൊല്ലം രൂപതയുടെ വികാരിജനറാളായി റവ. ഫാ. ബർണാർഡു് ഡിക്രൂസിനെ നിയമിച്ചിരിക്കുന്നു.


*Permissu Ecclesiastico*
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam